www.malankaralibrary.com



"അവൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ സ്വർഗ്ഗം തുറക്കപ്പെട്ടു.
പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ അവന്റെമേൽ ഇറങ്ങിവന്നു.
സ്വർഗ്ഗത്തിൽ നിന്ന് ഒരു സ്വരവും ഉണ്ടായി: നീ എന്റെ പ്രിയപുത്രൻ,
നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" (ലൂക്ക. 3:21-22)



# പ്രാർത്ഥനാമലർ

## പ്രാർത്ഥനയ്ക്കൊരു വഴികാട്ടി

ജോസഫ് ചക്കാലമുറിയിൽ

www.malankaralibrary.com



## മാർ കൂറിലോസ്

''കർത്താവേ, പ്രഭാതത്തിൽ അങ്ങ് എന്റെ പ്രാർത്ഥന കേൾക്കുന്നു; പ്രഭാതബലി ഒരുക്കി ഞാൻ അങ്ങേയ്ക്കായി കാത്തിരിക്കുന്നു'' (സങ്കീ. 5:3). ചക്കാലമുറിയിൽ ശ്രീ. ജോസഫ് സാർ പ്രാർത്ഥനയെപറ്റി ഒരു സാധാരണ വിശ്വാസി എന്ന നിലയിൽ രചിച്ച 'പ്രാർത്ഥനാമലർ' എന്ന പുസ്തകം വായിച്ചുനോക്കി. പ്രാർത്ഥിക്കേണ്ടത് എങ്ങനെയാണെന്നും, എപ്പോഴൊക്കെയാണെന്നും, ജീവിതത്തിൽ പ്രാർത്ഥനയുടെ സ്ഥാനം എന്താണെന്നും ഈ പുസ്തകത്തിൽ പ്രതിപാദിക്കുന്നു.



## മാർ ജോസഫ് പെരുന്തോട്ടം

തന്റെ ജീവിതത്തിൽ ആർജ്ജിച്ചെടുത്തതും മറ്റുള്ളവർക്ക് പറഞ്ഞുകൊടുത്തതും, നിരന്തരം അഭ്യസിക്കുന്നതുമായ ചിന്താശകലങ്ങളാണ് 'പ്രാർത്ഥനാമലർ' എന്ന ഗ്രന്ഥത്തിലൂടെ ശ്രീ. ജോസഫ് ചക്കാലമുറിയിൽ വായനക്കാർക്ക് പകർന്നു നൽകുന്നത്. കുടുംബജീവിതമാകുന്ന ബലിവേദിയിൽ പ്രാർത്ഥന ഒരുവന് എത്രമാത്രം കരുത്തും ശാന്തതയും പകർന്ന് നൽകുന്നുവെന്ന് ഗ്രന്ഥകാരൻ വരികൾക്കിടയിലൂടെ പ്രസ്താവിക്കുന്നുണ്ട്.



## മാർ ജോസഫ് പവ്വത്തിൽ

ശ്രീ. ജോസഫ് ചക്കാലമുറിയിൽ 'പ്രാർത്ഥനാ മലർ' എന്ന ഗ്രന്ഥം തയ്യാറാക്കിയിരിക്കുന്നു. പ്രാർത്ഥിക്കുവാൻ പഠിക്കുന്നതിനും, പ്രാർത്ഥനയെക്കുറിച്ച് കൂടുതൽ മനസിലാക്കുന്നതിനും, ഇതു ഉപകരിക്കുമെന്ന് കരുതട്ടെ. പ്രാർത്ഥനയുടെ വിവിധ തലങ്ങളെക്കുറിച്ചും ഈ ഗ്രന്ഥത്തിൽ പ്രതിപാതിക്കുന്നുണ്ട്. ഗ്രന്ഥകർത്താവിനെ അഭിനന്ദിക്കുന്നു. ഒപ്പം എല്ലാവർക്കും നല്ലൊരു വായനാനുഭവവും ആശംസിക്കുന്നു.



## ഫാ. പ്രശാന്ത് ഐ.എം.എസ്., ഡയറക്ടർ ഐ.എം.എസ്. ധ്യാനഭവൻ

25 വർഷമായി ഞങ്ങളുടെ ധ്യാന ടീമിൽ പ്രവർത്തിക്കുന്ന ശ്രീ. ചക്കാലമുറിയിൽ സാർ എഴുതിയ 'പ്രാർത്ഥനാമലർ' പ്രാർത്ഥനാ ജീവിതത്തിൽ വളരുവാൻ സഹായകരമായ ഒന്നാണ്.



## യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ

അർത്ഥപൂർണ്ണമായ പ്രാർത്ഥനാനുഭവത്തിന് ഈ ചെറുഗ്രന്ഥം സഹായകമാകും. 'പ്രാർത്ഥിച്ചുതന്നെ പ്രാർത്ഥന പഠിക്കണമെന്ന' ഗ്രന്ഥകാരന്റെ അഭിപ്രായത്തിന് അടിവരയിടുന്നു. എല്ലാ ആശംസകളും നേരുന്നു.



## മല്പാൻ ഡോ. മാത്യു വെള്ളാനിക്കൽ

പ്രാർത്ഥന ശരിയായവിധം ദൈവമനുഷ്യ സംഭാഷണമായി തീരുന്നില്ലെങ്കിൽ അതിലൂടെ ലഭിക്കുന്ന പ്രാർത്ഥനാനുഭവം ശരിയായ ദൈവാനുഭവമാകുകയില്ല. സഭയുടെ പ്രാർത്ഥനാനുഭവം നുകർന്ന് ആ ദൈവാനുഭവം വ്യക്തിപരമായ പ്രാർത്ഥനയിലും കുടുംബപ്രാർത്ഥനയിലും ഉൾക്കൊള്ളേണ്ടവരാണ് ക്രൈസ്തവർ. സന്യസ്തർക്കും, സമർപ്പിതർക്കും ഈ രീതിയിലുള്ള പ്രാർത്ഥനാനുഭവം ഉണ്ടാകണം. അതിന് പ്രാർത്ഥനയെക്കുറിച്ചുള്ള ശരിയായ കാഴ്ചപ്പാടുകൾ നേടുകയും അതിനനുസൃതമായി പ്രാർത്ഥിക്കുവാൻ ശ്രമിക്കുകയും വേണം. ഇതിന് സഹായകരമായ ഒരു ഗ്രന്ഥമാണ് ശ്രീ. ജോസഫ് ചക്കാലമുറിയിൽ ഇപ്പോൾ പ്രസിദ്ധീകരിക്കുന്ന 'പ്രാർത്ഥനാ മലർ.'

www.malankaralibrary.com



# പ്രാർത്ഥനാമലർ

പ്രാർത്ഥനയ്ക്കൊരു വഴികാട്ടി

ജോസഫ് ചക്കാലമുറിയിൽ MA (RSc.)

www.malankaralibrary.com

## ഉള്ളടക്കം


| | | |
|---|---|---|
| 1. | ഒരുങ്ങിയിട്ട് പ്രാർത്ഥിക്കാം | 16 |
| 2. | പ്രാർത്ഥനയും ജീവിതവും | 20 |
| 3. | പ്രാർത്ഥനയും അരൂപിയും | 25 |
| 4. | പ്രാർത്ഥയും വചനവും | 29 |
| 5. | പ്രാർത്ഥനയും കുർബാനയും | 35 |
| 6. | പ്രാർത്ഥനാശൈലികൾ | 38 |
| 7. | പ്രാർത്ഥനാജീവിതവും മനുഷ്യബന്ധങ്ങളും | 41 |
| 8. | പ്രാർത്ഥനയുടെ വിവിധ വശങ്ങൾ | 48 |
| 9. | യേശുവിന്റെ പ്രാർത്ഥനാനുഭവം | 53 |
| 10. | പ്രാർത്ഥന ഒരു ദൈവികദാനം | 61 |
| 11. | വചനാധിഷ്ഠിത പ്രബോധനങ്ങൾ | 65 |
| 12. | എന്റെ ജീവിതത്തിലെ അവിസ്മരണീയമായ പ്രാർത്ഥനാനുഭവം | 69 |


**ഗ്രന്ഥകർത്താവിന്റെ കൃതികൾ**

1) ചെങ്ങരൂർ കത്തോലിക്കാ പള്ളിയുടെ യഥാർത്ഥചരിത്രം (കൈയ്യെഴുത്തുപ്രതി)
2) പ്രാർത്ഥനാനുഭവ ധ്യാനമലർ
3) പ്രാർത്ഥനാമലർ
4) ആന്തരീകസൗഖ്യം
5) ആരാമത്തിലെ ശതമലർ (പണിപ്പുരയിൽ)
6) ആന്തരികമുറിവും സൗഖ്യവും


**Prardhana Malar**
(malayalam)

First Edition: March 2018



Author
**Joseph Chackalamuriyil M.A. (RSc.)**
Chanjody, Manthanam P.O., 689 581
Phone: 0469 2693324, 9446195534
E-mail: josephchackalamuriyil@gmail.com
Blog: http//josephchackalamuriyil.blogspot.com
Josephchackalamuriyil.+googleplus



Printed @
St. Joseph Orphanage Press, Changanacherry

Price: ₹ 80

www.malankaralibrary.com

# സമർപ്പണം

മാർത്തോമ്മാ മക്കളുടെ
പുണ്യവിധാത്രിക്ക്
''ക്രൈസ്തവ സഭാമാതാവിൻ
തനയരാം മർത്തോമ്മാ ക്രിസ്ത്യാനികൾ,
സമസ്തഗണ സോദരർക്കും
വായനാ പഠന മനന മാർഗ്ഗദർശി''

*(ഏതു സഭാവിഭാഗത്തിൽപ്പെട്ടാലും
നമ്മൾ ഏകോദരസഹോദരർ)*

www.malankaralibrary.com

## ആമുഖം

# പ്രാർത്ഥിക്കാൻ പഠിക്കണം

''കർത്താവേ, യോഹന്നാൻ തന്റെ ശിഷ്യരെ പഠിപ്പിച്ചതു പോലെ ഞങ്ങളെയും പ്രാർത്ഥിക്കാൻ പഠിപ്പിക്കുക'' (ലൂക്ക 11:1)

**എങ്ങനെ പ്രാർത്ഥിക്കാൻ പഠിക്കാം?**

പ്രാർത്ഥിച്ചുതന്നെ പഠിക്കണം. ഒരാൾ നീന്താൻ പഠിക്കുന്നത് കരയ്ക്കിരുന്ന് തിയറി പഠിച്ചല്ല. വെള്ളത്തിൽ കിടന്ന് സാഹസപ്പെട്ടുതന്നെ പഠിക്കണം.

പ്രാർത്ഥനയെന്നത് ദൈവവുമായുള്ള അടുപ്പവും ഐക്യവും സംഭാഷണവുമാണെങ്കിൽ ദൈവമാരെന്നും ബന്ധമെന്തെന്നും അറിയണമല്ലോ? ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യനിൽ ദൈവാത്മാവാണ് പ്രവർത്തിക്കുക. ദൈവം മനുഷ്യനെ സൃഷ്ടിച്ചത് ദൈവത്തിന് വസിക്കാനുള്ള ആലയമായിട്ടാണ്. സൃഷ്ടിയുടെ ആരംഭത്തിൽ ദൈവവുമായി നല്ല ബന്ധത്തിലായിരുന്നു. ഉൽപത്തിയിലോ പുറപ്പാടിലോ ഒന്നും കല്ലും തടിയും കൊണ്ടുള്ള വലിയ ദൈവാലയം ഇല്ലായിരുന്നു. എന്നാൽ രാജാക്കന്മാരുടെ കാലത്താണ് – (സോളമന്റെ)– വലുതും സുന്ദരവുമായ ദൈവാലയം പണിയപ്പെട്ടത്. അതിന് മുമ്പ് ദൈവം മനുഷ്യഹൃദയങ്ങളിൽ, മനുഷ്യനിൽ തനിക്ക് വസിക്കാനുള്ള ദൈവാലയം ഒരുക്കി. ദൈവം അബ്രാഹാമിലൂടെ ഭൂമിയിലെ ജനപദങ്ങളെ അനുഗ്രഹിച്ചു. ഭൂമിയിലെ കുടുംബങ്ങളെ നവീകരിച്ചു കുടുംബങ്ങൾ ദൈവാലയങ്ങളായി മാറി. ദൈവം കുടുംബങ്ങളിൽ വസിച്ചു. ദൈവം എപ്പോഴും മനുഷ്യഹൃദയങ്ങളിൽ, മനുഷ്യരുടെ ഇടയിൽ വസിക്കാൻ ആഗ്രഹിച്ചു. അതിന് മോശയെക്കൊണ്ട് സമാഗമകൂടാരവും സാക്ഷ്യപേടകവും നിർമ്മിച്ചു. ''ഞാൻ അവരുടെയിടയിൽ വസിക്കാൻ അവർ എനിക്ക് ഒരു വിശുദ്ധകൂടാരം സജ്ജമാക്കണം (പുറ. 25:8).

**ദൈവികസ്നേഹത്തിന് ഒരിക്കലും ഭംഗം വരില്ല**

''മലകൾ അകന്നുപോയേക്കാം. കുന്നുകൾ മാറ്റപ്പെട്ടേക്കാം. എന്നാൽ എന്റെ അചഞ്ചലമായ സ്നേഹം നിന്നെ പിരിയുകയില്ല. എന്റെ സമാധാന ഉടമ്പടിക്ക് മാറ്റം വരികയുമില്ല (ഏശ.54:10).

www.malankaralibrary.com

**ദൈവത്തിന്റെ അനുഗ്രഹം**

നാം ദൈവത്തെ അനുസ്മരിക്കാത്തപ്പോഴും നമ്മുടെ ഹൃദയവും മനസും പൂർണമായി ദൈവത്തിങ്കലേക്ക് ഉയർത്താത്തപ്പോഴും അവിടുന്നു നമ്മോടുകൂടെയിരുന്നു നമ്മേ അനുഗ്രഹിക്കുന്നുവെങ്കിൽ നമ്മുടെ ഹൃദയവും മനസും നാം പൂർണമായും ദൈവത്തിങ്കലേക്ക് ഉയർത്തിയാലത്തെ സ്ഥിതിയോ?

**നിരന്തരം പ്രാർത്ഥിക്കുക**

അഫ്രഹാത്തസ് എന്ന സഭാപിതാവ് പറഞ്ഞിരിക്കുന്നത് ''ഒരു ക്രിസ്ത്യാനി 24 മണിക്കൂറും പ്രാർത്ഥനയിലാണെന്നാണ്. അതായത് ഉറങ്ങുമ്പോഴും പ്രാർത്ഥനയിലാണെന്നാണ്. ചുരുക്കത്തിൽ നാം ജോലി ചെയ്യുമ്പോഴും ഉണ്ണുമ്പോഴും ഉറങ്ങുമ്പോഴും എല്ലാം പ്രാർത്ഥനയിലാണ്.

''എപ്പോഴും സന്തോഷത്തോടെയിരിക്കുവിൻ. ഇടവിടാതെ പ്രാർത്ഥിക്കുവിൻ. എല്ലാ കാര്യങ്ങളിലും നന്ദി പ്രകാശിപ്പിക്കുവിൻ. ഇതാണ് യേശുക്രിസ്തുവിൽ നിങ്ങളെ സംബന്ധിച്ചുള്ള ദൈവഹിതം'' (1 തെസ.5:16-17) ഇതാണ് പൗലോസ് ശ്ലീഹാ നമ്മെ പഠിപ്പിക്കുന്നത്.

**എന്തിനാണ് പ്രാർത്ഥിക്കുന്നത്?**

ദൈവവുമായുള്ള അടുപ്പവും ഐക്യവുമാണ് പ്രാർത്ഥന. നമ്മുടെ മനസും ഹൃദയവുമെല്ലാം ദൈവത്തിങ്കലേക്ക് ഉയർത്തി ദൈവവുമായി അലിഞ്ഞുചേരുന്നതാണ് പ്രാർത്ഥനയിൽ നാം സാധിക്കേണ്ടത്. ഈ ഒന്നാകലിനുവേണ്ടിയാണ് പ്രാർത്ഥിക്കുന്നത്.

**മഹാത്മഗാന്ധി പറയുന്നത്:**

''പ്രാർത്ഥയിൽ ഹൃദയത്തിനാണ് ബുദ്ധിയേക്കാൾ സ്ഥാനം'' യേശു പ്രാർത്ഥന വഴി പിതാവുമായി നിരന്തരബന്ധത്തിലായിരുന്നല്ലോ.

**സുന്ദർസിംഗ് സാധു പ്രാർത്ഥനയെക്കുറിച്ച് പറയുന്നത്:**

''ദൈവവുമായുള്ള ഒന്നുചേരൽ അഥവാ ഏകീഭാവമാണ് പ്രാർത്ഥന. ആവശ്യങ്ങൾക്കുവേണ്ടിയുള്ള അഭ്യർത്ഥന മാത്രമല്ല പ്രാർത്ഥന. ദൈവഐക്യത്തിനുവേണ്ടി ദൈവത്തോടുള്ള സംഭാഷണമാണ് പ്രാർത്ഥന. നമ്മുടെ ഉള്ളിൽ ലൗകായികത

www.malankaralibrary.com

പ്രവേശിക്കാതെ സൂക്ഷിക്കുന്നതിന് പ്രാർത്ഥന അനുപേക്ഷണീയമാണ്''.

സുഖങ്ങളും സമ്പത്തും വർദ്ധിച്ചുകിട്ടാനാണോ നാം പ്രാർത്ഥിക്കുന്നത്? കിട്ടിയ അനുഗ്രഹത്തിന് നാം നന്ദി പറയാറുണ്ടോ? ചെയ്തുപോയ തെറ്റിന് നാം മാപ്പ് അപേക്ഷിക്കാറുണ്ടോ? പത്തു കുഷ്ഠരോഗികൾ സൗഖ്യം പ്രാപിച്ചിട്ട് വിജാതിയനായ ഒരുവൻ മാത്രമേ തിരികെ വന്ന് യേശുവിന് നന്ദി പറഞ്ഞുള്ളൂ.

**നാം പ്രാർത്ഥിക്കുന്നത് വിശ്വാസത്തോടെയാണോ?**

പലപ്പോഴും ഒരു കടമ തീർക്കാൻ മാത്രം യാന്ത്രികമായി പ്രാർത്ഥിക്കുന്നവരാണ് ഇന്ന് കൂടുതലും. ഒരു അനുഭവവും പ്രാർത്ഥനയിൽ കൂടി ലഭിക്കാത്തവർ. എല്ലാം അൽപസമയത്തിനുള്ളിൽ ചൊല്ലിതീർക്കാൻ വെമ്പൽ കൊള്ളുന്നു. ഇത് ഒന്നു തീർത്തിട്ട് വേണം മറ്റ് പലതും ചെയ്യാൻ. അവിടെ വിശ്വാസം കാണില്ല. ''വിശ്വാസത്തോടെ പ്രാർത്ഥിക്കുന്നതെല്ലാം നിങ്ങൾക്ക് ലഭിക്കും'' (മത്താ. 21:22).

**ഒരേ മനസോടെ യോജിച്ച് ചോദിക്കുക**

ഒരേ മനസോടെ യോജിച്ച് ചോദിക്കാൻ സാധിക്കുന്നത് ഭാര്യാഭർത്താക്കന്മാർക്കാണ്. അതുപോലെ രണ്ടോ മൂന്നോ പേർ ഒന്നിച്ച് (ഒരേ മനസോടെ) കൂടാൻ എളുപ്പം സാധിക്കുന്നതും കുടുംബത്തിലാണ്. ''ഭൂമിയിൽ നിങ്ങളിൽ രണ്ടുപേർ യോജിച്ച് ചോദിക്കുന്ന ഏതു കാര്യവും എന്റെ സ്വർഗസ്ഥനായ പിതാവ് നിറവേറ്റിതരും. എന്നാൽ രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ ഒരുമിച്ച് കൂടുന്നിടത്ത് അവരുടെ മദ്ധ്യേ ഞാൻ ഉണ്ടായിരിക്കും'' (മത്താ. 18:19-20). ഇതിന് പറ്റിയത് കുടുംബമാണ്. ഭാര്യയും ഭർത്താവുമാണ്. മാതാപിതാക്കളും മക്കളുമാണ്. അതിനാൽ കുടുംബത്തിൽ യേശുവിന്റെ സാന്നിദ്ധ്യം അനുഭവിച്ചറിയണം. ഇത് പ്രാർത്ഥനയിൽ കൂടിയാണ് സാധിക്കേണ്ടത്.

**ഹൃദയവും മനസും പ്രാർത്ഥനയിൽ**

പ്രാർത്ഥനയിൽ നമ്മുടെ ഹൃദയവും മനസും ദൈവത്തിൽ ഉറപ്പിച്ചു നിർത്താൻ നാം ശീലിക്കണം.

വി. അഗസ്റ്റിൻ പറയുന്നു: ''നിങ്ങൾ അധരം കൊണ്ട് പാടൂ. ഹൃദയം കൊണ്ട് പാടൂ. ജീവിതം കൊണ്ട് പാടൂ. പ്രാർത്ഥനയും

www.malankaralibrary.com

ഗാനവുമെല്ലാം നമ്മുടെ ഹൃദയത്തെയും, ജീവിതത്തെയും തീർച്ചയായും സ്പർശിക്കുന്നതായിരിക്കണം. എങ്കിൽ മാത്രമേ ആ നാദം നമ്മുടെ ജീവിതത്തിൽ പ്രതിഫലിക്കുകയുള്ളൂ.

**പ്രാർത്ഥന സ്വർഗത്തിൽ കേൾക്കപ്പെടാനുള്ളതാണ്**

പഴയ കാലങ്ങളിൽ പള്ളികളിലും വീടുകളിലും അർത്ഥം മനസിലാക്കി ഹൃദയപൂർവ്വം ഗാനങ്ങൾ ആലപിക്കുന്നത് സ്വർഗത്തിൽ കേൾക്കപ്പെടുമായിരുന്നു. ഇന്ന് ഗാനമേളപോലെ പാട്ടുകാർ കീബോർഡൊക്കെ ഉപയോഗിച്ച് പാടുന്നു. ജനം കേൾവിക്കാർ മാത്രമാകുന്നു. ആ പ്രാർത്ഥന പലപ്പോഴും സ്വർഗ്ഗത്തിൽ കേൾക്കപ്പെടാതെ പോകുന്നു. ആളുകളുടെ മനം കുളിർപ്പിക്കുന്ന ഗാനാലാപം ആകാം. സ്വരമാധുര്യം ആസ്വദിച്ചുനിൽക്കുന്ന ജനത്തിന്റെ ഹൃദയം സ്വർഗത്തിലേക്ക് ഉയർത്തപ്പെടാതെ പോകുന്നതാകാം അതിന്റെ കാരണം.

നാം പ്രാർത്ഥിക്കുമ്പോൾ പകയും വൈരാഗ്യവും വച്ച് പുലർത്തുന്നുണ്ടോ? എങ്കിൽ അതു കേൾക്കപ്പെടുകില്ല. മാത്രമല്ല ആ പ്രാർത്ഥനയ്ക്ക് ഒരു ശക്തിയും ഇല്ല. വെറും അധരവ്യായാമമായി മാത്രം അത് രൂപപ്പെടുന്നു. നമ്മുടെ പാപങ്ങൾ മോചിക്കപ്പെടുകയുമില്ല (മത്താ. 6:15).

**എപ്പോഴൊക്കെയാണ് പ്രാർത്ഥിക്കുക?**

പ്രതിസന്ധികൾ ഉണ്ടാകുമ്പോൾ ഉള്ളുരുകി പ്രാർത്ഥിക്കും. പ്രശ്നങ്ങൾ ഇല്ലാത്തപ്പോൾ പ്രാർത്ഥിക്കാൻ മറന്നെന്നും വരാം. ഒരു പക്ഷേ അതുകൊണ്ടാണോ നാം പ്രശ്നങ്ങളിലേക്ക് വഴുതി വീഴുന്നത്? പ്രാർത്ഥനയുടെ അഭാവവും, ദൈവസഹായത്തിന്റെ പോരായ്മകളും മൂലമാണോ പ്രതിസന്ധികളിലേക്ക് നാം വീണുപോകുന്നത്?

ഉള്ളുരുകി പ്രാർത്ഥിക്കാനും, ദൈവഹിതം മാത്രം നിറവേറാനുംവേണ്ടി നമുക്ക് പ്രാർത്ഥിക്കാം. ഏകാഗ്രതയിൽ ഹൃദയവും മനസും ദൈവത്തിൽ അർപ്പിച്ച് പ്രാർത്ഥിക്കാൻ ദൈവസഹായം നമുക്ക് യാചിക്കാം. പരിശുദ്ധാരൂപി നമ്മെ സഹായിക്കും.

**ജോസഫ് ചക്കാലമുറിയിൽ**

www.malankaralibrary.com

# നന്ദിയുടെ ഒരു വാക്ക്

''ഭാവിതലമുറയ്ക്കുവേണ്ടി, ഇനിയും ജനിച്ചിട്ടില്ലാത്ത ജനം
അവിടുത്തെ സ്തുതിക്കുവാൻ വേണ്ടി
ഇത് ആലേഖനം ചെയ്യപ്പെടട്ടെ'' (സങ്കീ.102:18).

ഈ ചെറുഗ്രന്ഥം വഴി പ്രാർത്ഥനയും ബലിയും ഒരു അനുഭവമാക്കാൻ സാധിക്കാനായി ദൈവം എന്നെ ഏൽപിച്ച ഒരു ജോലിയായി ഞാൻ ഇതു സ്വീകരിക്കുകയും അതിന്റെ പൂർത്തീകരണത്തിനായി ഞാൻ അധ്വാനിക്കുകയും ചെയ്തു. ഇതിൽ നിന്നും ഉളവാകുന്ന നന്മകൾ ദൈവത്തിനും, ഇതിന്റെ എല്ലാ കുറവുകളും എനിക്കും അവകാശപ്പെട്ടതാകട്ടെ!

ദൈവമഹത്വത്തിനും, ആത്മാക്കളുടെ രക്ഷയ്ക്കും ആളുകളുടെ മാനസാന്തരത്തിനും ഇത് ഉപകരിക്കട്ടെയെന്ന് ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

അനുഗ്രഹാശംസകളും, സന്ദേശവും എഴുതിയ തിരുവല്ല അതിഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായും, ചങ്ങനാശേരി അതിഭദ്രാസനാദ്ധ്യക്ഷന്മാരായ അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്തയ്ക്കും മാർ ജോസഫ് പവ്വത്തിൽ മെത്രാപ്പോലീത്തയ്ക്കും മലങ്കര ഓർത്തഡോക്സ് സഭ നിരണം ഭദ്രാസനാധിപൻ യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് തിരുമേനിക്കും എന്റെ സ്നേഹാദരവുകൾ! ആശംസ എഴുതിയ ആലപ്പുഴ ഐ.എം.എസ്. ധ്യാനകേന്ദ്രത്തിന്റെ ഡയറക്ടർ ഫാദർ പ്രശാന്ത് ഐ.എം.എസിനും നന്ദിയുടെ പൂച്ചെണ്ടുകൾ അർപ്പിക്കുന്നു.

അർത്ഥസമ്പൂർണ്ണവും കാലികപ്രസക്തവുമായ അവതാരികയിലൂടെ ഈ ഗ്രന്ഥത്തെ അനുവാചകർക്ക് പരിചയപ്പെടുത്തിയ പെരിയ ബഹു. മല്പാൻ ഡോ. വെള്ളാനിക്കലച്ചനോടുമുള്ള നന്ദിയും കടപ്പാടും അറിയിക്കുന്നു. ചിലതെറ്റുകൾ ചൂണ്ടികാണിച്ചതും അച്ചനാണ്.

സ്വന്തമായി കരുതി ഇതിന്റെ ലേ-ഔട്ടും പ്രിന്റിംഗും ഭംഗിയായി നിർവഹിച്ച സെന്റ് ജോസഫ് ഓർഫനേജ് പ്രസ്സിനോടും സ്നേഹവും നന്ദിയും കടപ്പാടും അറിയിക്കുന്നു.

എല്ലാവരോടും നന്ദിയോടെ...

**ജോസഫ് ചക്കാലമുറിയിൽ**

www.malankaralibrary.com

# അവതാരിക



"വേണ്ടവിധം പ്രാർത്ഥിക്കേണ്ടതെങ്ങനെയെന്നു നമുക്കറിഞ്ഞുകൂടാ. എന്നാൽ, അവാച്യമായ നെടുവീർപ്പുകളാൽ ആത്മാവുതന്നെ നമുക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കുന്നു" (റോമാ. 8,26). പൗലോസ് ശ്ലീഹായുടെ ഈ വാക്കുകൾ പലപ്പോഴും ഭാഷാവരത്തോടു ബന്ധപ്പെടുത്തിയാണ് പലരും വ്യാഖ്യാനിക്കുന്നതും മനസ്സിലാക്കുന്നതും. എന്നാൽ, ശ്ലീഹായുടെ ഈ പ്രസ്താവന ഭാഷാവരങ്ങളെക്കുറിച്ചു പറയുന്ന സന്ദർഭത്തിലല്ല, എല്ലാ ക്രൈസ്തവരുടെയും അരൂപിയിലുള്ള ജീവിതത്തെക്കുറിച്ചു പറയുന്ന പശ്ചാത്തലത്തിലാണ് മനസ്സിലാക്കേണ്ടത്. പ്രാർത്ഥിക്കുവാൻ നമുക്കാർക്കും അറിഞ്ഞുകൂടാ. പ്രാർത്ഥന ദൈവവും മനുഷ്യനും തമ്മിലുള്ള സംഭാഷണമാണ്. ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല. അങ്ങനെയുള്ള ദൈവവുമായി നാം എങ്ങനെയാണ് സംഭാഷണം ചെയ്യുക! ആ ദൈവത്തെ കണ്ടവനും കാണിച്ചുതന്നവനും ഒരുവൻ മാത്രം - ദൈവപുത്രനായ ഈശോമിശിഹാ (യോഹ. 1, 18). അതുകൊണ്ട് ഈശോമിശിഹായാണ് നമ്മെ പ്രാർത്ഥിക്കുവാൻ പഠിപ്പിക്കേണ്ടത്.

ശിഷ്യന്മാർ ഈശോയിൽ നിന്നാണ് പ്രാർത്ഥിക്കുവാൻ പഠിച്ചത് (ലൂക്കാ. 11,1-4). നാമും പ്രാർത്ഥിക്കുവാൻ പഠിക്കേണ്ടത് ഈശോമിശിഹായിൽ നിന്നുതന്നെ. ഈശോമിശിഹാ ഇന്ന് നമ്മുടെ മദ്ധ്യേ സന്നിഹിതനാകുന്നത് തന്റെ അരൂപിയിലൂടെയാണ്; പരിശുദ്ധാരൂപിയിലൂടെയാണ്. അരൂപിയിൽ ഈശോ ഇന്ന് നമ്മോടൊത്തു വസിക്കുന്നത് സഭയിലാണ്. കാരണം സഭ മിശിഹായുടെ ശരീരമാണ് (1 കൊറി. 12, 12-14). അതുകൊണ്ട് സഭയുടെ പ്രാർത്ഥനയിൽ പരിശീലനം നേടിക്കൊണ്ടാണ് നാം പ്രാർത്ഥിക്കാൻ പഠിക്കേണ്ടത്. അതുകൊണ്ടായിരിക്കണം ദൈവജനം സഭയുടെ ലിറ്റർജിക്കൽ പ്രാർത്ഥനയിൽ പരിശീലിപ്പിക്കപ്പെടണമെന്ന് വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ പറയുന്നത് (NMI 34).

ദൈവവും മനുഷ്യനും തമ്മിൽ ശരിയായ വിധം സംഭാഷണം നടത്തുന്ന പ്രാർത്ഥനയിൽ ശരിയായ ദൈവാനുഭവമുണ്ടാകും. പ്രാർത്ഥന ശരിയായ വിധം ദൈവമനുഷ്യ സംഭാഷണമായിത്തീരുന്നില്ലെങ്കിൽ അതിലൂടെ ലഭിക്കുന്ന പ്രാർത്ഥനാനുഭവം ശരിയായ ദൈവാനുഭവമാകുകയില്ല. സഭയുടെ പ്രാർത്ഥനാനുഭവം നുകർന്ന്, ആ ദൈവാനുഭവം വ്യക്തിപരമായ പ്രാർത്ഥനയിലും കുടുംബപ്രാർത്ഥനക

www.malankaralibrary.com

ളിലും ഉൾക്കൊള്ളേണ്ടവരാണ് ക്രൈസ്തവർ. സന്ന്യസ്തർക്കും സമർപ്പിതർക്കും ഈ രീതിയിലുള്ള പ്രാർത്ഥനാനുഭവം ഉണ്ടാകണം. അതിന് പ്രാർത്ഥനയെക്കുറിച്ചുള്ള ശരിയായ കാഴ്ചപ്പാടുകൾ നേടുകയും അതിനനുസൃതമായി പ്രാർത്ഥിക്കുവാൻ ശ്രമിക്കുകയും വേണം. ഇതിനു സഹായകരമായ ഒരു ഗ്രന്ഥമാണ് ശ്രീ. ജോസഫ് ചക്കാലമുറിയിൽ ഇപ്പോൾ പ്രസിദ്ധീകരിക്കുന്ന 'പ്രാർത്ഥനാമലർ.'

പ്രാർത്ഥന അനുഭവമാക്കുവാൻ അറിഞ്ഞിരിക്കേണ്ട കാര്യങ്ങളാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. പ്രാർത്ഥനയുടെ ഒരുക്കങ്ങൾ, പ്രാർത്ഥനയും ജീവിതവും തമ്മിലുള്ള ബന്ധം, പ്രാർത്ഥനയും അരൂപിയും തമ്മിലുള്ള ബന്ധം, പ്രാർത്ഥനയും വചനവും തമ്മിലുള്ള ബന്ധം, പ്രാർത്ഥനയും കുർബാനയും പ്രാർത്ഥനാശൈലികൾ, പ്രാർത്ഥനാജീവിതവും മനുഷ്യബന്ധങ്ങളും, പ്രാർത്ഥനാരൂപങ്ങൾ തുടങ്ങിയ പന്ത്രണ്ടു ലേഖനങ്ങളും ഒരു സമാപനസന്ദേശവുമാണ് ഈ ഗ്രന്ഥം ഉൾക്കൊള്ളുന്നത്. വിശുദ്ധ ഗ്രന്ഥത്തിന്റെ ആധികാരികതയും തന്റെ സ്വന്തം അറിവുകളുടെയും അനുഭവങ്ങളുടെയും ഊഷ്മളതയും ഈ ലേഖനങ്ങളുടെ സവിശേഷതകളാണ്.

ശരിയായ പ്രാർത്ഥനാനുഭവത്തിലൂടെ ദൈവാനുഭവം നുകരുവാനും ആരോഗ്യകരമായ ദൈവമനുഷ്യബന്ധങ്ങൾ കെട്ടിപ്പടുത്ത് ജീവിതം ധന്യമാക്കുവാനും അനേകർക്ക് ഈ ഗ്രന്ഥം സഹായകരമാകട്ടെ എന്നാശംസിക്കുകയും ചെയ്യുന്നു.


**മല്പാൻ ഡോ. മാത്യു വെള്ളാനിക്കൽ**
വികാരി ജനറാൾ
ചങ്ങനാശേരി അതിരൂപത

കോട്ടയം
17-01-2018

www.malankaralibrary.com

## സന്ദേശം

*"കർത്താവേ, പ്രഭാതത്തിൽ അങ്ങ് എന്റെ പ്രാർത്ഥന കേൾക്കുന്നു; പ്രഭാതബലി ഒരുക്കി ഞാൻ അങ്ങേയ്ക്കായി കാത്തിരിക്കുന്നു" (സങ്കീ. 5:3).*



ചക്കാലമുറിയിൽ ശ്രീ. ജോസഫ് സാർ പ്രാർത്ഥനയെപ്പറ്റി ഒരു സാധാരണ വിശ്വാസി എന്ന നിലയിൽ രചിച്ച 'പ്രാർത്ഥനാമലർ' എന്ന പുസ്തകം വായിച്ചുനോക്കി. പ്രാർത്ഥിക്കേണ്ടത് എങ്ങനെയാണെന്നും എപ്പോഴൊക്കെയാണ് പ്രാർത്ഥിക്കേണ്ടതെന്നും, ഒരു വിശ്വാസിയുടെ ജീവിതവും പ്രാർത്ഥനയും എങ്ങനെയായിരിക്കണമെന്നും ജീവിതത്തിൽ പ്രാർത്ഥനയുടെ സ്ഥാനം എന്താണെന്നും ഈ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നു. പ്രാർത്ഥനയുടെ വിവിധ ഘട്ടങ്ങളെക്കുറിച്ചുള്ള വിവരണം ഈ പുസ്തകത്തിൽ നമുക്ക് കാണാം; നമ്മുടെ പ്രാർത്ഥനകളെല്ലാം വചനാധിഷ്ഠിതമാണെന്ന് ഈ പുസ്തകം തെളിവുനല്കി സമർത്ഥിക്കുന്നു. ദൈവത്തോടുള്ള സംഭാഷണമാണ് പ്രാർത്ഥന എന്ന് ഈ പുസ്തകം നമുക്ക് മനസ്സിലാക്കിത്തരുന്നു. പ്രാർത്ഥനയുടെ മനുഷ്യരെപ്പറ്റിയും തന്റെ പ്രാർത്ഥനാനുഭവങ്ങളെപ്പറ്റിയും ഈ പുസ്തകം നമുക്ക് ഉൾക്കാഴ്ച നല്കുന്നു. ഒരു നാണയത്തിന്റെ ഇരുവശങ്ങൾപ്പോലെ പ്രാർത്ഥനയും തിരുവചനവും ഒരു വിശ്വാസിയുടെ ജീവിതത്തിൽ ആവശ്യമാണെന്ന് ഈ ചെറുഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നു. പ്രാർത്ഥനയിൽ കൂടുതൽ വളരുവാനുള്ള പ്രചോദനം ഈ ഗ്രന്ഥം വായിക്കുന്ന ഏതൊരു വിശ്വാസിക്കും സംലഭ്യമാകട്ടെ എന്ന് ഞാൻ ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

സാധാരണക്കാരെ വിശ്വാസത്തിൽ ബലപ്പെടുത്തുവാനും ആഴപ്പെടുത്താനും ഉതകുന്ന ധാരാളം പ്രചോദനാത്മകമായ ഗ്രന്ഥങ്ങൾ, പക്വത യാർജ്ജിച്ച ജീവിത സായന്തനത്തിൽ ഈ തൂലികയിൽ നിന്ന് ഇനിയും ജനിക്കട്ടെ എന്നുകൂടി ആശംസിച്ചുകൊണ്ട് ബഹുജനസമക്ഷം ഈ ഗ്രന്ഥത്തെ പരിചയപ്പെടുത്തുകയും വിജയങ്ങൾ ആശംസിക്കുകയും ചെയ്യുന്നു. ഗ്രന്ഥകർത്താവിന് എല്ലാ നന്മകളും നേരുന്നു.

പ്രാർത്ഥനയോടെ,

**തോമസ് മാർ കൂറിലോസ്**
മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ്
തിരുവല്ല അതിഭദ്രാസനം

തിരുവല്ല
**20.01.2018**

www.malankaralibrary.com

## സന്ദേശം



കുടുംബം ഗാർഹിക സഭയാണെന്നു രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നുണ്ട്. കുടുംബം സഭയാകണമെങ്കിൽ അതു പ്രാർത്ഥനയിൽ വേരുറപ്പിച്ചതായിരിക്കണം; ദൈവാശ്രയബോധം കുടുംബങ്ങളിൽ വളരുകയും വേണം. മത്സ്യം ജലത്തിൽ ജനിക്കുകയും ജീവിക്കുകയും ചെയ്യുന്നതുപോലെ ഏകാന്തതയിൽ ആഴപ്പെടുന്ന ആത്മാവിലാണ് പ്രാർത്ഥന ജനിക്കുന്നതെന്ന് കൈത്താക്കാലം റംശാ പ്രാർത്ഥനയിലെ പ്രാരംഭഗീതം നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്. തന്റെ ജീവിതത്തിൽ ആർജ്ജിച്ചെടുത്തതും, മറ്റുള്ളവർക്ക് പകർന്നു കൊടുത്തതും, നിരന്തരം അഭ്യസിക്കുന്നതുമായ ചിന്താശകലങ്ങളാണ് 'പ്രാർത്ഥനാമലർ' എന്ന ഗ്രന്ഥത്തിലൂടെ ശ്രീ. ജോസഫ് ചക്കാലമുറിയിൽ വായനക്കാർക്കു പകർന്നു നൽകുന്നത്. കുടുംബജീവിതമാകുന്ന ബലിവേദിയിൽ പ്രാർത്ഥന ഒരുവന് എത്രമാത്രം കരുത്തും ശാന്തതയും പകർന്നു നൽകുന്നുവെന്ന് ഗ്രന്ഥകാരൻ വരികൾക്കിടയിലൂടെ പ്രസ്താവിക്കുന്നുണ്ട്. അതുതന്നെയാണല്ലോ വി. ഫിലിപ്പുനേരിയുടെ വാക്കുകൾ വ്യക്തമാകുന്നത്. ''ഒന്നിച്ചു പ്രാർത്ഥിക്കുന്ന കുടുംബം ഒന്നിച്ചു നിലനിൽക്കും.'' ഒരു ക്രൈസ്തവൻ പ്രാർത്ഥനയെക്കുറിച്ച് അറിയേണ്ടതും ജീവിക്കേണ്ടതുമായ ഒട്ടേറെ കാര്യങ്ങൾ സ്വജീവിതത്തിലൂടെ ഗ്രന്ഥകാരൻ അക്കമിട്ടു നിരത്തുകയും ചെയ്യുന്നു.

മാർത്തോമാ വിദ്യാനികേതനിലെ ദൈവശാസ്ത്രപഠനവും കൗൺസിലിംഗ് ശുശ്രൂഷയിലൂടെ ലഭിച്ച വിവിധ ജീവിതാനുഭവങ്ങളും ഈ ഗ്രന്ഥരചനയിൽ ജോസഫ് സാറിനു പ്രചോദനമായിട്ടുണ്ടെന്നു കരുതുന്നു. ലളിതമായ വാക്കുകളിൽ മറ്റുള്ളവർക്കു എളുപ്പം മനസ്സിലാകും വിധം തയ്യാറാക്കിയിരുന്ന ഈ പുസ്തകം അനേകർ വായിക്കാനിടയാകട്ടെയെന്നു പ്രാർത്ഥിക്കുന്നു. ജോസഫ് ചക്കാലമുറി സാറിന്റെ ഈ പുസ്തകത്തിന് പ്രചുരപ്രചാരം ആശംസിക്കുകയും ഭാവിജീവിതത്തിൽ എല്ലാ നന്മകളും നേരുകയും ചെയ്യുന്നു.


സ്നേഹത്തോടെ,

**+ ജോസഫ് പെരുന്തോട്ടം**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത

www.malankaralibrary.com

## സന്ദേശം

# ദൈവനാമത്തിനു മഹത്വം



ശ്രീ. ജോസഫ് ചക്കാലമുറിയുടെ രണ്ടു ഗ്രന്ഥങ്ങൾക്കു ആശംസകൾ എഴുതുവാനുള്ള അവസരമാണുണ്ടായിട്ടുള്ളത്. മാർ തോമ്മായുടെ പൈതൃകം, പേറുന്ന സമൂഹത്തെ മൊത്തമായി മുന്നിൽ കണ്ടുംകൊണ്ട് ''മാർത്തോമ്മാ നസ്രാണി ക്രിസ്ത്യാനികൾക്കുവേണ്ടി''യാണ് 'പ്രാർത്ഥനാമലർ' എന്ന ഗ്രന്ഥം എഴുതിയിരിക്കുന്നത്. ആ വിശാലതയുടെ ഭാഗമായിട്ടാകാം ആശംസാകുറിപ്പിനു എനിക്കു അവസരമുണ്ടായത്. ആത്മീയ ജീവിതത്തിന്റെ അടിത്തറയായ പ്രാർത്ഥനാനുഭവത്തിന്നുണ്ടായ തകർച്ചയാണല്ലോ ഇന്നു നേരിടുന്ന എല്ലാ പ്രതിസന്ധികൾക്കും പ്രധാന കാരണം.

ഇന്നു വ്യക്തികളും സമൂഹങ്ങളും നേരിടുന്ന അപചയങ്ങൾ, അപകടങ്ങൾ, ആശാസ്യമല്ലാത്ത പ്രവണതകൾ തുടങ്ങിയവ ഈ പശ്ചാത്തലത്തിൽ വേണം വീക്ഷിക്കുവാനും വിലയിരുത്തുവാനും. തന്റെ ജീവിതത്തിന്റെ താങ്ങായ പ്രാർത്ഥനയില്ലാതെ ഒരു നിമിഷംപോലും തനിക്കു ജീവിക്കുവാൻ പറ്റുകയില്ലായിരുന്നുവെന്നു ഗാന്ധിജി അസന്ദിഗ്ധമായി പ്രഖ്യാപിച്ചതു നാം നിസ്സാരമായി കാണരുത് പ്രാർത്ഥനയുടെ മഹത്വം ക്രിസ്തു സ്വജീവിതത്തിലൂടെ വ്യക്തമാക്കി. അപ്പസ്തോലന്മാരും സഹദേന്മാരും പ. പിതാക്കന്മാരും പ്രാർത്ഥനാനുഭവത്തിലൂടെയാണ് തങ്ങളുടെ ജീവിതത്തെ അനുഗ്രഹകരമാക്കിയത്. ദൈവപ്രസാദകരവും ദൈവീക ചൈതന്യപ്രദവുമായ ജീവിതത്തിന്റെ അടിസ്ഥാനഘടകം ഉള്ളിന്റെയുള്ളിൽനിന്നും ഉയരുന്ന പ്രാർത്ഥനയാണ്. അതിന്റെ അഭാവം ആന്തരീകതയിലെ മുരടിപ്പും ആതുരതയുമാകും.

അർത്ഥപൂർണ്ണമായ പ്രാർത്ഥനാനുഭവത്തിന്നു ഈ ചെറുഗ്രന്ഥം സഹായകമാകും. പ്രാർത്ഥിച്ചുതന്നെ പ്രാർത്ഥന പഠിക്കണമെന്ന് ഗ്രന്ഥകാരന്റെ അഭിപ്രായത്തിന്നു അടിവരയിടുന്നു. എല്ലാ ആശംസകളും നേരുന്നു.

പ്രാർത്ഥനയോടെ,

**യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്**
**മെത്രാപ്പോലീത്താ**
മലങ്കര ഓർത്തഡോക്സ് സഭ, നിരണം ഭദ്രാസനം

www.malankaralibrary.com

# ആശംസ



മനുഷ്യനും ദൈവവും കണ്ടുമുട്ടുന്ന നിമിഷങ്ങളാണ് പ്രാർത്ഥനയുടേത്. വി.ഗ്രന്ഥം മുഴുവൻ ജനത്തിന് പിതാവായ ദൈവം വാഗ്ദാനം ചെയ്ത രക്ഷകനെ നൽകുന്നതിലൂടെ ഈ ബന്ധത്തിനു ശക്തിയും ദൃഢതയും ലഭിച്ചു. നിരന്തരം പ്രാർത്ഥിക്കുവാനാണ് ഈശോ നമ്മോടാവശ്യപ്പെടുന്നത്. പ്രാർത്ഥിക്കുവാൻ അവിടുന്നു നമ്മെ പഠിപ്പിക്കുന്നു.

ദൈവഹിതത്തോടുള്ള വിധേയപ്പെടലാണ് യഥാർത്ഥ പ്രാർത്ഥനയെന്ന് ഈശോ നമുക്കു വ്യക്തമാക്കി തരുന്നുണ്ട്. എന്നാൽ ഇപ്രകാരമുള്ള വിധേയപ്പെടൽ സാധ്യമാവുക ദൈവവുമായി നിരന്തരമായ ബന്ധത്തിലായിരിക്കുന്ന വ്യക്തികൾക്കാണ്. ഇപ്രകാരം ദൈവഹിതത്തെ മനസ്സിലാക്കാൻ നമ്മെ സഹായിക്കുന്നത് പ്രാർത്ഥനയാണ്. രാത്രിയുടെ നിശബ്ദതയിൽ പിതാവുമായി സംഭാഷിക്കുന്ന പുത്രനായ ഈശോമിശിഹായുടെ ചിത്രം പുതിയനിയമ ഗ്രന്ഥങ്ങളിൽ എങ്ങനെ പ്രാർത്ഥിക്കണമെന്നതിനുള്ള ഉത്തരമാണ്. അഗാധമായ സ്നേഹമുള്ളപ്പോഴാണ് നാം നമ്മുടെ ഉടയവർക്കുവേണ്ടി ഉറക്കവും സൗകര്യങ്ങളുമൊക്ക മാറ്റിവച്ച് കൂട്ടിരിക്കുന്നത്. ആബാ, പിതാവേ എന്നു വിളിച്ചുകൊണ്ട് ദൈവസന്നിധിയിൽ ധ്യാനനിമഗ്നനായ ഈശോയെ നമുക്ക് അനുകരിക്കാൻ ശ്രമിക്കാം. പ്രാർത്ഥന വാക്ധോരണികളോ, വികാരവിക്ഷോഭങ്ങളോ അല്ല. ആർസിലെ വിശുദ്ധൻ പറഞ്ഞതുപോലെ ദൈവം എന്നെ നോക്കുന്നു. ഞാൻ ദൈവത്തെ നോക്കുന്നു. പരസ്പരം കാണാനും കാണപ്പെടാനുമുള്ള ഒരു അവസരമാണിത്. പ്രാർത്ഥനയ്ക്ക് വ്യക്തിപരമായ ഒരു മാനമുള്ളതുപോലെതന്നെ സാമൂഹ്യമായ ഒരു തലമുണ്ട്. സഭയുടെ ആരാധനക്രമത്തോടും യാമപ്രാർത്ഥനകളോടും വിശ്വസ്തത പുലർത്തുന്നതിലൂടെയാണ് ഈ സാമൂഹ്യതലം അന്വർത്ഥമാകുന്നത്.

ശ്രീ. ജോസഫ് ചക്കാലമുറിയിൽ 'പ്രാർത്ഥനാമലർ' എന്ന ഈ ഗ്രന്ഥം തയ്യാറാക്കിയിരിക്കുന്നു. പ്രാർത്ഥിക്കുവാൻ പഠിക്കുന്നതിനും പ്രാർത്ഥനയെക്കുറിച്ചു കൂടുതൽ മനസ്സിലാക്കാനും ഇത് ഉപകരിക്കുമെന്നു കരുതട്ടെ. പ്രാർത്ഥനയുടെ വിവിധ തലങ്ങളെക്കുറിച്ചും ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നുണ്ട്. ഗ്രന്ഥകർത്താവിനെ അഭിനന്ദിക്കുന്നു. ഒപ്പം എല്ലാവർക്കും നല്ലൊരു വായനാനുഭവവും ആശംസിക്കുന്നു.

**ആർച്ച്ബിഷപ്പ് ജോസഫ് പവ്വത്തിൽ**

www.malankaralibrary.com

# ആശംസ



ഇരുപത്തഞ്ച് വർഷമായി ഞങ്ങളുടെ ധ്യാനടീമിൽ പ്രവർത്തിക്കുന്ന ശ്രീ. ചക്കാലമുറിയിൽ സാർ എഴുതിയ പ്രാർത്ഥനാനുഭവ ധ്യാനമലർ പ്രാർത്ഥനാജീവിതത്തിൽ വളരുവാൻ സഹായകരമായ ഒന്നാണ്.

സുവിശേഷങ്ങളിൽ യേശു പ്രാർത്ഥിക്കാനായി പോയിരുന്ന രണ്ട് സ്ഥലങ്ങൾ സിനഗോഗിലും ഒലിവുമലയിലേക്കുമായിരുന്നു (വി. ലൂക്കാ. 4:16, ലൂക്കാ. 22:39) സിനഗോഗ് സമൂഹപ്രാർത്ഥനയുടെ വേദിയായിരുന്നു. ഒലിവുമല വ്യക്തിഗത പ്രാർത്ഥനയുടെയും. യേശുവിന്റെ ഇഹലോകജീവിതത്തിന്റെ അടിസ്ഥാന സ്വഭാവമായിരുന്നു പ്രാർത്ഥനാജീവിതം.

യേശുവിന്റെ ഈ പ്രാർത്ഥനാജീവിതമാണ് അവിടുത്തെ ശിഷ്യത്വത്തിലേക്ക് വിളിക്കപ്പെട്ടിരിക്കുന്ന ഓരോ ക്രൈസ്തവനും മാതൃകയാക്കേണ്ടത്. അതു സാധ്യമാകണമെങ്കിൽ എന്താണ് പ്രാർത്ഥന? എപ്രകാരമാണ് പ്രാർത്ഥിക്കേണ്ടത് എന്നെല്ലാം അറിഞ്ഞിരിക്കണം. അതിനു സഹായകരമായ ഒരു ഗ്രന്ഥമാണ് ശ്രീ. ജോസഫ് ചക്കാലമുറിയിൽ സാറിന്റെ പ്രാർത്ഥനാനുഭവ ധ്യാനമലർ.

പ്രാർത്ഥന അനുഭവമാക്കാൻ അറിഞ്ഞിരിക്കേണ്ട 17 കൂട്ടം കാര്യങ്ങളാണ് ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നത്. പ്രാർത്ഥനയുടെ വിവിധ വശങ്ങൾ ഹൃസ്വമായും ലളിതമായും ദൈവവചനാടിസ്ഥാനത്തിലും സ്വന്തം ജീവിതാനുഭവത്തിന്റെ പശ്ചാത്തലത്തിലുമാണ് ഗ്രന്ഥത്തിൽ അവതരിപ്പിച്ചിരിക്കുന്നത്.

ജീവിതത്തിൽ പ്രാർത്ഥനയുടെ പ്രസക്തിയും പ്രാധാന്യവും മനസ്സിലാക്കുവാൻ ഈ ഗ്രന്ഥം അനേകർക്ക് പ്രചോദനമായി ഭവിക്കുമെന്നതിൽ സംശയമില്ല. ഗ്രന്ഥകാരനെ ഹൃദയപൂർവ്വം അനുമോദിക്കുന്നതിനോടൊപ്പം പ്രാർത്ഥന ഒരനുഭവമായി മാറ്റുവാൻ ഈ പുസ്തകം എല്ലാവർക്കും സഹായകമാകട്ടെ എന്നാശംസിക്കുകയും ചെയ്യുന്നു.

Fr. Prashant IMS

**ഫാ. പ്രശാന്ത് ഐ.എം.എസ്.**
ഐ.എം.എസ് ധ്യാനഭവൻ
പറവൂർ, ആലപ്പുഴ

പറവൂർ
05.02.2018

www.malankaralibrary.com

# I

# ഒരുങ്ങിയിട്ട് പ്രാർത്ഥിക്കാം

## പ്രാർത്ഥനയുടെ ഒരുക്കങ്ങൾ

Prayer is a dialogue - **ദൈവമനുഷ്യ സംഭാഷണം**

പ്രാർത്ഥന ഒരു സംഭാഷണമാണ്. എന്നാൽ അതുതന്നെ ഒരു പ്രഭാഷണമാകുമ്പോൾ പ്രാർത്ഥന ആകുന്നില്ല.

A. **അകന്ന ഒരുക്കം** (Remote preparation)

ദൈവവുമായിട്ടുള്ള ബന്ധത്തെ ബോധപൂർവ്വം സ്വീകരിച്ചുകൊണ്ട് ദൈവബന്ധത്തെ പുതുക്കുക. അതിന് ദൈവത്തിൽ നിന്ന് അകന്നുപോകുന്നയാൾ തിരികെവരാതെ പുതുക്കാൻ പറ്റില്ല.

മാനസാന്തരമുണ്ടാകണം. മനസിന് അന്തരമുണ്ടാകണം. conversion ഉണ്ടാകണം.

സ്വയം ദൈവമായപ്പോൾ 180° തിരിഞ്ഞുപോയി. അതായത് ദൈവത്തിന് പുറംതിരിഞ്ഞു. Heb ൽ ഷൂബ് അതായത് തിരിയുക. ദൈവത്തിങ്കലേക്ക് തിരിയുക. സ്നേഹത്തിലേക്കുള്ള ഒരു തിരിവാണ്. പാപത്തിൽ നിന്നുള്ള ഒരു തിരിവാണ്.

ഇനിയും SIN വിശകലനം ചെയ്താൽ മധ്യത്തിൽ 'I' . സ്വയം. സ്വയം എന്നാൽ സ്വാർത്ഥതയാണ്, അതാണ് പാപം. 'I' മാറ്റി 'o' സീറോ ആയാൽ 'SON' ആകും. മകന്റെ സ്ഥാനത്തേക്ക് വരും. മകന്റെ സ്ഥാനത്തേക്ക് വരണമെങ്കിൽ 'I' ആകുന്ന 'അഹം' മാറിയേ പറ്റൂ.

സ്വാർത്ഥതയിൽ നിന്നും സ്നേഹത്തിലേയ്ക്ക് വരുന്നതാണ് conversion. അതാണ് നമ്മൾ പറഞ്ഞ 'ഷൂബ്'. അതാണ് മാനസാന്തരം.

## ദൈവം നിലയ്ക്കാത്ത സ്നേഹം

ഹീബ്രുവിൽ 'ഹെസദ്' .

www.malankaralibrary.com

എസദ് = നിലയ്ക്കാത്ത സ്നേഹം = stead fast love

ഉദാ: സൂര്യനെപ്പോലെ ജ്വലിച്ചുകൊണ്ടിരിക്കുന്ന സ്നേഹമാണ് ദൈവസ്നേഹം. ചിലപ്പോൾ അത് നാം അനുഭവിക്കാതെ പോകുന്നു. കാർമേഘം ഉള്ളപ്പോൾ സൂര്യപ്രകാശം ലഭിക്കാത്തതുപോലെ.

ക്രൈസ്തവജീവിതത്തിനുതന്നെ അടിസ്ഥാനമിടുന്നത് മാനസാന്തരമാണ്. യേശുവിന് വഴി ഒരുക്കിയ സ്നാപകൻ മാനസാന്തരത്തിലേക്ക് ആളുകളെ നയിച്ചു (മത്താ.3:8). മാനസാന്തരത്തിനു യോജിച്ച ഫലം പുറപ്പെടുവിക്കുവിൻ. (ഇവിടെ അനുതാപത്തിലേക്ക് നയിക്കുന്നു). യേശു ഇപ്രകാരം പ്രസംഗിക്കാൻ തുടങ്ങി. ''മാനസാന്തരപ്പെടുവിൻ. സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു'' (മത്താ.4:17). ഇത് മാനസാന്തരത്തിലേയ്ക്കുള്ള വിളിയാണ്.

ആദിമസമൂഹത്തോട് പത്രോസ് ഇപ്രകാരം പറഞ്ഞു: നടപടി 2:37–38 പശ്ചാത്തപിച്ച് മാനസാന്തരപ്പെടുവിൻ. പരിശുദ്ധാത്മാവ് നയിക്കും. ഏശ.53:6ൽ ഇപ്രകാരം പറഞ്ഞു: ''വഴിതെറ്റിപ്പോയി''. ഏശയ്യായും മാനസാന്തരത്തിലേക്ക് നയിച്ചു.

വഴിതെറ്റിപ്പോവുക = സ്വന്തം വഴിക്ക് പോകുക.

മാനസാന്തരമെന്നു പറഞ്ഞാൽ സ്വന്തം വഴിവിട്ട് ദൈവത്തിന്റെ വഴിയിലേയ്ക്ക് തിരിയുക 'ഷൂബ്.' അതിന് വിശ്വാസം വേണം. Leaping in the darkness വിശ്വാസം എന്നു പറയുന്നത് ഇരുട്ടിൽ ഉള്ള ചാട്ടമാണ്.

ഒരിക്കൽ ഒരു കെട്ടിടത്തിന് തീപിടിച്ചു. രണ്ടാംനിലയിൽ ഉള്ള കുട്ടിക്ക് രക്ഷപെടാൻ ഒരു മാർഗ്ഗവുമില്ല. താഴെ ഗ്രൗണ്ടിൽ അപ്പനുണ്ട്. അപ്പന് മകനെ കാണാം. മകൻ അപ്പനെ കാണുന്നില്ല. അപ്പൻ വിളിച്ചു പറഞ്ഞു മോനേ ചാടിക്കോ ഞാൻ പിടിച്ചോളാം. അപ്പനിൽ മകന് വിശ്വാസമുണ്ട്. മകൻ എടുത്തു ചാടി അപ്പന്റെ കയ്യിൽ തന്നെ! സാധാരണ ഗതിയിൽ ചാടില്ല. എന്നാൽ എന്നെ താങ്ങാൻ ആള് കയ്യും നിവർത്തി അവിടെയുണ്ടെന്ന് മനസിലായാൽ നാം നിശ്ചയമായും ചാടും.

## പാപാവസ്ഥ

ദൈവത്തിന് പുറംതിരിഞ്ഞിരിക്കുന്ന അവസ്ഥയാണ്. മുഖാഭിമുഖമായിരുന്നയാൾ $180^0$ തിരിയുന്നതാണ് പാപാവസ്ഥ. അതിനെയാണ് യോഹന്നാൻ ശ്ലീഹാ പുറംതിരിഞ്ഞിരിക്കുന്ന അവസ്ഥ– പാപാവസ്ഥ–യെന്ന് പറഞ്ഞിരിക്കുന്നത്.

ചുരുക്കത്തിൽ പ്രാർത്ഥനാനുഭവം മാനസാന്തരത്തെ ആശ്രയിച്ചിരിക്കുന്നു. എത്ര ഡിഗ്രി ദൈവത്തിങ്കലേക്ക് തിരിഞ്ഞു എന്നതിനെ ആശ്രയിച്ചിരിക്കുന്നു. സ്നേഹം അവശ്യഘടകമാണ്.

യോഹ. 15:11 ൽ പറഞ്ഞിരിക്കുന്നു, ''എന്റെ സന്തോഷം നിങ്ങളിൽ

www.malankaralibrary.com

കുടികൊള്ളാനും നിങ്ങളുടെ സന്തോഷം പൂർണ്ണമാകാനും വേണ്ടിയാണ്.'' നിങ്ങൾ പരസ്പരം സ്നേഹിക്കണം. ചുരുക്കത്തിൽ ദൈവവുമായി സ്ഥാപിച്ച ബന്ധത്തിന്റെ പ്രകാശനമാണ് പ്രാർത്ഥന. അതു പലവിധത്തിലാകാം.

'Prayer is the language of the heart.' 'ഹൃദയത്തിന്റെ ഭാഷയാണ് പ്രാർത്ഥന.' അവിടെ ഗ്രാമറോ സാഹിത്യമോ ഒന്നും കാര്യമല്ല.

എന്നാൽ ഹൃദയമില്ലാതെ മറ്റെന്തുണ്ടെങ്കിലും കാര്യമില്ല.

കുടുംബജീവിതം വിശകലനം ചെയ്യുമ്പോഴും ഏതാണ്ട് ഇതേ അനുഭവമാണ്. ദാമ്പത്യധർമ്മാനുഷ്ഠാനത്തിൽ ദമ്പതികൾ സംതൃപ്തരല്ലാതെ– അനുഭവമില്ലാതെ– തകർച്ചയിലേക്ക് നീങ്ങുന്നതും ഹൃദയ ഐക്യമില്ലാതെ വരുമ്പോഴാണ്.

ഒരിക്കൽ വലിയ ഒരു ഉദ്യോഗസ്ഥന്റെ ഭാര്യ, ഒരു ഡോക്ടർ ഭർത്താവുമായി തെറ്റി സ്വന്തം ഭവനത്തിൽ പോയിനിന്നു. അവരെ യോജിപ്പിക്കാൻ ശ്രമിച്ച ഒരു വൈദികനോട് ഡോക്ടർ ചോദിച്ചത്. 'അച്ചാ, വിവാഹജീവിതമെന്നു പറഞ്ഞാൽ വെറും ശാരീരികബന്ധം പുലർത്തുന്നതു മാത്രമാണോ?' എന്നൊക്കെ.

ഹൃദയ ഐക്യമില്ലെങ്കിൽ പിന്നെന്തുണ്ടായിട്ടും കാര്യമില്ല. പ്രാർത്ഥനയിലും ഹൃദയത്തിന് വലിയ സ്ഥാനമുണ്ട്. അതുകൊണ്ടാണ് ഹൃദയത്തിന്റെ ഭാഷയാണ് പ്രാർത്ഥനയെന്നു പറയുന്നത്.

"Prayer is rest". പ്രാർത്ഥന ഒരു വിശ്രമമായിത്തീരുന്നു. എല്ലാ ഭാരവും ഉത്കണ്ഠയും വ്യഗ്രതയും യേശുവിന്റെ കയ്യിൽ കൊടുത്തുകഴിയുമ്പോൾ വിശ്രമം ലഭിക്കുന്നു.

B. **അടുത്ത ഒരുക്കം** Proximate preparation "3" goes.

മർക്കോ.6:31 (1) go aside (മാറിപോകുക) ഏകാന്തത

(2) go in അകത്ത് കടക്കുക, ഏകാഗ്രത

(3) go out പുറത്തു കടക്കുക. നിസ്വാർത്ഥത

(സ്വാർത്ഥതയിൽ നിന്ന് പുറത്തുകടക്കുക)

**(1)** go aside **–മർക്കോ. 1:35 അതിരാവിലെ പ്രാർത്ഥിച്ച്**

'അതിരാവിലെ അവൻ ഉണർന്ന് ഒരു വിജനസ്ഥലത്തേക്ക് പോയി. അവിടെ അവൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

അടുത്ത പട്ടണത്തിലേക്ക് പോകണമെന്ന് യേശു പറഞ്ഞതുകൊണ്ട് അതിന് മുൻപും യേശു പ്രാർത്ഥിച്ച് ഒരുങ്ങുകയാണ്.

മത്താ.14:23 – രാത്രിയിലും പ്രാർത്ഥിക്കുന്നു

സ്നേഹത്തോടുകൂടിയ പങ്കുവയ്ക്കൽ ഒരു വിശ്രമമാണ്. വിശ്രമം

www.malankaralibrary.com

തരുന്നത് മനസിന്റെ സ്വസ്ഥതയാണ്. അതുകൊണ്ടാണ് "Prayer is rest" എന്ന് ഞാൻ പറഞ്ഞത്. വിവാഹജീവിതത്തിന്റെ കാര്യത്തിലും ഇതിന് വലിയ സ്ഥാനം ഉണ്ട്. സ്നേഹത്തോടുകൂടിയ പങ്കുവയ്ക്കൽ. ഒരിക്കലും ഏകപക്ഷീയമാകരുത്. പിടിച്ചുവാങ്ങലുമാകരുത്.ദുഃഖം പങ്കുവയ്ക്കുമ്പോൾ പകുതിയാകും. സന്തോഷം പങ്കുവയ്ക്കുമ്പോൾ ഇരട്ടിയാകും. ഭാര്യാ ഭർത്താക്കന്മാർ പങ്കുവച്ചുകഴിയുമ്പോൾ സ്വസ്ഥത ലഭിക്കുന്നു.

(2) go in – **മത്താ.6:6**

മറ്റുള്ളവരുടെ സ്തുതിക്കുവേണ്ടിയുള്ള യഹൂദരുടെ ചിന്താഗതിയെ പഴിച്ചുകൊണ്ട് യേശു പറഞ്ഞതാണ്. gkൽ tameion 'താമയോൻ' – Inner room ആന്തരികമുറിയെന്നാണ് അർത്ഥം. മൂലഭാഷയിൽ 'നിന്റെ കതകടച്ച്'.

നിന്റെ മുറിയിൽ കടന്ന് നിന്റെ കതകടച്ച് എന്നു പറഞ്ഞാൽ നിന്റെ ഹൃദയമാകുന്ന അഥവാ, മനസാകുന്ന മുറിയിൽ കടന്ന് 'നിന്റെ കതകടച്ച്' അതായത് പഞ്ചേന്ദ്രിയങ്ങൾ അടച്ചുകൊണ്ട് വിചാരവികാരങ്ങൾ ഒക്കെ മാറ്റി നിർത്തിയിട്ട് ഏകാഗ്രത കൈവരിക്കണം.

**ഏകാഗ്രത എങ്ങനെ വരുത്താം**

അതിന് നിന്റെ കുരങ്ങിനെ മെരുക്കിയെടുക്കണം. (അതിന് എല്ലാവരുടെയും വീട്ടിൽ കുരങ്ങുണ്ടോ? കുരങ്ങില്ലാത്തവരോ? എന്തു ചെയ്യും? പിന്നെന്തിനാണ് ഇങ്ങനെ ഒരു പ്രസ്താവന? അതുകൊണ്ട് ഇതു വെട്ടികളഞ്ഞാലോ?) മനസ്സിനെയാണ് മെരുക്കിയെടുക്കേണ്ടത്. മനസാണ് കുരങ്ങ്.

ബാഹ്യശബ്ദം അകറ്റി ആന്തരിക നിശബ്ദത കൈവരിക്കണം.

ഭാരതീയ ആചാര്യന്മാർ 'മനസിനെ' കുരങ്ങിനോടാണ് ഉപമിച്ചിരിക്കുന്നത്. ഒരിടത്തുനിന്ന് മറ്റൊരിടത്തേക്ക് ചാടി നടക്കും. ഈ കുരങ്ങിനെയാണ് മെരുക്കിയെടുക്കേണ്ടത്. ഏകാഗ്രത അനിവാര്യമാണ്.

(3) go out – **പുറത്തുകടക്കുക** (സ്വാർത്ഥതയിൽ നിന്നും)

പ്രാർത്ഥന ദൈവത്തെ പ്രാപിക്കാനുള്ള ഒരു മാർഗ്ഗമാണ്.

Prayer is a means to reach to God.

പ്രാർത്ഥനയിൽ ശ്രവണമനോഭാവം ഉണ്ടാകണം. പലപ്പോഴും പ്രഭാഷണം (speaking prayer) ആയി മാറുന്നു. Listening prayer is strengthening prayer. ശ്രവിക്കുന്ന പ്രാർത്ഥന, ശക്തിയുടെ പ്രാർത്ഥനയാണ്. പ്രശ്നങ്ങളെ പരിഹരിക്കാനല്ല ശരിയായ രീതിയിൽ സ്വീകരിക്കാനുള്ള ശക്തിയാണ് ആവശ്യം.

www.malankaralibrary.com

# II

# പ്രാർത്ഥനയും ജീവിതവും

**പ്രാർത്ഥനയും** ജീവിതവുമായി ബന്ധപ്പെടാതെയും ജീവിക്കാം. അതു ശരിയല്ല. പ്രാർത്ഥന ഒരു വശത്തും ജീവിതം മറ്റൊരു വശത്തും കിടക്കും. 'നന്നായി പ്രാർത്ഥിക്കുന്നവൻ നന്നായി ജീവിക്കും'. പൂർണ്ണ തയിലുള്ള മനുഷ്യജീവിതമാണ് യേശുവിന്റേത്.

മത്താ. 11:29 'നിങ്ങൾ എന്നെ കണ്ടു പഠിക്കുക.' എന്നെ കണ്ട് പഠി ക്കുകയെന്ന് സുവിശേഷത്തിൽ ഒരിക്കലേ പറഞ്ഞിട്ടുള്ളൂ.

'ശാന്തതയും വിനയവും' gentle & humble. ഇതു രണ്ടുമാണ് യേശു വിനെ കണ്ടുപഠിക്കാൻ പറഞ്ഞിട്ടുള്ളത്.

**"Meekness" ശാന്തശീലവും എളിമയും**

വികാരം ഉൾക്കൊള്ളേണ്ടതുപോലെ ഉൾക്കൊള്ളാനും എന്നാൽ വികാരങ്ങൾക്ക് അടിമപ്പെടാതെ ചെയ്യേണ്ടത് ചെയ്യാനും പറയേണ്ടത് പറയാനും ഉള്ള കഴിവ്. ഉദാ: മർക്കോ. 3:1-6.

വികാരങ്ങൾ ഉൾക്കൊണ്ടുകൊണ്ട് എന്നാൽ അതിന് അടിമപ്പെടാതെ ദുഃഖത്തോടും കോപത്തോടും അവരെ നോക്കിയിട്ട് ശാന്തമായി കൈ സുഖപ്പെടുത്തുന്നു. ശാബത്തിൽ രോഗശാന്തി.

ശാന്തത = സമചിത്തത എന്ന് വേണമെങ്കിൽ പറയാം.

പലപ്പോഴും വിനയം ഇല്ലാതെ വരുമ്പോഴാണ് - അഹം മുറിപ്പെടു മ്പോഴാണ്- പൊട്ടിത്തെറിക്കുന്നത്.

'ശാന്തതയും എളിമയും' ഉണ്ടാകണമെങ്കിൽ അഹം ഇല്ലാതാകണം. അഹത്തിന്റെ സ്ഥാനത്ത് ദൈവം നിറയണം. (ചില മരത്തെ കൊന്നിട്ട് ഇത്തിൾ വളരും).

**ദൈവം നിറയുമ്പോൾ = അനന്തസത്യമാകും.**

ആദത്തിന്റെ പാപവും അഹമാണ്. ദൈവത്തിന്റെ സ്ഥാനത്ത് സ്വയം. സ്വന്തം ഹിതം ദൈവത്തിന്റെ സ്ഥാനത്ത് പ്രതിഷ്ഠിക്കുന്നു. എളിമയു ണ്ടെങ്കിൽ അഹം വരികില്ല.

www.malankaralibrary.com

പ്രാർത്ഥിക്കാൻ പഠിപ്പിക്കണമേ (ലൂക്ക. 11:1)

ഒരു കാര്യം മാത്രമേ ശിഷ്യന്മാർ പഠിപ്പിക്കാനായി ആവശ്യപ്പെട്ടുള്ളൂ. പ്രാർത്ഥിക്കാൻ. (മത്താ. 11:29) ഒരു കാര്യം മാത്രം പഠിക്കാൻ യേശുവും പറഞ്ഞു: 'ശാന്തത വിനയം.' (മത്താ.8:23:27) അല്പവിശ്വാസികളേ! എന്തിന് ഭയപ്പെടുന്നു. അവരെ ശാന്തരാക്കിയിട്ടാണ് കടലിനെ ശാന്തമാക്കുന്നത്.

റോമ 8:31– ദൈവം നമ്മുടെ പക്ഷത്തെങ്കിൽ ആര് നമുക്ക് എതിര് നിൽക്കും?

ശാന്തതയുടെയും എളിമയുടെയും കൂടാരമായിരുന്നു പരിശുദ്ധ അമ്മ എന്ന് പറയാം. ലൂക്ക 2:51 – എല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു. പരിശുദ്ധ കന്യകാമറിയത്തിന്റെ ഹൃദയത്തിൽ സംഗ്രഹിക്കുകയെന്നു പറഞ്ഞാൽ ധ്യാനിക്കുക. 2:19 – മറിയമാകട്ടെ ഇവയെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു ഗാഢമായി ചിന്തിച്ചുകൊണ്ടിരുന്നു. പഴയനിയമത്തിൽ ഹൃദയത്തിൽ സംഗ്രഹിക്കുക എന്നുപറഞ്ഞാൽ ധ്യാനിക്കുകയെന്നാണ്.

ദൈവസ്നേഹം നിറഞ്ഞ ഹൃദയത്തിൽ അവൾ ഇവയെല്ലാം കടത്തിവിട്ടു. മനസിലാകാത്തതും മനസിലായതുമെല്ലാം. ദൈവപരിപാലനയിൽ അർപ്പിച്ചുകൊണ്ട് എല്ലാം ദൈവത്തിൽ സമർപ്പിച്ചു.

She was recollecting everything in her heart (എല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു).

വളരെയധികം പിരിമുറുക്കം അനുഭവിച്ചുകഴിഞ്ഞും– ശാബത്തിലെ പിരിമുറുക്കത്തിനുശേഷം–പ്രാർത്ഥിച്ചു. (ലൂക്ക 6:6–11).

എന്തെങ്കിലും വലിയ കാര്യം ചെയ്യുന്നതിന് മുൻപും യേശു പ്രാർത്ഥിച്ച് ഒരുങ്ങിയിരുന്നു – പിതാവുമായി ആലോചന ചോദിച്ചിരുന്നു.

ലൂക്ക 6:12 – മലയിൽ പോയി രാത്രി മുഴുവൻ പ്രാർത്ഥനയിൽ ചില വഴിച്ചു. പ്രഭാതമായപ്പോൾ ശിഷ്യന്മാരിൽ നിന്നും അപ്പസ്തോലന്മാരെ തിരഞ്ഞെടുത്തു. പിതാവുമായി ചിലവഴിച്ചപ്പോൾ വലിയ ശക്തി ലഭിച്ചു. ''ഒരുവന് സുശക്തമായ ദൈവാനുഭവത്തിന്റെ കൃപ ലഭിക്കുമ്പോൾ രൂപാന്തരപെടലിന്റെ സമയത്ത് ശിഷ്യന്മാർക്ക് ഉണ്ടായതിനോട് സാദൃശ്യമായ അനുഭവമായിരിക്കും'' (യുക്യാറ്റ്).

വലിയ കാര്യങ്ങൾ നടക്കുമ്പോൾ വിവാഹം–മാമ്മോദീസാ–ഓർമ്മപ്പെരുനാൾ ഇവയുടെ തലേരാത്രി നാമെങ്ങനെയാണ് ഒരുങ്ങാറുള്ളത്? പലപ്പോഴും പ്രാർത്ഥന മറക്കാറില്ലേ?

ഒരിക്കൽ 8 ആൺമക്കളുള്ള അപ്പൻ മരിക്കാറായി ഹോസ്പിറ്റലിൽ! അടുത്ത മുറിയിൽ കുപ്പിയിൽ നിന്നും ധൈര്യം സംഭരിക്കുന്ന ആൺമക്കൾ. ഇടയ്ക്കിടെ വന്നുതിരക്കും! എന്താ വടിയായോ?

www.malankaralibrary.com

## ശാന്തതയും - വിനയവും - പ്രാർത്ഥനയും

'ജീവിതത്തിന്റെ പ്രകാശനമാണ് പ്രാർത്ഥന.'
പ്രാർത്ഥന എങ്ങനെയോ ജീവിതവും അങ്ങനെതന്നെ.

ഓരോ സന്യാസമൂഹത്തിനും പ്രത്യേക പ്രാർത്ഥനയുണ്ട്. ആ പ്രാർത്ഥന അവരുടെ ജീവിതമാണ് കാണിക്കുക.

**പ്രാർത്ഥനയുടെ നിയമം ജീവിതത്തിന്റെ നിയമം**

അതുകൊണ്ടാണ് പ്രാർത്ഥന എങ്ങനെയോ ജീവിതവും അങ്ങനെ തന്നെ എന്ന് പറയുക.

"Prayer is the expression of the life." (ജീവിതത്തിന്റെ പ്രകാശമാണ് പ്രാർത്ഥന). പഴയകാലത്ത് ഇതുപോലെ യോഹന്നാന്റെ ശിഷ്യന്മാർക്കും പ്രാർത്ഥനയുണ്ടായിരുന്നു. അവരുടെ ജീവിതത്തെ കാണിക്കുന്ന പ്രാർത്ഥന.

'കർത്താവേ യോഹന്നാൻ പഠിപ്പിച്ചതുപോലെ ഞങ്ങളെയും പ്രാർത്ഥിക്കാൻ പഠിപ്പിക്കുക (ലൂക്ക 11:1).

ക്രിസ്തീയജീവിതം എങ്ങനെയെന്ന് 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന പ്രാർത്ഥന നമ്മെ പഠിപ്പിക്കുന്നു. ക്രിസ്ത്യാനികളുടെ കാരിസമാണ് യേശു പ്രാർത്ഥനയിൽക്കൂടി ശിഷ്യന്മാരെ പഠിപ്പിക്കുന്നത്.

പുതിയനിയമം എഴുതിയത് ഗ്രീക്ക് ഭാഷയിലാണ്.

മത്താ. 14:36ൽ നാം കാണുന്നു: Abba (ആബാ) = പിതാവേ! പിതാവും പുത്രനും തമ്മിലുള്ള ബന്ധമാണ് നാം ഇവിടെ കാണുക.

യോഹ.1:14-15 'പിതാവിന്റെ മടിയിൽ ഇരിക്കുന്ന ഏകജാതൻ.'

ദൈവൈക്യത്തിൽ കഴിയുന്നവനാണ് മടിയിൽ ഇരിക്കുന്നത്. ഇതേ അവകാശമാണ് നമുക്കും ലഭിക്കുന്നത്. ശരിയാണോ? ലഭിക്കുന്നുണ്ടോ? അങ്ങനെ വിളിക്കാമോ? അതിനുള്ള അർഹത നാം തന്നെ ഉണ്ടാക്കിയെടുക്കണം. മക്കൾക്കടുത്ത ജീവിതം നാം നയിക്കണം.

ഗലാ.4:6 'നിങ്ങൾ മക്കളായതുകൊണ്ട് (Abba) ആബ്ബാ പിതാവേ എന്നു വിളിക്കുന്ന തന്റെ പുത്രന്റെ ആത്മാവിനെ ദൈവം നമ്മുടെ ഹൃദയത്തിലേക്ക് അയച്ചിരിക്കുന്നു. ആകയാൽ നീ ഇനിമേൽ ദാസനല്ല പിന്നെയോ പുത്രനാണ്.'

റോമ 8:15-16 - എങ്ങനെയാണ് മക്കളായതെന്നും ഈ അവകാശം എങ്ങനെ ലഭിക്കുന്നുവെന്നും വ്യക്തമാക്കുന്നു.

Abba എന്ന അറമായ വാക്കുതന്നെ ഉപയോഗിക്കുന്നത് കൂടുതൽ അനുഭവം ഉളവാക്കുവാനായിട്ടാണ്. (Abba- ആബ്ബാ - പിതാവേ; പലപ്രാവ

www.malankaralibrary.com

ശ്യം വിളിക്കാം) ഏലിയ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടപ്പോൾ ഏലിശായും വിളിച്ചു. പിതാവേ, എന്റെ പിതാവേ!

### പിതൃപുത്ര ബന്ധത്തിന്റെ അനുഭവം

"Prayer is an experience". "Abba experience". ആബാ അനുഭവം.

ഇതാണ് നമുക്ക് ആവശ്യം. പക്ഷെ നമ്മുടെ ജീവിതത്തിൽ നഷ്ടപ്പെട്ട് പോകുന്നതും ഇതുതന്നെയാണ്. ഏതാണ്? "Abba experience." പിതൃ അനുഭവം - പിതൃപുത്ര അനുഭവം.

### സ്നേഹമാണ് അടിസ്ഥാനം

പൗലോസ് ശ്ലീഹാ കോറിന്തോസുകാർക്കെഴുതിയ ലേഖനത്തിൽ പറയുന്നതുപോലെ. 1 കോറി. 13:1-3 എന്തെല്ലാം ഉണ്ടായാലും സ്നേഹമില്ലെങ്കിൽ ഒന്നുമില്ല.

സ്നേഹമില്ലാതെ പോകുന്നതെപ്പോൾ? ഭയം ഉണ്ടാകുമ്പോൾ- തെറ്റ് ചെയ്യുമ്പോൾ, ദൈവത്തിൽനിന്ന് അകന്നുപോകുമ്പോൾ- ദൈവത്തിന് പുറംതിരിഞ്ഞ് ഇരിക്കുമ്പോൾ.

പ്രാർത്ഥനയുടെ കാര്യത്തിലും ഇതുപോലെയാണ്. എന്തെല്ലാം ചെയ്താലും അടുപ്പത്തോടുകൂടി പ്രാർത്ഥിക്കണം. അല്ലെങ്കിൽ അനുഭവം ലഭിക്കില്ല. ഒരു സന്നിധാനാനുഭവം ഉണ്ടാകണം.

എന്നാൽ നമ്മൾ തെറ്റിലായാൽ നാം അറിയാതെ അകന്നുപോകുന്നു. ഏദൻതോട്ടത്തിൽ നാം കാണുന്നത് അതാണ്. കുഞ്ഞുങ്ങളും ഇങ്ങനെതന്നെ! കുഞ്ഞുങ്ങൾ തെറ്റുചെയ്തു കഴിയുമ്പോൾ പിതാവിന്റെ അടുത്തുവരാൻ ഭയം.

ചുരുക്കത്തിൽ അനുഭവം ലഭിക്കണമെങ്കിൽ അടുപ്പത്തോടുകൂടി പ്രാർത്ഥിക്കണം. (സാമിപ്യം → സായൂജ്യം)

നാം ആയിരിക്കുന്ന അവസ്ഥയിൽ ദൈവം നമ്മെ സ്നേഹിക്കുന്നു. നമ്മെ സ്നേഹിച്ചുകൊണ്ട് നല്ലവരാക്കുന്നു. നല്ലവരായിട്ട് സ്നേഹിക്കാൻ കാത്തിരിക്കുകയല്ല ദൈവം.

ബന്ധത്തെ { ഉണർത്തുക / വളർത്തുക / ഉറപ്പിക്കുക } പിതൃപുത്രബന്ധം ഇതാണ് പ്രാർത്ഥന

### നാം ദൈവമക്കളാണ്, ദൈവം പിതാവുമാണ്

അവിടെയാണ് പിതൃ-പുത്രബന്ധത്തിന്റെ പ്രസക്തി നാം മനസിലാക്കുക.

www.malankaralibrary.com

1 യോഹ.3:1 കണ്ടാലും എത്ര വലിയ സ്നേഹം
(സ്നേഹം മാത്രമല്ല)

റോമ. 5:5 സ്നേഹം നൽകി - ജീവൻ നൽകി - അരൂപിയെ നൽകി

ജീവനാണ് - അരൂപിയാണ് നമുക്ക് നൽകപ്പെട്ടിരിക്കുന്നത്. ഇതൊക്കെ വിരൽ ചൂണ്ടുന്നത് പിതൃപുത്രബന്ധത്തിലേക്കാണ്.

**പ്രാർത്ഥനയിൽ ദൈവാഭിമുഖ്യമുള്ളവരാകണം - സ്വന്ത ഇഷ്ടമല്ല**

സാധാരണ നമ്മുടെ പ്രാർത്ഥനയിലെല്ലാം മുഴച്ചും തെളിഞ്ഞും നിൽക്കുന്നത് സ്വന്തം ഇഷ്ടവും, ആവശ്യങ്ങളുടെ പൂർത്തീകരണവുമായിരിക്കും. എന്നാൽ യേശു കാണിച്ചുതന്നത് ഇതിന് വിപരീതമായിട്ടാണ്.

നിന്റെ നാമം
നിന്റെ രാജ്യം
നിന്റെ ഇഷ്ടം

പ്രാർത്ഥനയിൽ ദൈവത്തിലേക്ക് നോക്കുക
ദൈവത്തിന്റെ നാമം -മഹത്വമാകണം

പിന്നെ അവിടുത്തെ രാജ്യവും ഇഷ്ടവും. നമ്മുടെ താൽപര്യവും ഇഷ്ടവുമല്ല സാധിക്കേണ്ടത്.

യോഹ.17:1 - പിതാവിന്റെ മഹത്വമാണ് യേശുവിന്റെ ലക്ഷ്യം.

പുത്രൻ മഹത്വപ്പെട്ടോ? 2 പത്രോ.1:17 - 'പിതാവായ ദൈവത്തിൽ നിന്ന് ബഹുമാനവും മഹത്വവും അവൻ സ്വീകരിച്ചു'.

ദൈവം മഹത്വമുള്ളവനാണ്. ഒരു കുറവും ഇല്ല. നമുക്ക് ഒട്ടും കൂട്ടിച്ചേർക്കാനും പറ്റുകയില്ല. എന്നാൽ മനുഷ്യർ അറിയുകയും അംഗീകരിക്കുകയും ചെയ്യുമ്പോൾ അവന്റെ നാമം മഹത്വീകരിക്കപ്പെടുന്നു.

പ്രകൃതിപോലും നിയമം പാലിച്ചുകൊണ്ട് ദൈവത്തെ മഹത്വീകരിക്കുന്നു. പക്ഷെ മനുഷ്യർ മാത്രമാണ് കുഴപ്പം സൃഷ്ടിക്കുന്നത്.

അവന്റെ - മനുഷ്യന്റെ - ശ്രേഷ്ഠതയും അവന്റെ സ്വാതന്ത്ര്യവും മാന്യതയുമാണ് അപകടത്തിലേക്ക് നയിക്കുന്നത്. ഇഷ്ടമുള്ളത് തിരഞ്ഞെടുക്കുന്നു. dignity is also a risk. yes or no പറയാനുള്ള സ്വാതന്ത്ര്യം ഉണ്ട്.

യോഹ. 17:4 - ജോലി പൂർത്തിയാക്കിക്കൊണ്ട് പിതാവിനെ മഹത്വപ്പെടുത്തി. ദൈവം മഹത്വീകരിക്കപ്പെടുന്നത് അവിടുത്തെ ഭരണം നാം അംഗീകരിക്കുമ്പോൾ - സ്വീകരിക്കുമ്പോൾ.

രാജ്യം വരണം = അവിടുത്തെ ഭരണം വരണം. നിലവിലുള്ള വ്യവസ്ഥിതി മാറണം. സ്വന്തം ഭരണം മാറണം.

www.malankaralibrary.com

# III

# പ്രാർത്ഥനയും അരൂപിയും

## (റോമ. 8:26)

**നമ്മുടെ** ബലഹീനതയിൽ നമ്മുടെ ആത്മാവ് നമുക്കുവേണ്ടി മാധ്യസ്ഥം വഹിക്കുന്നു.

| | |
|---|---|
| Parakletos | = പരിശുദ്ധാത്മാവ് |
| Para | = അടുത്തേക്ക് |
| kletos | = വിളിക്കപ്പെട്ടവൻ |

| | |
|---|---|
| യോഹ.14:15-17 | 'വലിയ ഒരു സഹായകനെ വാഗ്ദാനം ചെയ്തിട്ടുണ്ട്. ലോകത്തിന് (യേശുവിൽ വിശ്വസിക്കാത്തവർ) സ്വീകരിക്കാൻ കഴിയാത്ത ഒരാളെ നിങ്ങൾക്ക് നിത്യസഹായകനായിട്ട് നമ്മോടുകൂടി ആയിരിക്കാൻ നൽകിയിരിക്കുന്നു. |
| ലൂക്കാ 1:41-42, 1:67 | എലിസബത്തും സഖറിയായും പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് പ്രാർത്ഥിക്കുന്നു. |
| ലൂക്കാ 2:25 | പരിശുദ്ധാത്മാവ് അവന്റെമേൽ ഉണ്ടായിരുന്നു. കർത്താവിന്റെ അഭിഷിക്തനെ കാണുന്നതുവരെ മരിക്കില്ലെന്ന് പരിശുദ്ധാത്മാവ് അവന് വെളിപ്പെടുത്തിയിരുന്നു. പരി. ആത്മാവിന്റെ പ്രേരണയാൽ അവൻ ദൈവാലയത്തിലേക്ക് വന്നു. |
| ലൂക്കാ 3:21-22 | യേശു സ്നാനം കഴിഞ്ഞു പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ സ്വർഗ്ഗം തുറക്കപ്പെട്ടു. പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ അവന്റെമേൽ ഇറങ്ങിവന്നു. സ്വർഗ്ഗത്തിൽനിന്ന് ഒരു സ്വരവും ഉണ്ടായി. ''നീ എന്റെ പ്രിയപുത്രൻ. നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു'' (പ്രാർത്ഥനാനുഭവം). |

www.malankaralibrary.com

| | |
|---|---|
| ലൂക്കാ 10:21 | യേശു പരിശുദ്ധാത്മാവിൽ ആനന്ദിച്ച്... (ആത്മാവുമായി ഒന്നാകുന്നു) |

നമുക്കും ശക്തിപ്രാപിക്കാൻ പരിശുദ്ധാത്മാവിന്റെ സഹായം വേണം. പ്രാർത്ഥിക്കുന്നതിനും ബലി അർപ്പിക്കുന്നതിനും, കൗദാശികജീവിതത്തിനും, പ്രാർത്ഥന അനുഭവമാകുവാനും ഒക്കെ പരിശുദ്ധാത്മാവിന്റെ സഹായം ആവശ്യമാണ്.

| | |
|---|---|
| റോമ. 8:15-16 : | ആത്മാവ് മൂലം Abba അനുഭവം. നാം ദൈവമക്കളാണെന്ന് പരി. ആത്മാവ് നമ്മെ പഠിപ്പിക്കുന്നു. |
| ഗലാ. 3:26-29 | യേശുവിലുള്ള വിശ്വാസം മൂലവും സ്നാനം മൂലവും യേശുവിലുള്ള ഐക്യവും അതിൽ അരൂപിയുള്ള ജീവിതവും നാം കരസ്ഥമാക്കുന്നു. |
| റോമ.8:14 | ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവരെല്ലാം ദൈവത്തിന്റെ പുത്രന്മാരാണ്. പരി.ആത്മാവിന്റെ സഹായം ഇല്ലാതെ ദൈവത്തെ അബ്ബാ-പിതാവേ എന്നു വിളിക്കാൻ പറ്റില്ല. ആത്മാവിൽ നിറഞ്ഞ് വിളിക്കുമ്പോൾ വലിയ അനുഭവം ഉണ്ടാകും. |
| റോമ.8:1-13 | ഒരു വലിയ സംഘട്ടനം - ഒരു സമരത്തെക്കുറിച്ചാണ് പറയുന്നത്. ശരീരത്തിന്റെ പ്രവണതയനുസരിച്ചല്ല, ആത്മാവിന്റെ ചൈതന്യം ഉൾക്കൊണ്ടുകൊണ്ട് ജീവിക്കണം. |

ജഡികാഭിലാഷങ്ങൾ എന്ന് പറയുമ്പോൾ ദൈവത്തിന് എതിരായിട്ടുള്ള എല്ലാ വ്യാപാരങ്ങളും ജഡത്തിന്റെ വ്യാപാരങ്ങളാണ്. ഇതിനെക്കുറിച്ച് ഗലാ.5:16-21ൽ കാണാം. ആ ഭാഗം എടുത്ത് വായിക്കണം.

അരൂപിയിലുള്ള ജീവിതമെന്ന് പറഞ്ഞാൽ ഒരു സമരജീവിതമാണ്. മാമ്മോദീസായിൽ ആരംഭിച്ച് സ്വർഗ്ഗത്തിൽ എത്തിച്ചേരുന്നതുവരെയുള്ള ഈ യാത്രയിൽ അരൂപി നമ്മെ നയിക്കുന്നു. ജഡത്തിനെതിരായി പൊരുതി ജീവിക്കുന്നു. ക്രിസ്തീയജീവിതം = മരുഭൂമി അനുഭവം. ലോകം മരുഭൂമിയാണെങ്കിൽ കാനാൻ നാട് എന്ന് പറയുന്നത് സ്വർഗ്ഗമാണ്. ഇസ്രായേൽക്കാർക്ക് മരുഭൂമിയിൽ കൂടി യാത്ര ചെയ്ത് വളരെയധികം സഹനങ്ങൾക്കുശേഷം മാത്രമാണ് കാനാൻ നാട്ടിൽ പ്രവേശിക്കാൻ കഴിഞ്ഞത്.

മരുഭൂമി പ്രലോഭനങ്ങളുടെ വേദിയാണ്. ദൈവികസംരക്ഷണത്തിന്റെയും വേദിയായിരുന്നു. ഇസ്മായേലിനും സംരക്ഷണം ലഭിച്ചത്

www.malankaralibrary.com

മരുഭൂമിയിൽ വെച്ചാണല്ലോ.

മത്താ.4:1 – മരുഭൂമിയിലേക്ക് അരൂപിയാൽ നയിക്കപ്പെടുന്നു. പിശാചിനാൽ പരീക്ഷിക്കപ്പെടുന്നു. നമുക്ക് മുൻപായി പ്രലോഭനങ്ങളിൽ പരീക്ഷിക്കപ്പെടുവാൻ യേശു മരുഭൂമിയിലേക്ക് നയിക്കപ്പെടുന്നു. യേശു വചനം കൊണ്ടാണ് പരീക്ഷയിൽ ജയിച്ചത്. പരീക്ഷയിൽ അകപ്പെടുമ്പോൾ നമുക്കും വചനത്തിന്റെ ശക്തി ആവശ്യമാണ്. വചനം ദൈവമാണ്.

ആരാധന 'ഗരീസിം' മലയാണ് സമരിയാക്കാർ ആരാധനാസ്ഥലമായി തിരഞ്ഞെടുത്തത്.

യോഹ. 4:20–26 – എന്നാൽ യേശു പറഞ്ഞു: ഗരീസിം മലയിലോ ജറുസലേമിലോ അല്ല ആരാധിക്കേണ്ടത്. ആത്മാവിലും സത്യത്തിലും ആരാധിക്കണം. യഥാർത്ഥ ആരാധകർ അരൂപിയിലും സത്യത്തിലും ആരാധിക്കുന്നു. കാരണം, സത്യാരാധകർ ആത്മാവിൽ ജനിച്ചവരാണ്. (3:3–8) സത്യവചനത്താൽ പവിത്രീകരിക്കപ്പെട്ടവരും (17:17) അവരിൽ ദൈവാത്മാവ് വസിക്കുന്നു.

സത്യം = ക്രിസ്തു (യോഹ.14:6)
അരൂപി = പരി. ആത്മാവ്

സാധാരണ പറയുക worship the father through christ in spirit എന്നാണ്. പിതാവിനെ ക്രിസ്തുവിൽക്കൂടി പരിശുദ്ധാത്മാവിൽ ആരാധിക്കുക. Trinitarian worship എന്ന് പറഞ്ഞാലോ = ത്രിത്വൈകദൈവത്തെ ആരാധിക്കുക. നാം എപ്പോഴാണ് ത്രിത്രൈകദൈവത്തിന്റെ കൂട്ടായ്മയിലേക്ക് വരിക? മാമ്മോദീസായിൽ.

**അരൂപിയിലുള്ള വളർച്ച** : സഭയുടെ കൂദാശാജീവിതത്തിലൂടെയാണ്. നാം അരൂപിയിൽ വളരേണ്ടത്. എല്ലാ കൂദാശകളിലും പരി. ആത്മാവിന്റെ സാന്നിദ്ധ്യം ഉണ്ട്. അതിൽക്കൂടി പരി. ആത്മാവിനെ നമുക്ക് ലഭിക്കുന്നു. പടിപടിയായി വളർത്തിയെടുക്കണം. അതിൽക്കൂടി ദൈവാനുഭവം നമുക്ക് ലഭിക്കും.

നാം നേരത്തെ പറഞ്ഞു ഏറ്റവും വലിയ പ്രാർത്ഥന ഏതാണെന്ന്?

**പരി. കുർബാന:** Eucharistic celebration ആണ്. ഇതിൽക്കൂടി നവീകരണം നടക്കണം. ഏറ്റവും വലിയ ആരാധനയും പ്രാർത്ഥനയും പരി.കുർബാനയാണ്. അർപ്പകനും അർപ്പിതവും യേശു തന്നെയാണ്. കുർബാനസ്വീകരണത്തിൽക്കൂടി നാം യേശുവിന്റെ ശരീരമായി രൂപാന്തരപ്പെടണം.

1 യോഹ.4:1 – എല്ലാ അരൂപിയേയും വിശ്വസിക്കരുത്. വിവേചിച്ചറിയണം. നന്മയും തിന്മയും ഒരുമിച്ച് പ്രവർത്തിക്കുന്നു. നല്ല അരൂപി ഉണർന്ന്

www.malankaralibrary.com

പ്രവർത്തിക്കുമ്പോൾ ദുഷ്ടാരൂപിയും പ്രവർത്തനക്ഷമമാകും.

### എങ്ങനെ തിരിച്ചറിയും?

സ്നേഹമാണ് അതിന്റെ ഉള്ളിൽ അടങ്ങിയിരിക്കുന്നതെങ്കിൽ ദൈവാത്മാവാണ്. കലഹവും സ്വാർത്ഥതയുമാണെങ്കിൽ ദുഷ്ടാരൂപിയും.

മറ്റൊന്ന് 1 യോഹ. 4:6

ശ്രവണവും സ്വീകരണവുമായിട്ടുള്ള മനോഭാവങ്ങൾ കാണാൻ കഴിയും. അരൂപിയുടെ പ്രവർത്തനമാണെങ്കിൽ തുറന്ന മനോഭാവം ഉണ്ടാകും. സഭയേയും മറ്റുള്ളവരെയും കേൾക്കാൻ സന്മനസുണ്ടാകുന്നുവെങ്കിൽ ദൈവാരൂപിയുടെ പ്രവർത്തനമാണ്.

ദുഷ്ടാരൂപിക്കും അത്ഭുതങ്ങളും അടയാളങ്ങളും കാണിക്കാൻ കഴിയും. അവരുടെ പുറകേ പോകരുത്. വഞ്ചിതരാകും. ഇതിന് ഉദാ: മത്താ.7:21-22. 'നിന്റെ നാമത്തിൽ അത്ഭുതങ്ങൾ ഒക്കെ ചെയ്തു...' പക്ഷെ യേശു അവരെ അറിയുന്നില്ല. സഭയെ ഉപേക്ഷിച്ച് അവരുടെ പുറകേ പോകുന്നവരേയും യേശു അറിയില്ല.

### ധ്യാനിക്കാൻ

ജഡത്തിന്റെ വ്യാപാരങ്ങളെ ജയിച്ച് അരൂപിയിൽ വളരാൻ - നോമ്പ്, ഉപവാസം, പ്രാർത്ഥന- കൂദാശാജീവിതം ഇവ എന്റെ ജീവിതത്തിൽ എങ്ങനെ പ്രയോജനപ്പെടുത്തും.

www.malankaralibrary.com

# IV

# പ്രാർത്ഥനയും വചനവും

**പ്രാർത്ഥന** മുഴുവൻ വചനാധിഷ്ഠിതമാണ്. പ്രത്യേകിച്ച് യാമ പ്രാർത്ഥന. സ്നേഹബന്ധം അനുഭവിച്ചു കൊണ്ടുവേണം പ്രാർത്ഥിക്കാൻ. സ്നേഹബന്ധം എന്ന് പറയുമ്പോൾ കുടുംബത്തിലുണ്ടായിരുന്ന എല്ലാവരേയും മാതാപിതാക്കൾ (മരിച്ചവരേയും) പൂർവ്വികർ, സഭാതലവന്മാർ, മെത്രാന്മാർ, വൈദികർ, സന്യസ്തർ, വികാരി, ഇടവകക്കാർ, അയൽക്കാർ, ദേശവാസികൾ എല്ലാവരേയും സമർപ്പിച്ച് അവരുമായുള്ള കൂട്ടായ്മയിൽ വേണം പ്രാർത്ഥിക്കാൻ. അന്നേരമാണ് പ്രാർത്ഥനയ്ക്ക് ശക്തി ലഭിക്കുക. പൂർണമായും ക്ഷമിച്ച് വെറുപ്പും വൈരാഗ്യവും ഇല്ലാതെ നല്ല ബന്ധത്തിൽ പ്രാർത്ഥിക്കാൻ കഴിയണം. അവിടെ ദൈവസാന്നിദ്ധ്യം അനുഭവപ്പെടും. അനുഭവത്തിന്റെ തലത്തിലേക്ക് സ്നേഹം ഉൾക്കൊണ്ടുകൊണ്ട് പ്രാർത്ഥിക്കണം. അത് ഒരു സംഭാഷണമാകണം. പ്രഭാഷണമാകരുത്.

പ്രാർത്ഥിച്ചു പ്രാർത്ഥിച്ച് അനുഭവത്തിന്റെ തലത്തിലേക്ക് ഇറങ്ങിവരണം. അപ്പോൾ പ്രാർത്ഥന ഒരു അനുഭവമാകും.

സ്നേഹബന്ധം അനുഭവമാകണമെങ്കിൽ അത് അനുഭവിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ – നിയമങ്ങൾ ഏവയെന്ന് മനസിലാക്കേണ്ടതുണ്ട്.

### പ്രധാനപ്പെട്ട 5 നിയമങ്ങൾ

1. സ്നേഹബന്ധം ഉണർത്തണം. അതിന് സ്തുതിച്ചുകൊണ്ട് ആരംഭിക്കുന്നത് നല്ലതാണ്.
2. ദൈവം തുടക്കമിടുന്നു. അപ്പോൾ നമ്മൾ കേൾവിക്കാരനാകണം. ശ്രദ്ധയോടെ ഇരിക്കണം. ധ്യാനാത്മമാകണം.

Prayer is a dialogue in which God begin to take the initiative and man become listener.

പ്രാർത്ഥന ഒരു സംഭാഷണമാണ്. അതിൽ ആരംഭം ഇടുന്നത് ദൈവമാണ്. മനുഷ്യൻ ആദ്യം ഒരു കേൾവിക്കാരനാണ്.

നാം ജനിക്കുന്നതിന് മുൻപ്തന്നെ ദൈവം നമ്മേ വിളിച്ചിരിക്കുന്നു. ലോകാരംഭത്തിന് മുൻപ് തന്നെ നമ്മേ വിളിച്ചു. അതാണ് സംഭാഷണ

www.malankaralibrary.com

ത്തിന് തുടക്കം ഇട്ടത് ദൈവം തന്നെയാണെന്നു പറഞ്ഞത്. എന്തുകൊണ്ട് എന്ന് ചോദിച്ചാൽ? തന്റെ സ്നേഹം കൊണ്ട്.

ലൂക്കാ.11-ലും 18-ലും രണ്ട് ഉപമകൾ പറയുന്നു. Parables of contrast = അന്തരം കാട്ടുന്നതിന് ഉപമ.

ലൂക്കാ 11:5-13-ൽ മനുഷ്യൻ ഇപ്രകാരമാണ്. ശല്യം തീർക്കാനാണ് അവൻ സ്നേഹിതന് രാത്രിയിലെഴുന്നേറ്റ് അപ്പം കൊടുത്തത്. പക്ഷെ ദൈവം, അങ്ങനെയല്ല. ചോദിക്കുന്നവന് ലഭിക്കുന്നു, അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു, മുട്ടുന്നവന് തുറന്ന് കിട്ടുകയും ചെയ്യുന്നു.

ലൂക്കാ 18:1-8 ൽ കാണുന്ന വിധവയുടെ സ്ഥിരതയോടെ പ്രാർത്ഥിക്കുക, ഭഗ്നാശരാകാതെ എപ്പോഴും പ്രാർത്ഥിക്കണമെന്നാണ് യേശു പഠിപ്പിക്കുന്നത്. യാചനകൾ തക്കസമയത്ത് ദൈവം സാധിച്ചുതരും. പ്രാർത്ഥനയിൽ മടുപ്പ് തോന്നരുത്.

ഇതു കാണിക്കാനാണ് കുളക്കരയിൽ 38 വർഷം തളർവാതരോഗിയായി കിടന്നവനോട് യേശു ചോദിച്ചത്: 'സുഖം പ്രാപിക്കാൻ നിനക്ക് ആഗ്രഹം ഉണ്ടോ?' (യോഹ.5:6).

വാസ്തവത്തിൽ ഇത് എന്ത് ചോദ്യമാണെന്ന് നമുക്ക് തോന്നാം. സുഖമാകാൻ വേണ്ടി 38 വർഷം കുളക്കരയിൽ കാത്തുകിടക്കുന്ന രോഗിയോടാണ് യേശു ചോദിക്കുന്നത് സുഖം പ്രാപിക്കാൻ നിനക്ക് ആഗ്രഹം ഉണ്ടോയെന്ന്. അതിന്റെ അർത്ഥം എന്താണ്? നിനക്ക് പ്രത്യാശയുണ്ടോ? സുഖം പ്രാപിക്കുമെന്ന് വിശ്വാസം ഉണ്ടോ? അതോ നിരാശയാണോ?

18 വർഷമായി കൂനിയായിരുന്നവളേയും, 12 വർഷം രക്തസ്രാവമുണ്ടായിരുന്നവളേയും യേശു സുഖപ്പെടുത്തുന്നു. വിശ്വാസത്തോടെ സ്ഥിരതയോടെ നാം പ്രാർത്ഥിക്കണം. യാന്ത്രികമായുള്ള പ്രാർത്ഥനയ്ക്ക് ഫലം ലഭിക്കില്ല.

അന്ധർക്ക് കാഴ്ച കൊടുക്കുമ്പോൾ യേശു ചോദിക്കുന്നു. എനിക്ക് ഇതു ചെയ്യാൻ കഴിയുമെന്ന് നിങ്ങൾ വിശ്വസിക്കുന്നുവോ? (മത്താ. 9:28). ഇവിടെയെല്ലാം നാം കാണുന്നത് യേശു ചെയ്ത അത്ഭുതപ്രവൃത്തികളാണ്. ഇനി ഒന്നു ചോദിക്കട്ടെ? അത്ഭുതം നടക്കുന്നതാണോ അത്ഭുതം. അതോ നടക്കാതിരിക്കുന്നതാണോ? നടക്കാതിരിക്കുന്നതാണ് അത്ഭുതം കാരണം ദൈവം അതിനുവേണ്ടി കാത്തിരിക്കുന്നു. എന്നിട്ടും നടക്കുന്നില്ലെങ്കിൽ അതാണ് അത്ഭുതം.

"Prayer is awareness"

പ്രാർത്ഥന ആഴമായ ബോധ്യത്തിലേക്ക് നയിക്കണം.

3. **തുടക്കം കുറിക്കാൻ ദൈവത്തെ അനുവദിക്കുക**
   എന്നുപറഞ്ഞാൽ നമ്മുടെ ശ്രവണത്തിൽ തുടങ്ങുക.

www.malankaralibrary.com

‘‘ദൈവം എന്താണ് സംസാരിക്കുന്നത് എന്ന് ശ്രദ്ധിക്കുക... അൽപസമയം ആ അവബോധത്തിൽ നിന്ന് ആരംഭിക്കുക. അതിനാണ് ബൈബിൾ നാം ഉപയോഗിക്കുന്നത്. അത് ദൈവവചനമാണ്. വചനം വായിക്കുമ്പോൾ ദൈവം നമ്മോട് സംസാരിക്കുന്നു.

St. Gregori the great (മഹാനായ ഗ്രിഗറി) ഇപ്രകാരം പറയുന്നു: ‘‘വചനം ദൈവത്തിന്റെ കത്താണ് – എഴുത്താണ്.’’

നമ്മളെ അധികം സ്നേഹിക്കുന്ന ദൈവം കത്തയച്ചിരിക്കുന്നു. ആ വിശ്വാസത്തിൽ നാം ആകാംക്ഷയോടെ വായിക്കണം. അപ്പോൾ ദൈവം നമ്മോടു സംസാരിക്കും. ശ്രദ്ധയോടെ കേൾക്കണം.

ഭാര്യയെ അധികം സ്നേഹിക്കുന്ന ഭർത്താവ് വിദേശത്തുനിന്നും ഭാര്യയ്ക്ക് ഒരു എഴുത്തയച്ചാൽ വളരെ സന്തോഷത്തോടെ ഭാര്യ ആ എഴുത്ത് പോസ്റ്റ്മാനിൽ നിന്നും കൈപ്പറ്റി ഓടി മുറിയിൽചെന്ന് ആദ്യം പലപ്രാവശ്യം അതിനെ ചുംബിക്കും എന്നിട്ട് വളരെ സന്തോഷത്തോടെ അതു വായിക്കും. അത് തന്റെ ഭർത്താവിന്റെ ശബ്ദമെന്നവണ്ണം പല പ്രാവശ്യം വായിച്ചെന്ന് വരും. വി. ഗ്രന്ഥവും പലപ്രാവശ്യം ചുംബിക്കാം.

**ബൈബിൾ എന്നു പറഞ്ഞാൽ word about God അല്ല; പിന്നെയോ Word of God ആണ്. ദൈവത്തെക്കുറിച്ച് സംസാരിക്കുകയല്ല. ദൈവം തന്നെ സംസാരിക്കുന്നു.**

**4. ആത്മാർത്ഥതയോടുകൂടിയ സംഭാഷണമായിരിക്കണം പ്രാർത്ഥന**

ഉള്ളത് ഉള്ളതുപോലെ പറയുക. ഒന്നും മറച്ചുവയ്ക്കാതിരിക്കുക. ദേഷ്യം വന്നാൽ അതു കാണിക്കുക. മറച്ചുവയ്ക്കരുത്.

പഴയനിയമത്തിലെ പ്രാർത്ഥനയുടെ മനുഷ്യനാണ് ജറമിയാ. (ജെറ. 20:7–9) ‘കർത്താവേ അങ്ങ് എന്നെ വഞ്ചിച്ചിരിക്കുന്നു...’

ഇവിടെ ജറമിയാ കർത്താവിനോട് വഴക്കിടുന്നതാണ് കാണുന്നത്. നമുക്കും വഴക്കിടാൻ തോന്നിയാൽ വഴക്കിടുക. ദൈവം പിണങ്ങുകയില്ല.

**5. ധ്യാനാത്മകമായിരിക്കണം**

ദൈവത്തെ കണ്ടുകൊണ്ട് – ദൈവത്തിൽ ശ്രദ്ധകേന്ദ്രീകരിച്ചുകൊണ്ട് – നമ്മിലേക്ക് തിരിയാതെ. നമ്മിലേക്ക് തിരിഞ്ഞാൽ എന്താ പ്രശ്നം? എന്നിലേക്ക് തിരിഞ്ഞാൽ കരയാനുള്ള കാരണങ്ങൾ ഉണ്ട്. എന്നാൽ അവനിലേക്ക് നോക്കിയാൽ പാടാൻ കഴിയും.

"While I look at me I have reasons to cry. While I look at Him I have reasons to sing".

www.malankaralibrary.com

പ്രാർത്ഥനയിലെ ഒരു പ്രധാന ഘടകമാണ് Response – പ്രത്യുത്തരം (5 എണ്ണം)

| | | |
|---|---|---|
| ആരാധന | = | സ്രഷ്ടാവ് |
| നന്ദി | = | നന്മകളെ ഓർത്ത് |
| പാപബോധം | = | ദൈവത്തിന്റെ പരിശുദ്ധിയെ ഓർത്ത് |
| യാചന | = | വിശ്വാസത്തിലുള്ള |
| മാധ്യസ്ഥപ്രാർത്ഥന | = | പരസ്പര സ്നേഹത്തിന്റെയും സഹായത്തിന്റെയും പേരിൽ |

ഈ പറഞ്ഞ 5 കൂട്ടം കാര്യങ്ങളും പ്രത്യുത്തരമാണ്. ഇങ്ങനെയാണ് പ്രാർത്ഥന ഒരു ഡയലോഗ് ആകുന്നത്.

ബൈബിൾ ഒരു പ്രാർത്ഥന പുസ്തകമാണെന്ന് പറഞ്ഞാലോ? എന്തു പറയും?

'Bible is a prayer book'. കാരണം ദൈവം മനുഷ്യരോട് ചെയ്യുന്ന സംഭാഷണവും മനുഷ്യന്റെ പ്രത്യുത്തരവുമാണ് ബൈബിൾ. അതായത് ദൈവം മനുഷ്യനെ കണ്ടുമുട്ടുന്ന ഒരു അവസരമാണ് അഥവാ അവസ്ഥയാണ്, ഒരു ലയനമാണ് അവിടെ നടക്കുന്നത്.

ദൈവത്തിന്റെ വചനം ചില ആശയങ്ങൾ അവതരിപ്പിക്കുകയല്ല. പിന്നെയോ 'ശക്തി'യാണ്. "Word of God is the power of God" ദൈവത്തിന്റെ വചനം സൃഷ്ടിക്കാൻ കഴിവുള്ളതാണ്. ഇല്ലായ്മയിൽ നിന്നും ഉള്ളായ്മയിലേക്ക് കൊണ്ടുവരാൻ കഴിവുള്ളതാണ്. Creative power. ദൈവത്തിന്റെ വചനം സൃഷ്ടിപരമാണ്.

യോഹ.1:3 ''സമസ്തവും അവനിലൂടെ ഉണ്ടായി. ഒന്നും അവനെ കൂടാതെ ഉണ്ടായിട്ടില്ല.'' അതുപോലെ healing power ഉണ്ട്. സുഖപ്പെടുത്താനുള്ള ശക്തിയുണ്ട്.

യോഹ. 4;46-54 -ഇവിടെ രാജസേവകന്റെ മകനെ സുഖപ്പെടുത്തുന്നതാണ് നാം കാണുന്നത്. ദൈവത്തിന്റെ ചൈതന്യമാണ് അവിടെ പ്രവർത്തിക്കുന്നത്. ഇവിടെയെല്ലാം നാം കണ്ടത് വചനത്തിന്റെ പ്രത്യേകതകളാണ്. പക്ഷെ സ്വീകരിക്കുന്നത് പലവിധത്തിലാണ്.

ബൈബിൾ പ്രഘോഷണത്തിൽ വചനം സ്വീകരിക്കാനുള്ള ആഭിമുഖ്യത്തിലും വിശ്വാസത്തിലും ഇരിക്കണം. പക്ഷെ പ്രസംഗം കേൾക്കാൻ വരുന്നവരുണ്ട്. അവർക്ക് നല്ല പ്രസംഗം കേൾക്കാനാണ് ഇഷ്ടം. കേട്ടുകൊണ്ടിരിക്കാനാണ് രസം- ശൈലി, സാഹിത്യം മുതലായ കാര്യങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് നന്നായി പ്രസംഗിക്കുന്നവരുടെ പ്രസംഗം കേൾക്കാൻ ആളുകൾ പോകും. അവിടെ ചലനങ്ങൾ ഒന്നും ഉണ്ടാകുന്നില്ല. കേട്ടുകൊണ്ടിരിക്കുമ്പോഴുള്ള ആവേശമേയുള്ളൂ. പ്രസംഗം കഴിയുമ്പോൾ തഥൈവ. പച്ചിരുമ്പിൽ ചുറ്റിയിരിക്കുന്ന കമ്പിയിൽ

www.malankaralibrary.com

കൂടി വൈദ്യുതി കടത്തിവിട്ടാൽ കാന്തമാകും. വൈദ്യുതി വിച്ഛേദിച്ചാൽ പച്ചിരുമ്പായി മാറുന്നതുപോലെ.

പക്ഷെ വചനം കേൾക്കാനുള്ള ആഭിമുഖ്യം മനുഷ്യരിൽ ഉണ്ടാകുമ്പോൾ രോഗശാന്തിയും മറ്റും ഉണ്ടാകുന്നു. വിശ്വാസം, ആഭിമുഖ്യം മുതലായവ അത്യന്താപേക്ഷിതമാണ്.

**വചനത്തിന് വിശുദ്ധീകരിക്കാൻ കഴിയും.**

യോഹ. 15:3– 'ഞാൻ നിങ്ങളോട് പറഞ്ഞ വചനം നിമിത്തം നിങ്ങൾ ശുദ്ധിയുള്ളവരായിരിക്കുന്നു.'

യോഹ.17:17 – 'അവരെ അങ്ങ് സത്യത്താൽ വിശുദ്ധീകരിക്കണമേ! അവിടുത്തെ വചനമാണ് സത്യം.'

**വചനം ജീവദായകമാണ്.**

1 പത്രോ. 1:23– ജീവൻ നൽകണം. 'നിങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നത് നശ്വരമായ ബീജത്തിൽ നിന്നല്ല, അനശ്വരമായ ബീജത്തിൽനിന്നാണ് – സജീവവും സനാതനവുമായ ദൈവവചനത്തിൽനിന്ന്.'

യോഹ. 6:35 – Bread of life

ജീവന്റെ അപ്പം: ദൈവവചനത്തെയാണ് സൂചിപ്പിക്കുന്നത്. വചനത്തിനും വി. കുർബാനയ്ക്കും തുല്യപ്രാധാന്യം കാണുന്നു.

ലൂക്കാ 24:13–31 – ഈ ഭാഗം വായിച്ച് ധ്യാനിക്കണം. Liturgy of word എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാർ ആദ്യം കേട്ടത് Liturgy of word ആണ്. അതുകഴിഞ്ഞാണ് അപ്പം മുറിക്കൽ. 1 പത്രോ. 2:2– വചനത്തെ പാലിനോടാണ് ഇവിടെ ഉപമിച്ചിരിക്കുന്നത്. 'മായം ചേർക്കാത്ത പാലാണ് കുഞ്ഞിന് അമ്മ കൊടുക്കുന്നത്.'

ഹെബ്രാ.4:12 – 'സജീവവും ഊർജ്ജസ്വലവും' ജീവിതത്തിൽ ചലനം സൃഷ്ടിക്കുവാൻ ശക്തിയുള്ളതാണ് ദൈവവചനം.

ജറെ. 23:29 – അഗ്നിപോലെയും കൂടം പോലെയും. ഇവിടെയും നാം കാണുന്നത് വചനത്തിന്റെ ശക്തിയാണ്.

യാക്കോ.1:22–24– വചനം കേൾക്കുക മാത്രം ചെയ്താൽ ആത്മവഞ്ചകരാകുമെന്നും അത് അനുവർത്തിക്കാതിരിക്കുന്നവൻ കണ്ണാടിയിൽ നോക്കിയിട്ട് കടന്നുപോകുന്നു. പിന്നീട് വിസ്മരിക്കുന്നു. കണ്ണാടിയോട് സദൃശ്യപ്പെടുത്തിയിരിക്കുന്നു. വചനത്തെ പൗലോസ് ശ്ലീഹാ അരൂപിയുടെ വാളായി ഉപമിച്ചിരിക്കുന്നു.

എഫേ.6:17 – ബാക്കി എല്ലാം ഉണ്ടെങ്കിലും വാൾ ഇല്ലാതെ സമരം ചെയ്ത് മുന്നേറാൻ പറ്റില്ല.

യേശുവും വേദപുസ്തക വചനം ഉപയോഗിച്ചാണ് പ്രലോഭകനെ കീഴടക്കുന്നത്: 'ദൈവമായ കർത്താവിനെ പരീക്ഷിക്കരുതെന്ന് എഴുത

www.malankaralibrary.com

പ്പെട്ടിരിക്കുന്നു മുതലായവ.'

**വചനം പ്രായോഗികമാക്കാൻ - സ്വാംശീകരിക്കാൻ എന്തൊക്കെ ചെയ്യണം?**

1. വായിക്കുക (വെളി. 1:3): വായിക്കുന്നവരും, കേൾക്കുന്നവരും, പാലിക്കുന്നവരും അനുഗ്രഹീതർ.
2. കേൾക്കുക (റോമ. 10:17): വിശ്വാസം കേൾവിയിൽ നിന്നും.
3. വചനം പഠിക്കുക (നടപടി 8:29-35) ആത്മാവ് പീലിപ്പോസിനെ പറഞ്ഞുവിടുന്നു വ്യാഖ്യാനിക്കാൻ.
4. ധ്യാനിക്കുക (സങ്കീ.1:2-4) വായിക്കുന്ന കാര്യങ്ങൾ ആന്തരീകരിക്കുക. ധ്യാനിച്ച് ധ്യാനിച്ച് ദൈവീകരായിത്തീരും. രാവും പകലും ധ്യാനിക്കുന്നു. നീർചാലിനരികെയുള്ള വൃക്ഷം പോലെയാണ് വചനം ധ്യാനിക്കുന്നവൻ. ധ്യാനിക്കാത്തവൻ പതിരുപോലെ.
5. **വചനത്തിൽ നിലനിൽക്കുക**

| | | |
|---|---|---|
| യോഹ. 8:31 | - | വചനം ഹൃദയത്തിൽ സൂക്ഷിക്കുക. വചനത്തിൽ നിലനിന്നെങ്കിൽ മാത്രമേ യേശുവിന്റെ ശിഷ്യനാകാൻ പറ്റൂ. |
| സങ്കീ. 119:9 | - | വചനം ഹൃദയത്തിൽ നിർമ്മലമായി സൂക്ഷിച്ചുകൊണ്ട് ദൈവത്തിന്റെ വഴിയിൽ നടക്കണം. |
| ലൂക്കാ 8:14-15 | - | ഉൽകൃഷ്ടവും നിർമ്മലവുമായ ഹൃദയത്തിൽ സംഗ്രഹിച്ചുകൊണ്ട് ഫലം പുറുപ്പെടുവിക്കാൻ കഴിയണം. നല്ലനിലത്തു വീണ വിത്ത് ഫലം പുറപ്പെടുവിക്കുന്നതുപോലെ. |

**ധ്യാനിക്കാൻ:**

1. ദൈവവചനവും പ്രാർത്ഥനയും തമ്മിലുള്ള ബന്ധം എന്ത്?

2. റോമ. 10:14-15 പ്രസംഗകൻ ഇല്ലാതെ എങ്ങനെ കേൾക്കും? കേൾക്കാതെ എങ്ങനെ വിശ്വസിക്കും? സുവിശേഷം പ്രസംഗിക്കുന്നവരുടെ പാദങ്ങൾ എത്ര സുന്ദരം!

www.malankaralibrary.com

# V
# പ്രാർത്ഥനയും കുർബാനയും

**വി. കുർബാന** സഭയാണ് അർപ്പിക്കുന്നത്. സഭയുടെ ഒരു പൊതുവായ കർമ്മമാണ് വി.കുർബാന. ഭക്താഭ്യാസവും ലിറ്റർജിയും തമ്മിലുള്ള വ്യത്യാസം. ഒരു വ്യക്തിയല്ല അത് എങ്ങനെ വേണം ആര് നടത്തണം എന്നൊക്കെ നിശ്ചയിക്കുന്നത് സഭയാണ്.

വി. ബലി അനുരഞ്ജനത്തിന്റെ കൂദാശയാണ്. അനുരഞ്ജനം മാത്രം പോരാ. അത് കുറവുകൾ നികത്തുക മാത്രമാണ്. അത് നെഗറ്റീവ് ആണെന്ന് പറയാം. എന്നാൽ പോസിറ്റീവ് ആക്കാനായി യേശു പുതിയ കല്പന തരുന്നു. 'പരസ്പരം സ്നേഹിക്കുവിൻ.'

അപ്പോൾ ഇത് അനുരഞ്ജനം മാത്രമല്ല. ഇത് സ്നേഹത്തിന്റെ കൂദാശയാണ്.

അടയാളം യാഥാർത്ഥ്യത്തിലേക്കുള്ള ചൂണ്ടുപലകയാണ്. അടയാളങ്ങളുടെയും പ്രതീകങ്ങളുടെയും സമുച്ചയമാണ് ആരാധനക്രമം.

## സ്നേഹത്തിന്റെ അരൂപിയാണ് വി. കുർബാന

''വിശ്വാസം'' ദാനമാണ് (യോഹ.6.44). നാം സൃഷ്ടിക്കുന്നില്ല. എന്നാൽ വളർത്തുന്നു. തീക്കനൽ ഊതി വലിയ തീജ്വാലയാകുന്നതു പോലെ.

1. അനുരഞ്ജനം
2. സ്നേഹം
3. വിശ്വാസം – ഇവ മൂന്നും വി. ബലിയിൽ അത്യാവശ്യമാണ്.

സഭയുടെ പ്രാർത്ഥനാജീവിതമാണ് ആരാധനക്രമം. ആരാധനസമൂഹമെന്ന് പറയുന്നത് സഭയുടെ, ആഗോളസഭയുടെ മൂർത്തഭാവമാണ്. ഒരു mini church ആണെന്ന് പറയാം. സാർവ്വത്രികസഭയുടെ ഒരു അവതരണമാണ് ആരാധനക്രമം. വി. കുർബാന മിശിഹായിൽ പൂർത്തിയായ രക്ഷാരഹസ്യങ്ങളുടെ കൗദാശികമായ പുനരവതരണമാണ്. ആരാധനക്രമം സംഘാതമായ ഒരു പ്രവർത്തിയാണ്. കാർമ്മികന്റെ സ്ഥാനം, സമൂഹത്തിന്റെ ഒരു ഭാഗമെന്ന നിലയിൽ മാത്രമാണ്. എല്ലാവരും കൂടി അർപ്പിക്കുന്നതുകൊണ്ട് സാഹോദര്യത്തിന്റെ ഒരു കൂദാശയാണ്.

www.malankaralibrary.com

## എന്താണ് പാപം?

എന്തോ ഒന്നിന്റെ കുറവ് ''Absence of something'' അതായത് ദൈവികജീവൻ ഇല്ലാതാകുന്നതാണ് പാപം. ദൈവീകജീവൻ സ്നേഹമാണ്. ചുരുക്കത്തിൽ സ്നേഹത്തിന്റെ കുറവാണ് പാപം. ഉണ്ടായിരിക്കേണ്ട നന്മ ഇല്ലാതാകുന്നതാണ് പാപം. സഭയുടെ സ്വത്താണ് ലിറ്റർജി ഓരോ സഭയ്ക്കും അതിന്റേതായ അവതരണശൈലിയുണ്ട്. രക്ഷാകര സംഭവമാണ് അതിൽ കാണുക.

ലൂക്കാ 2:14 സമാധാനമെന്ന് പറഞ്ഞാൽ രക്ഷയാണ്. അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം മനുഷ്യന് രക്ഷ.

| | |
|---|---|
| 'God became man so that | മനുഷ്യനെ ദൈവമാക്കാൻ |
| man may become God' | ദൈവം മനുഷ്യനായി അവതരിച്ചു. |

എങ്ങനെ പ്രാർത്ഥിക്കണമെന്ന് അറിഞ്ഞുകൂടാത്തതുകൊണ്ട് ദൈവനിവേശിതമായി പ്രാർത്ഥിക്കാൻ പഠിപ്പിക്കുന്ന ഗ്രന്ഥമാണ് സങ്കീർത്തനം. യേശു മരിക്കുമ്പോഴും സങ്കീർത്തനം ഉരുവിട്ടുകൊണ്ടാണ് മരിച്ചത്.

## രക്ഷാകരപദ്ധതി

''തന്റെ മുമ്പാകെ സ്നേഹത്തിൽ പരിശുദ്ധരും നിഷ്കളങ്കരുമായിരിക്കാൻ ലോകസ്ഥാപനത്തിന് മുമ്പുതന്നെ അവിടുന്നു നമ്മെ ക്രിസ്തുവിൽ തിരഞ്ഞെടുത്തു. യേശുക്രിസ്തുവഴി നാം അവിടുത്തെ പുത്രരായി ദത്തെടുക്കപ്പെടണമെന്ന് അവിടുന്ന് തന്റെ ഹിതവും ലക്ഷ്യവുമനുസരിച്ച് മുൻകൂട്ടി തീരുമാനിച്ചു'' (എഫേ.1:4-5).

രക്ഷാകരചരിത്രം പൗലോസ് ശ്ലീഹാ എഫേസൂസുകാർക്കെഴുതിയ ലേഖനം 1:3-14 വാക്യങ്ങളിൽ കാണാം. പരിശുദ്ധരായിത്തീരണം എന്നു പറഞ്ഞാൽ ദൈവമക്കളായിത്തീരണം. മംഗളവാർത്തയിൽ മറിയത്തിൽ നിന്നും ജനിക്കുവാനിരിക്കുന്നവനാരാകുന്നുവെന്ന് പറയുന്നു.

ലൂക്കാ 1:35 - പരിശുദ്ധൻ - ദൈവപുത്രനെന്ന് വിളിക്കപ്പെടും. ഇതാണ് ദൈവീകപദ്ധതി. ക്രിസ്തുവിന്റെ സാദൃശ്യത്തിൽ എല്ലാവരും ദൈവമക്കളായിത്തീരുന്നു.

ഇവിടെയെല്ലാം കാണുന്നത് ദൈവത്തിന്റെ പദ്ധതിയാണ്. റോമ. 8:28-30. നാം പലപ്പോഴും ചിന്തിക്കുന്ന ഒരു ഭാഗമാണ്. ഇതു രക്ഷാകരപദ്ധതിയാണ്. മനുഷ്യന്റെ അവതരണം മനുഷ്യന് മനസിലാകത്തക്ക രീതിയിലാണ്. ഉദാ: ഉൽപ. 6:6-7. ദൈവത്തിന്റെ പദ്ധതി അവതരിപ്പിച്ചിരിക്കുന്നതാണ് ദൈവം കരഞ്ഞു എന്ന്.

സാധാരണ പറയും ബൈബിൾ പ്രാർത്ഥനാ പുസ്തകമാണെന്ന്. എന്നാൽ ഏറ്റവും വലിയ പ്രാർത്ഥന പരി.കുർബാനയാണ്. പ്രാർത്ഥനയുടെ എല്ലാ രൂപവും അതിൽ ഉണ്ട്. ക്രിസ്തുവിനോട് ചേർന്ന്

www.malankaralibrary.com

പ്രാർത്ഥിക്കാം. സഭയുടെ പ്രാർത്ഥനയാണ്. അതായത് മിശിഹായുടെ പ്രാർത്ഥന തന്നെയാണ്. അതുകൊണ്ടാണ് വി.കുർബാന ഏറ്റവും വലിയ പ്രാർത്ഥനയെന്ന് പറയുന്നത്.

രക്ഷാകരപദ്ധതിയെക്കുറിച്ച് ചിന്തിക്കുമ്പോൾ ദൈവത്തിന്റെ പ്ലാനും പദ്ധതിയും നമ്മിൽ യാഥാർത്ഥ്യമാകുന്നു. മനുഷ്യൻ ദൈവൈക്യത്തിൽ ജീവിക്കുകയാണ്, എല്ലാ മനുഷ്യരെയും രക്ഷിക്കുകയാണ് ദൈവത്തിന്റെ പദ്ധതി. (യോഹ. 14:23) എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം അനുസരിക്കും എന്റെ പിതാവ് അവനെ സ്നേഹിക്കും ഞങ്ങൾ അവനിൽ വന്ന് വാസമുറപ്പിക്കും. അപ്പോൾ ദൈവിക വാസസ്ഥലം നമ്മുടെ ഹൃദയമാകും.

**ധ്യാനിക്കാൻ:**

വി. കുർബാനയിൽ സജീവമായി–ബോധപൂർവ്വം എങ്ങനെ പങ്കെടുക്കാം? എന്റെ ഭാഗഭാഗിത്വം എങ്ങനെയാണ്?

www.malankaralibrary.com

# VI
# പ്രാർത്ഥനാശൈലികൾ

## 1. 'കർത്താവിന്റെ മുൻപിൽ നിൽക്കുക'

പ്രാർത്ഥനയുടെ ഒരു ശൈലിയാണ് കർത്താവിന്റെ മുൻപിൽ നിൽക്കുക. പത്രോസ് ശ്ലീഹാ പറയുന്നു: നിങ്ങൾ താഴ്മയോടെ ദൈവത്തിന്റെ ശക്തമായ കരത്തിൻ കീഴിൽ നിൽക്കുവിൻ (1 പത്രോ.5:6).

ഉൽപ. 18:22 – അബ്രാഹം കർത്താവിന്റെ മുൻപിൽ നിന്നു. പ്രാർത്ഥനയുടെ ശൈലിയാണ്. കർത്താവിന്റെ മുൻപിൽ നിന്നു. അപ്പോൾ കർത്താവും നിന്നു മാറിയപ്പോൾ കർത്താവ് മുൻപോട്ട് നീങ്ങി. കർത്താവ് പോയപ്പോൾ അബ്രാഹവും മടങ്ങിപ്പോയി. (ഉൽപ.18:33).

ജറ.18:20 –കർത്താവിന്റെ മുൻപിൽ നിന്നു. ജറമിയ പറഞ്ഞു; ‘‘ഞാൻ അങ്ങയുടെ മുൻപിൽ നിന്നത് ഓർക്കണമേ’’.

1 രാജാ.17:1, 18:15 – ഏലിയാ കർത്താവിന്റെ മുൻപിൽ നിന്നു. എന്തു പറഞ്ഞു എന്നുള്ളതല്ല പ്രശ്നം എവിടെ ആയിരുന്നു എന്നുള്ളതാണ് പ്രധാനം. കർത്താവിനോട് കൂടി ആയിരിക്കുന്ന അനുഭവം. കർത്താവുമായുള്ള സംഭാഷണത്തിൽ ദൈവാനുഭവം ഉണ്ടാകുന്നു.

## 2. കർത്താവിനോട് കൂടെ നടക്കുക

ഹാനോക്ക് കർത്താവിനോട് കൂടെ നടന്നു. ഉൽപ. 5:24, കർത്താവിനോടുള്ള ഐക്യത്തിൽ കഴിഞ്ഞു. (സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു).

## 3. കർത്താവിന്റെ മുൻപിൽ നടക്കുക

ഉൽപ.17:1 കുറ്റമില്ലാത്തവനായി ജീവിക്കുക. ഇതിൽ നിന്നൊക്കെ എന്താണ് മനസിലാക്കേണ്ടത്?

a. ജീവിതത്തിന്റെ എല്ലാ നിമിഷങ്ങളിലും കർത്താവിങ്കലേക്ക് തിരയുക. ആദ്യം കർത്താവിനെ ഓർക്കുക.

b. ആശ്രയമനോഭാവം, ആശ്രയബോധം. "hoping against hope" (റോമ.4:18). പ്രതീക്ഷകൾ സാധ്യത ഇല്ലാതിരുന്നിട്ടും പ്രതീക്ഷയോടെ അവൻ വിശ്വസിച്ചു.

www.malankaralibrary.com

c. കർത്താവിനാൽ സ്വാധീനിക്കപ്പെടാൻ നമ്മുടെ ജീവിതത്തെ അനുവദിക്കുക. നമ്മുടെ ജീവിതത്തെ കർത്താവിനാൽ സ്വാധീനിക്കപ്പെടുവാൻ, ക്രമീകരിക്കപ്പെടുവാൻ, കർത്താവിനെ അനുവദിക്കുക. സർവ്വശക്തനായ ദൈവത്തിന് മനുഷ്യന്റെ സമ്മതമില്ലാതെ അവന്റെ ജീവിതത്തിലേക്ക് കടന്നുവരുവാൻ സാധിക്കില്ല. കന്യാമറിയത്തോടു പോലും സമ്മതം ചോദിക്കുന്നു.

യോഹ.1:12-13, ജനനത്തെക്കുറിച്ച്, അവൻ (അവർ) ജനിച്ചത്, ഞാൻ ജനിച്ചത്. ദൈവമക്കളായി, മകനായി ജനിച്ചത് ദൈവത്തിൽ നിന്ന്.

1. രക്തത്തിൽ നിന്നല്ല.
2. ശാരീരിക അഭിലാഷത്തിൽ നിന്നല്ല.
3. പുരുഷന്റെ ഇച്ഛയിൽനിന്നല്ല.

} യേശുവിനെ സ്വീകരിക്കുകയും വിശ്വസിക്കുകയും ചെയ്തവരെല്ലാം ദൈവമക്കളായി ജനിച്ചത് ദൈവത്തിൽ നിന്നാണ്.

d. ജീവിതത്തെ ദൈവത്തിന്റെ കാഴ്ചപ്പാടിലൂടെ കാണുക. വിശ്വാസത്തിലൂടെ മാത്രമേ ദൈവത്തിന്റെ കാഴ്ചപ്പാടുകളെ കാണാൻ പറ്റൂ. ജീവിതാനുഭവങ്ങളെ ദൈവിക കാഴ്ചപ്പാടിലൂടെ വിലയിരുത്തുക.

## പ്രാർത്ഥിക്കുന്ന രംഗങ്ങൾ

ഇസ്രായേൽ ഒരു ജനതയായി പ്രാർത്ഥിക്കുന്നു.

പുറ. 14:10-86 – ആദ്യവാചകങ്ങളിൽ അവർ കർത്താവിനെ വിശ്വസിക്കുന്നു. എന്നാൽ ഫറവോയുടെ സൈന്യം വരുന്നതുകണ്ടപ്പോൾ അവരുടെ മനോഭാവം മാറുന്നു. എന്നാൽ മോസസ് അവരെ ശാന്തരാക്കുന്നു. മറുവശത്ത് മോസസ് കരഞ്ഞുകൊണ്ട് ദൈവത്തെ വിളിക്കുന്നു.

ഇസ്രായേൽ ജനം ഫറവോയുടെ സൈന്യത്തിനും കടലിനും മധ്യത്തിൽ. മോശ ജനത്തിനും ദൈവത്തിനും മധ്യത്തിൽ. ഇസ്രായേൽക്കാരും മോശയും കരഞ്ഞുകൊണ്ട് കർത്താവിനെ വിളിച്ചു.

പുറ.15:1 – സ്തുതിഗീതങ്ങൾ, ഇത് പ്രാർത്ഥനാനുഭവമാണ്. കടലിനെയും സൈന്യത്തെയും ജയിച്ച ജനം സ്തുതിഗീതം ആലപിക്കുന്നു.

ജോഷ്വാ 24:16-18 – അടിമത്തത്തിൽ നിന്നും ശത്രുക്കളിൽ നിന്നും രക്ഷിച്ച ദൈവത്തെ മഹത്വപ്പെടുത്തുന്നു. വാഗ്ദത്തനാട്ടിൽ വച്ചുള്ള ഉടമ്പടി നവീകരണം. ഞങ്ങൾ കർത്താവിനെ സേവിക്കുമെന്ന് ഉടമ്പടി ചെയ്തു.

**നമ്മുടെ ജീവിതാനുഭവങ്ങളിൽ കർത്താവിന്റെ കരം ദർശിക്കുവാനുള്ള കഴിവുണ്ടാകുന്നതാണ് പ്രാർത്ഥന.**

www.malankaralibrary.com

നി.ആ. 4:9

''നിങ്ങളുടെ കണ്ണുകൾ കണ്ട കാര്യങ്ങൾ മറക്കാതിരിക്കാം.'' Prayer of recollection ആണ്. ഹൃദയത്തിൽ നിന്നും മായാതിരിക്കാൻ കഴിയണം. അനുസ്മരണ പ്രാർത്ഥനയാണ്. ദൈവം ചെയ്ത നന്മകൾ ഓർത്തു പ്രാർത്ഥിക്കണം.

ഹൃദയത്തിൽ ഓർക്കുക = സ്നേഹത്തിൽ ഓർക്കുക. മാതാവിന്റെ ജീവിതത്തിൽ ഇതു കാണാം. ലൂക്കാ 2:19;51, ഹൃദയത്തിൽ എല്ലാം സംഗ്രഹിക്കുന്നു. ജീവിതത്തിലെ എല്ലാ അനുഭവങ്ങളും പ്രാർത്ഥനയിൽ വിഷയമാക്കാം. മാതാവും, മനസിലായതും മനസിലാകാത്തതും എല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു.

'ജീവിതാനുഭവങ്ങളെ ദൈവീകാനുഭങ്ങളാക്കി മാറ്റുന്ന പ്രക്രിയയാണ് പ്രാർത്ഥന.'

## മാതാവിന്റെ ജീവിതരഹസ്യം

ഒരിക്കലും അവൾ പ്രശ്നങ്ങളുടെ മധ്യത്തിൽ തളർച്ചയുള്ളവളായില്ല. ഇതിനുള്ള ശക്തി പ്രാർത്ഥനയിൽ നിന്നും ലഭിച്ചു. മനസിലാകാത്ത അവസരത്തിലും സഹനത്തിൽ അവൾ തളർന്നില്ല. എന്തുകൊണ്ട്? Prayer of recollection. സങ്കീർത്തനങ്ങളിലെല്ലാം പറയുന്നത് പഴയകാല അനുഭവങ്ങളെ ഓർത്താണ്. ഓരോന്നിനേയും ഓർത്ത് സ്തുതിക്കാൻ കഴിയണം.

ആരോഗ്യകരമായ ജീവിതത്തിന് (Healthy life)ന് അനുഭവങ്ങളെ പോസിറ്റീവ് ആക്കി, ദൈവാനുഭവങ്ങളാക്കി, മാറ്റുമ്പോൾ അത് ആരോഗ്യകരമാകും. എന്റെ ദൈവം എല്ലാം നന്മക്കായി മാത്രമാണ് ചെയ്തു തന്നതെന്ന ചിന്തയോടുകൂടിയ പ്രാർത്ഥന ദൈവാനുഭവം വളർത്തിയെടുക്കുന്നതിന് സഹായിക്കും.

Prayer of recollection. പ്രാർത്ഥന ഒരു അയവിറക്കലാണ്. എങ്കിലേ assimilate ചെയ്യൂ (ശരിയാംവണ്ണം ഗ്രഹിക്കുകയുള്ളൂ, ദഹിക്കുകയുള്ളൂ).

## ധ്യാനിക്കാൻ

ചോദിക്കുവിൻ തരപ്പെടും. ചോദിക്കാത്തതുകൊണ്ട് പലതും തരപ്പെടാതെ പോകുന്നു. ദൈവം തരുവാൻ ആഗ്രഹിക്കുന്നു. പക്ഷെ പലതും ലഭിക്കാതെ പോകുന്നു.

www.malankaralibrary.com

# VII
# പ്രാർത്ഥനാജീവിതവും മനുഷ്യബന്ധങ്ങളും

**(മനുഷ്യബന്ധങ്ങൾ പ്രാർത്ഥനയുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?)**

ഉടമ്പടിബന്ധം - covenant (പഴയതും പുതിയതും)

ഉടമ്പടി സ്ഥാപിച്ചുകൊണ്ടാണ് ദൈവം മനുഷ്യനുമായി ബന്ധപ്പെട്ടത്.

Vertical and horizontal relation (ലംബമായതും സമാന്തരമായതും)

ദൈവവും മനുഷ്യനും തമ്മിൽ = പിതൃപുത്രബന്ധം

മനുഷ്യനും മനുഷ്യനും തമ്മിൽ = സാമൂഹ്യബന്ധം അഥവാ സാഹോദര്യബന്ധം.

| | |
|---|---|
| പുറ. 24 | ഉടമ്പടിബന്ധം ഉറപ്പിക്കുന്നു. ഒരു ജനതയായി രൂപപ്പെടുത്തുന്നു. നിങ്ങൾ എന്റെ ജനവും ഞാൻ നിങ്ങളുടെ ദൈവവും (You are my people and I am your God). അങ്ങനെയാണ് ഉടമ്പടി ഉറപ്പിക്കുന്നത്. |
| പുറ. 24:6 | പകുതി രക്തം ബലിപീഠത്തിൽ ബാക്കി പകുതി ജനങ്ങളിൽ തളിക്കും. അതിനു മുൻപായി ഉടമ്പടി പുസ്തകം വായിക്കും. |
| 31:18 | കൽപനകൾ രക്തം തളിക്കുന്നത്. പ്രതീകാത്മകമായി രക്തബന്ധത്തെ (കുടുംബത്തെ) കാണിക്കുന്നു. ബലിപീഠം ദൈവത്തെ പ്രതിനിധീകരിക്കുന്നു. |
| പുറ. 4:22-23 | ഫറവയോട് പറയേണ്ടത്. ഇസ്രായേൽ എന്റെ പുത്രനാണ്. ആദ്യജാതൻ. ആദ്യജാതനെ വിട്ടില്ലെങ്കിൽ നിന്റെ ആദ്യജാതന്മാരെ മുഴുവൻ ഞാൻ നശിപ്പിക്കും. പഴയനിയമത്തിൽ മൃഗങ്ങളുടെ രക്തമായിരുന്നു |

www.malankaralibrary.com

ബലിക്ക് ഉപയോഗിച്ചിരുന്നത്. എന്നാൽ പുതിയനിയമത്തിൽ ദൈപുത്രന്റെ രക്തം തന്നെയാണ്– ഉടമ്പടിയുടെ രക്തമാണ് ഉപയോഗിക്കുന്നത്.

മത്താ. 26:26–30 'ഉടമ്പടി രക്തം'. യേശു അപ്പമെടുത്ത് ആശീർവദിച്ചു മുറിച്ച് ശിഷ്യന്മാർക്ക് കൊടുത്തുകൊണ്ട് അരുളിച്ചെയ്തു: 'വാങ്ങി ഭക്ഷിക്കുവിൻ. ഇത് എന്റെ ശരീരമാണ്.' പാനപാത്രം എടുത്ത് കൃതജ്ഞതാസ്തോത്രം ചെയ്ത് അവർക്ക് കൊടുത്തുകൊണ്ട് പറഞ്ഞു: ''നിങ്ങളെല്ലാവരും ഇതിൽ നിന്നും പാനം ചെയ്യുവിൻ. ഇതു പാപമോചനത്തിനായി അനേകർക്കുവേണ്ടി ചിന്തപ്പെടുന്നതും ഉടമ്പടിയുടേതുമായ എന്റെ രക്തമാണ്'' (26–29) ഇതാണ് പുതിയ ഉടമ്പടി.

പലപ്പോൾ പറഞ്ഞതുപോലെ

Praying is loving ദൈവസ്നേഹവും

മനുഷ്യസ്നേഹവും

ദൈവത്തെ സ്നേഹിക്കാതെ മനുഷ്യനെയോ, മനുഷ്യനെ സ്നേഹിക്കാതെ ദൈവത്തെയോ സ്നേഹിക്കാൻ പറ്റില്ല.

ദൈവസ്നേഹവും മനുഷ്യസ്നേഹവും അഭേദ്യമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്.

1 ശാമു. 8:5–7– രാജാവിനെ ആവശ്യപ്പെടുന്നു. അതു ശാമുവേലിന് ഇഷ്ടമായില്ല. കാരണം,

a. ഇവർക്ക് ദൈവത്തിൽ വിശ്വാസമില്ല.

b. ജനങ്ങൾക്ക് ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ ചിന്തിച്ചു. 8:10 മുതൽ ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ 18 വരെ. അതു വായിച്ചു മനസിലാക്കണം. ഇവിടെ വിവരിക്കുന്നില്ല.

1 ശാ.8:6 – കർത്താവിനോട് പ്രാർത്ഥിക്കുന്നു. എന്തുചെയ്യണമെന്ന് കാണിച്ചുകൊടുക്കാൻ. ശാമുവേൽ സ്വയമായി തീരുമാനം എടുത്തില്ല. കർത്താവ് പറഞ്ഞതുപോലെ ചെയ്യുന്നു.

8:19 – ശാമുവേലിന്റെ വാക്ക് നിഷേധിക്കുന്നു. (മനുഷ്യബന്ധങ്ങളിൽ തകരാറ് വന്നപ്പോൾ ശാമുവേൽ എല്ലാം ദൈവതിരുമുൻപിൽ സമർപ്പിക്കുന്നു. ദൈവത്തിന് ഇഷ്ടമില്ലെങ്കിലും അനുവദിക്കുന്നു. (എന്നെയാണ് അവർ തിരസ്കരിച്ചത് നിന്നെയല്ല. അതുകൊണ്ട് കൊടുത്തേക്കുക രാജാവിനെ). അവരുടെ രാജാവായ ദൈവത്തെയാണ് ഇസ്രായേൽക്കാർ തിരസ്കരിച്ചത് ശാമുവേലിയെയല്ലെന്ന് ദൈവം പറഞ്ഞു.

www.malankaralibrary.com

പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ എങ്ങനെ നാം അതിനെ തരണം ചെയ്യണമെന്ന് ശാമുവേൽ നമുക്ക് കാണിച്ചുതരുന്നു. ശാമൂവേലിന്റെ അഭിപ്രായത്തെ ബലികഴിച്ചുകൊണ്ട് ദൈവം പറഞ്ഞത് ചെയ്യുന്നു.

നമ്മുടെ ഇഷ്ടമല്ല, ദൈവഹിതമാണ് നിറവേറേണ്ടത്. തന്നിഷ്ടം പൊന്നിഷ്ടമാക്കരുതെന്നും ശാമുവേൽ കാണിച്ചുതരുന്നു.

1 ശാ. 15:16– സാവൂളിനെ ശാമുവേൽ ഇഷ്ടപ്പെട്ടു. പക്ഷെ ദൈവം പറഞ്ഞു: അവനെ മാറ്റുവാൻ കാരണം 2 തവണ അവൻ തെറ്റ് ചെയ്തതുകൊണ്ട്. ഒരു തവണ ദൈവം ക്ഷമിക്കുന്നു. ഇവിടെ സാവൂൾ രണ്ടു തവണയാണ് തെറ്റ് ചെയ്തത്.

ഒരു തവണ ദൈവം ക്ഷമിച്ചുകഴിഞ്ഞാൽ നമ്മിൽ മാനസാന്തരം ഉണ്ടാകണം. വീണ്ടും വീണ്ടും ഒരേ തെറ്റ് തന്നെ ആവർത്തിക്കുന്നത് ദൈവത്തോട് സ്നേഹം ഇല്ലാത്തതിനാലാണ്. ''എന്നെ സ്നേഹിക്കുന്നവൻ എന്റെ കല്പന പാലിക്കും'' (യോഹ. 14:15).

**അനധികൃതബലി**

ബലി അർപ്പിക്കാൻ അധികാരമില്ലാത്തവൻ ബലി അർപ്പിക്കുന്നത് ദൈവത്തിനിഷ്ടമല്ല. സാവൂളിന് അധികാരം ഇല്ലാതിരുന്നിട്ടും ദഹനബലി അർപ്പിച്ചത് കൽപനാലംഘനം.

1 ശാ. 13:9 – സാവൂൾ തന്നെ ബലി അർപ്പിച്ചു.

1 ശാ. 15:3, 9 – അമലേക്യരുമായുള്ള യുദ്ധത്തിൽ എല്ലാം നശിപ്പിച്ചില്ല. കൊഴുത്ത ആടുമാടുകൾ മുതലായവ സ്വന്തമായി സൂക്ഷിച്ചു.

അത് ദൈവം ഇഷ്ടപ്പെട്ടില്ല. ദൈവം പറഞ്ഞതിനെതിരായിട്ടാണ് സ്വന്ത ഇഷ്ടപ്രകാരമാണ് സാവൂൾ പ്രവർത്തിച്ചത്.

ശാമുവേൽ സാവൂളിനോട് പറഞ്ഞതാണ്: 'അനുസരണം ബലിയെക്കാൾ ശ്രേഷ്ഠമാണ്.' തോന്ന്യവാസം നടന്നിട്ട് – ദൈവകൽപന ലംഘിച്ച് ബലി അർപ്പിച്ചാൽ അത് ദൈവതിരുമുൻപാകെ സ്വീകാര്യമല്ല. യുദ്ധത്തിൽ എല്ലാം നശിപ്പിക്കണമെന്നു പറഞ്ഞിട്ടും സാവൂൾ നല്ലതൊന്നും നശിപ്പിച്ചില്ല. അതിനാൽ കർത്താവ് കോപിച്ചു. ''അനുസരണം ബലിയേക്കാൾ ശ്രേഷ്ഠം'' (1 ശാമു. 15:22).

ശാമുവേൽ രാത്രി മുഴുവൻ പ്രാർത്ഥിച്ചു. മദ്ധ്യസ്ഥ പ്രാർത്ഥന നടത്തുന്നുണ്ട്. രാത്രി മുഴുവൻ പ്രാർത്ഥിച്ചത് ബൈബിളിൽ രണ്ടുപേരുടെ കാര്യമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ശാമുവേലും യേശുക്രിസ്തുവും ശിഷ്യന്മാരിൽ നിന്ന് അപ്പസ്തോലന്മാരെ തിരഞ്ഞെടുക്കുന്നതു തലേ രാത്രി മുഴുവൻ യേശു പ്രാർത്ഥിച്ചു. ദാവീദിനെ തിരഞ്ഞെടുക്കുമ്പോൾ ശാമുവേൽ പറയുന്നുണ്ട്: 'ദൈവം ബാഹ്യ സൗന്ദര്യമല്ല നോക്കുന്നത് ഹൃദയമാണ് ദൈവം നോക്കുക.'

www.malankaralibrary.com

എന്നാൽ നമ്മൾ ഒരാളെ വിലയിരുത്തുന്നത് പലപ്പോഴും ബാഹ്യമായ ചെയ്തികളെ നോക്കിയാണ്. ഇവിടെയും നാം പഠിക്കേണ്ട ഒരു കാര്യം ശാമുവേൽ ചെയ്തതുപോലെ മാനുഷികബന്ധങ്ങളിൽ ബുദ്ധിമുട്ട് അനുഭവിക്കുമ്പോൾ എങ്ങനെ ദൈവത്തിങ്കലേക്ക് തിരിയണമെന്നാണ്.

**പ്രാർത്ഥനയിൽ നാം ശ്രദ്ധിക്കേണ്ട വലിയ കാര്യങ്ങൾ**

1. ഹൃദയപൂർവ്വം ക്ഷമിക്കുക
2. ബന്ധം ശരിയാക്കുക.

മറ്റുള്ളവരോടുള്ള ബന്ധം ശരിയാക്കിക്കൊണ്ട് വേണം പ്രാർത്ഥിക്കാൻ. ഹൃദയപൂർവ്വം ക്ഷമിച്ചുകൊണ്ട് വേണം പ്രാർത്ഥിക്കാൻ.

## കൊടുക്കുക

ദൈവത്തിനും മനുഷ്യർക്കും നി.ആ. 26:2. ആദ്യഫലം ദൈവത്തിന് 26:12 ആവശ്യക്കാർക്കും കൊടുക്കണം. വിധവകൾ, പരദേശികൾ മുതലായവരെ 1 യോഹ. 5:2 – 'നമ്മൾ ദൈവത്തെ സ്നേഹിക്കുകയും അവിടുത്തെ കൽപനകൾ അനുസരിക്കുകയും ചെയ്യുമ്പോൾ ദൈവത്തിന്റെ മക്കളെ സ്നേഹിക്കുന്നുവെന്ന് നാമറിയുന്നു.'

ദൈവത്തെ സ്നേഹിക്കുമ്പോൾ അവിടുത്തെ മക്കളെയും സ്നേഹിക്കണം. കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവൻ കാണപ്പെടാത്ത ദൈവത്തെ എങ്ങനെ സ്നേഹിക്കും?

ദൈവത്തിന് കൊടുക്കുമ്പോൾ അവിടുത്തെ മക്കൾക്കും കൊടുക്കണം. ലൂക്കാ 10:29–37 – നല്ല സമരിയാക്കാരൻ

സഹോദരനെ സ്നേഹിക്കാതെ ദൈവാരാധനയ്ക്ക് പ്രാധാന്യം കൊടുക്കുന്നത് ശരിയല്ലെന്ന് കാണിക്കുന്നു.

## പ്രാർത്ഥന കേൾക്കുന്നില്ല

ലൂക്കാ 18:9–14 – ഫരിസേയന്റെ പ്രാർത്ഥന കേൾക്കപ്പെടുന്നില്ല. ചുങ്കക്കാരനെ വിരൽ ചൂണ്ടുന്നതു കൊണ്ടും, എളിമ ഇല്ലാത്തതുകൊണ്ടും, അഹങ്കാരി ആയതുകൊണ്ടും. ദൈവത്തിനു മുൻപിൽ നല്ലപിള്ള ചമയുന്നതുകൊണ്ടും.

സഹോദരനെ മനസിലാക്കാതെ–സ്നേഹിക്കാതെ–പ്രാർത്ഥിച്ചാൽ അതു കേൾക്കപ്പെടുന്നില്ല.

## എല്ലാ പ്രാർത്ഥനയും കേൾക്കപ്പെടുന്നില്ല

ദൈവത്തിന്റെ മനസ് മാറ്റാനല്ല പ്രാർത്ഥിക്കുന്നത്. 'എന്റെ ഇഷ്ടമല്ല അങ്ങയുടെ തിരുഹിതം നിറവേറണം.' 4 പ്രധാനപ്പെട്ടവരുടെ പ്രാർത്ഥന കേട്ടില്ല.

www.malankaralibrary.com

1. മോശ -വാഗ്ദത്ത ഭൂമിയിൽ കാല് കത്തിയില്ല
2. ദാവീദ് – ബെസേബായുടെ കൊച്ച് മരിച്ചു
3. യേശുവിന്റെ കാസാ മാറ്റിയില്ല
4. പൗലോസ് ശ്ലീഹാ – മുള്ള് മാറ്റിയില്ല. 2 കോറി.12 മുള്ള് മാറ്റണമേ! മാറ്റിയില്ല.

കുടിക്കാൻ പാനപാത്രം കൊടുത്താൽ ആശ്വസിപ്പിക്കാൻ മാലാഖയെ അയയ്ക്കും, പ്രാർത്ഥിക്കണം. സഹോദരൻ നമ്മോടു ചെയ്യുന്ന തെറ്റുകൾ ക്ഷമിക്കുന്നില്ലെങ്കിൽ ബന്ധം നിലനിർത്താൻ സാധിക്കില്ല.

മർക്കോ.11:25–26 – പ്രാർത്ഥിക്കുമ്പോൾ, 'ക്ഷമിക്കണം' എന്നുള്ളത് പ്രാർത്ഥന കേൾക്കപ്പെടുവാൻ അനിവാര്യമാണ്.

മത്താ. 6:14–15 – യേശു പ്രാർത്ഥിക്കാൻ പഠിപ്പിക്കുമ്പോൾ വിശദീകരണം ഒരിടത്തു മാത്രം നൽകുന്നു. മറ്റുള്ളവരോട് ക്ഷമിക്കുമെങ്കിൽ നിങ്ങളോടും ക്ഷമിക്കും. ക്ഷമിക്കുകയില്ലെങ്കിൽ നിങ്ങളോടും ക്ഷമിക്കുകയില്ല.

മത്താ. 18:21–35–ൽ നാം നേരത്തെ കണ്ടതാണ്

രാജാവ് ഒരു ഭൃത്യന് 342720 കി. ഇളച്ചുകൊടുത്തു. പക്ഷെ അയാൾ തന്റെ സ്നേഹിതന് വെറും 570 ഗ്രാം ഇളച്ച് കൊടുത്തില്ല.

ഇവിടെ പത്രോസിനോട് എത്രപ്രാവശ്യം ക്ഷമിക്കണമെന്ന് യേശു പറയുന്നു: 'ഏഴ് എഴുപതു പ്രാവശ്യം' ഇവിടെ നമ്പരല്ല. നമ്മൾ എപ്പോഴും ക്ഷമിക്കാൻ ബാധ്യസ്ഥരാണ്. ക്ഷമിക്കാതെ പ്രാർത്ഥിച്ചാൽ അത് കേൾക്കപ്പെടുകയില്ലെന്നാണ് യേശു പഠിപ്പിച്ചത്.

അതുപോലെ ദൈവം മനുഷ്യനുമായി ബന്ധപ്പെട്ടത് എങ്ങനെയെന്ന് നാം കണ്ടുകഴിഞ്ഞായിരുന്നു. ഉടമ്പടിയിൽക്കൂടെയാണ് ദൈവം മനുഷ്യനുമായി ബന്ധം സ്ഥാപിച്ചത്.

ഉടമ്പടി ഒരു ജനത എന്ന നിലയിലാണ്. ജനതയും ദൈവവുമായുള്ള ബന്ധമാണ്. അതിനാൽ ജനതയോട് ചേർന്നാണ് പ്രാർത്ഥന.

പുതിയ ദൈവജനം = സഭയാണ്. അതിനാൽ സഭയോടു ചേർന്നു വേണം പ്രാർത്ഥിക്കാൻ. സഭയോടു ചേർന്നുള്ള പ്രാർത്ഥനക്കാണ് ശക്തി.

**Baptism incorporate us into the body of christ.** (മാമ്മോദീസാ വഴിയായി നാം മിശിഹായുടെ ശരീരവുമായി ഏകോപിപ്പിക്കപ്പെടുന്നു). മാമ്മോദീസാ വഴി നമ്മൾ മിശിഹായുടെ ശരീരവുമായി ഏകോപിപ്പിക്കപ്പെടുന്നതുകൊണ്ട് സഭയുടെ പ്രാർത്ഥന, സഭയോട് ചേർന്ന് പ്രാർത്ഥിക്കുന്നതാണ് ഉത്തമം.

www.malankaralibrary.com

ഏറ്റവും വലിയ പ്രാർത്ഥന വി.കുർബാനയാണല്ലോ. ഇവിടെ ക്രിസ്തുവിനോട് ചേർന്ന് നിന്ന് നമ്മൾ പ്രാർത്ഥിക്കുന്നു, ബലി അർപ്പിക്കുന്നു. പിന്നീടാണ് യാമപ്രാർത്ഥന വരുന്നത്. അത് സഭയുടെ പ്രാർത്ഥനയാണ്. ഒരാൾ തന്നെ പ്രാർത്ഥിച്ചാലും സഭയോട് ചേർന്നാണ് നാം പ്രാർത്ഥിക്കുന്നത്. യാമപ്രാർത്ഥന private - വ്യക്തിപരമായ - പ്രാർത്ഥനയല്ല. സഭയുടെ പ്രാർത്ഥന യേശുവിന്റെ പ്രാർത്ഥനയാണ്. സഭ, യേശുവിന്റെ ശരീരമായതുകൊണ്ട്. അതുപോലെ സഭയുടെ കൂട്ടായ്മയിലാണ് നാം പ്രാർത്ഥിക്കുന്നത്. അതായത് Communion of saints എന്നു പറയുമ്പോൾ സമരസഭ, സഹനസഭ, വിജയസഭ. ഇതു മൂന്നും ചേർന്നതാണ് സഭ. മറ്റുള്ളവരുമായിട്ടുള്ള കൂട്ടായ്മയുടെ പ്രകാശനമാണ് communion of saints. (പരിശുദ്ധന്മാരുടെ കൂട്ടായ്മ).

നാം ഒരാളെ സ്നേഹിക്കുന്നുവെന്നുള്ളതിന്റെ അടയാളമാണ് ആ ആളിനുവേണ്ടി പ്രാർത്ഥിക്കുന്നത്. ക്ഷമിച്ചെങ്കിലേ സ്നേഹിക്കാൻ പറ്റൂ. സ്നേഹിച്ചെങ്കിലേ ആ ആളിനുവേണ്ടി പ്രാർത്ഥിക്കൂ.

അത് മധ്യസ്ഥപ്രാർത്ഥനയാണ്. പ്രാർത്ഥനയിലൂടെയാണ് അനുഗ്രഹങ്ങൾ ദൈവം കൊടുക്കുന്നത്. ചോദിക്കുന്നവർക്ക് നൽകപ്പെടും.

മധ്യസ്ഥപ്രാർത്ഥനയ്ക്ക് ആളില്ലാതെ വരുന്നത് വലിയ ദുർഗതി വരുത്തിവയ്ക്കും.

മാനുഷികമായ ചിന്തകളെ അതിജീവിച്ചെങ്കിലേ മധ്യസ്ഥപ്രാർത്ഥന സാധ്യമാകൂ. ഇതിന് സ്നേഹം ആവശ്യമാണ്.

## മോശയുടെ മദ്ധ്യസ്ഥപ്രാർത്ഥന

പുറ.32:7-14 - 'സ്വർണ്ണ കാളക്കുട്ടിയെ ആരാധിച്ച സമയം'

ദൈവം മോസസിന് നല്ല വാഗ്ദാനം ചെയ്തു. നിന്നിൽ നിന്നും ഞാനൊരു ജനതയെ പുറപ്പെടുവിക്കും. എന്നാൽ അവിശ്വാസികളായ ഈ ജനത്തെ ഞാൻ നശിപ്പിക്കും.

ഞാനോ നിങ്ങളോ ആണെങ്കിൽ വരാൻ പോകുന്ന ഭാഗ്യത്തെ ഓർത്ത് സന്തോഷിക്കും. അനുസരണയില്ലാത്ത-അവിശ്വാസികളായ-നന്ദിയില്ലാത്ത ഇവന്മാരെ നശിപ്പിക്കുക തന്നെയാണ് വേണ്ടതെന്ന് ചിന്തിക്കും. പക്ഷെ മോസസ് അതു സമ്മതിക്കാതെ മധ്യസ്ഥപ്രാർത്ഥന ചെയ്യുന്നു. ഒത്തിരി arguments (ന്യായവാദം) നടത്തുന്നു. അവസാനം ദൈവം ശാന്തമാകുന്നു.

## മോശ സൗമ്യനായിരുന്നു (സംഖ്യ 12:3)

ഭൂമുഖത്തുവച്ച് ഏറ്റം സൗമ്യനായിരുന്ന മോശ തെറ്റു ചെയ്തവരോട് സ്നേഹമുള്ളതുകൊണ്ടാണ് ദൈവത്തിനു മുൻപിൽ അവർക്കുവേണ്ടി മധ്യസ്ഥം പ്രാർത്ഥിക്കുന്നത്.

www.malankaralibrary.com

അതുകൊണ്ടാണ് മാനുഷികമായ ചിന്തകളെ അതിജീവിച്ചെങ്കിലേ മധ്യസ്ഥപ്രാർത്ഥന സാധ്യമാകൂ എന്ന് പറയുന്നത്.

സംഖ്യ 16:41–46

ജനം മോശക്കും അഹറോനം എതിരായി പിറുപിറുക്കുമ്പോൾ സമാഗമകൂടാരത്തിന് (മുൻപിൽ) മുകളിൽ മേഘം വന്നു. അപ്പോൾ ജനത്തിനുവേണ്ടി മോശയും അഹറോനും കമിഴ്ന്ന് വീണു. ധൂപാർപ്പണം ചെയ്യുന്നു. പാപപരിഹാരത്തിനായി. ചുരുക്കത്തിൽ അവർ മാധ്യസ്ഥ്യം പ്രാർത്ഥിക്കുകയായിരുന്നു.

പ്രവാചകന്മാർ മധ്യസ്ഥ്യം പ്രാർത്ഥിക്കുന്നു. ആമോസ് 7:1–6

ജറമി. 27: 1–8

ജറമി. 42:1–6

യോഹ.17–ൽ യേശു മധ്യസ്ഥ്യപ്രാർത്ഥന ചെയ്തു.

മധ്യസ്ഥ്യൻ ഇല്ലാതെ പോകുന്നത് ശോചനീയമാണ്.

എസക്കി. 22:30 – ആരെയും കണ്ടില്ല. (മധ്യസ്ഥ്യം വഹിക്കാൻ)

സ്നേഹത്തിൽ വളരാൻ ഏറ്റം പറ്റിയ മാർഗ്ഗം മാധ്യസ്ഥപ്രാർത്ഥനയാണ്. മനുഷ്യരായി സ്നേഹബന്ധത്തിൽ ഇരിക്കാൻ സഹായിക്കുന്നത് മാധ്യസ്ഥപ്രാർത്ഥനയാണ്.

'നിങ്ങളെ പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ' എന്നാണ് യേശു പഠിപ്പിക്കുന്നത്.

നമുക്ക് വേണ്ടി പ്രാർത്ഥിക്കുന്നതിലും കൂടുതൽ മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുകയാണ് (ജോബ്).

## ധ്യാനിക്കാൻ

1. പ്രാർത്ഥനയിലൂടെ മനുഷ്യബന്ധങ്ങൾ ക്രമപ്പെടുത്തുവാനും മനുഷ്യബന്ധങ്ങൾ ക്രമപ്പെടുത്തിക്കൊണ്ട് പ്രാർത്ഥിക്കാനും എനിക്ക് കഴിയുന്നുണ്ടോ?
2. സഭയുടെ പ്രാർത്ഥനയോട് ചേർന്ന് നിന്നുകൊണ്ട് പ്രാർത്ഥനാ ജീവിതം കെട്ടിപ്പെടുക്കുവാൻ ഞാൻ എന്തു ചെയ്യണം?
3. മധ്യസ്ഥപ്രാർത്ഥനയുടെ പ്രയോജനം എന്റെ ജീവിതത്തിൽ ഞാൻ അനുഭവിച്ചിട്ടുണ്ടോ?

www.malankaralibrary.com

# VIII
# പ്രാർത്ഥനയുടെ വിവിധ വശങ്ങൾ

## 1. ആരാധന

മനുഷ്യൻ ദൈവത്തെ ആരാധിക്കുന്നവനാകണമെന്ന് ദൈവം ആഗ്രഹിക്കുന്നു. സ്രഷ്ടാവിന് സൃഷ്ടി നൽകുന്ന അംഗീകാരമാണ് ആരാധന. അസ്തിത്വത്തിലേക്ക് കൊണ്ടുവന്നത് ദൈവമാണ്. ആ ദൈവത്തെ അംഗീകരിക്കുന്നതാണ് ആരാധന.

ഇസ്രായേൽ ആദ്യജാതൻ. മക്കൾ ദൈവത്തെ ആരാധിക്കണം. പുറ. 4:22-23 അടിമത്തത്തിൽ നിന്നും ഇസ്രായേൽ മക്കളെ രക്ഷപെടുത്തുന്നത് ദൈവത്തെ ആരാധിക്കാൻ വേണ്ടിയാണ്.

ദൈവത്തെ ആരാധിക്കുന്ന മനുഷ്യനാണ് മനുഷ്യത്വത്തിൽ ജീവിക്കുന്നത്. മനുഷ്യന്റെ നന്മയ്ക്കുവേണ്ടിയാണ് അഥവാ പൂർണ്ണതയ്ക്കുവേണ്ടിയാണ് ആരാധന. ദൈവഹിതം അനുസരിച്ച് ജീവിക്കുന്നതാണ് യഥാർത്ഥ ആരാധന. ജീവിതമില്ലാത്ത ആരാധന സ്വീകാര്യമല്ല. ആരാധിക്കാത്ത മനുഷ്യന്റെ പ്രതിനിധിയാണ് ആദമെങ്കിൽ ആരാധിക്കുന്ന മനുഷ്യന്റെ പ്രതിനിധിയാണ് യേശു. യേശുവിനോട് ചേർന്ന് ദൈവത്തെ ആരാധിക്കുമ്പോൾ യഥാർത്ഥ ആരാധനയായി.

യഥാർത്ഥ ആരാധന – { അരൂപിയിലും / സത്യത്തിലും } പിതാവിനെ ആരാധിക്കുക

Total man is praying ശരീരവും മനസും ആത്മാവും. സമഗ്രമനുഷ്യൻ

ശരീരം മാത്രം പ്രാർത്ഥിച്ചാൽ വിരസത തോന്നും

## 2. സ്തുതി

(നല്ലതു പറയുക) – Eu / logain (എവുലോഗെയിൻ)
well - speak

ദൈവത്തിന്റെ നന്മയറിഞ്ഞ് അത് ജീവിക്കുമ്പോൾ – അത് അനുഭവിക്കുമ്പോഴാണ് സ്തുതിക്കുവാൻ കഴിയുന്നത്. സ്തുതിക്കുമ്പോൾ 'praise the lord' ഒരു ഫോർമാലിറ്റി ആയിത്തീരരുത്. അങ്ങനെ ഒരു അപകടമുണ്ട്. സന്ദർഭം നോക്കാതെയും പ്രയിസ് ദ ലോർഡ് പറയും. ഒരു തഴക്കമായി വന്നുപോകും. അതു ശരിയല്ല.

www.malankaralibrary.com

### 3. കൃതജ്ഞത (Eucharistein) 2 ശാ.7:18 ദാവീദിന്റെ നന്ദിപ്രകടനം

ദൈവം ചെയ്ത കരുണയ്ക്കും, അനുഗ്രഹങ്ങൾക്കും ദാവീദ് നന്ദി പറയുന്നു. അത് ഹൃദയത്തിന്റെ ആഴങ്ങളിൽ നിന്നും വന്നതാണ്. വെറും ഒരു formalityയല്ല. വെറും ഒരു ഔപചാരികതയല്ല.

ഏശ. 25:1-5 -ഇവിടെ നാം കാണുന്നത് ഏശയ്യായുടെ കൃതജ്ഞതാഗീതമാണ്- നന്ദിപ്രകാശനമാണ്. ഇനീം എന്തെങ്കിലും കൊടുത്തുകൊണ്ട് നന്ദിപ്രകടനം നടത്താവുന്നതാണ്.

ആമോ.4:5-പുളിപ്പിച്ച മാവുകൊണ്ട് കൃതജ്ഞതാബലി അർപ്പണം.

ജറ. 17:26 - ദഹനബലികളും, കാഴ്ചകളും, ധാന്യബലികളും, സുഗന്ധദ്രവ്യങ്ങളും കൃതജ്ഞതാബലികളും കൊണ്ടുവരും.

ദാരിദ്ര്യത്തിന്റെ ചൈതന്യം ക്രൈസ്തവജീവിതത്തിന്റെ സവിശേഷതയാണ്. അതായത് നമുക്ക് ഉള്ളതൊക്കെ പങ്കുവയ്ക്കാനുള്ള മനോഭാവം. നാം ഉടമസ്ഥരല്ല. കാര്യസ്ഥരാണ്. ഉടമസ്ഥൻ ദൈവമാണ്. അതിനാൽ ദൈവത്തിന്റെ ഹിതമനുസരിച്ച് പങ്കുവയ്ക്കാനുള്ള മനോഭാവം. ഇതാണ് ദാരിദ്ര്യത്തിന്റെ ചൈതന്യം. യേശുവിന്റെ പ്രാർത്ഥനയിൽ സ്തുതിയും കൃതജ്ഞതയും കാണുന്നു.

ലൂക്കാ 10:21 - യേശു ആത്മാവിൽ ആനന്ദിക്കുന്നു

ഏറ്റവും വലിയ ദാനം എന്താണ്? ദൈവം നമുക്ക് തന്ന ഏറ്റം വലിയ ദാനം പുത്രത്വമാണെന്ന് പറയാം.

1 യോഹ.3:1 -''ദൈവമക്കളെന്ന് നാം വിളിക്കപ്പെടുന്നു; നാം അങ്ങനെയാണുതാനും''. മക്കളുടെ സ്ഥാനത്തേക്ക് ദൈവം നമ്മെ ഉയർത്തി.

1. തെസ. 5: 18 -''എല്ലാക്കാര്യങ്ങളിലും നന്ദി പ്രകാശിപ്പിക്കുവിൻ. ഇതാണ് യേശുക്രിസ്തുവിൽ നിങ്ങളെ സംബന്ധിച്ചുള്ള ദൈവഹിതം.'' വലിയ നന്മ ലഭിച്ചിട്ട് നിസാരമായ തിന്മ ലഭിക്കുമ്പോൾ നാം തളരരുത് (ജോബ്).

ലൂക്കാ 17:11-19 - പത്ത് കുഷ്ഠരോഗികൾ സുഖപ്പെട്ടു.

ഇവിടെ 10 കുഷ്ഠരോഗികളാണ് സുഖപ്പെട്ടത്. വിജാതിയനായ ഒരുവൻ മാത്രമാണ് നന്ദിപ്രകാശിപ്പിക്കാൻ വന്നത്. ബാക്കി 9 പേർ എവിടെയെന്ന് യേശു ചോദിക്കുന്നുണ്ട്.

നമ്മുടെ ജീവിതത്തിലും ആരാധന, സ്തുതി, കൃതജ്ഞത എന്നീ മൂന്നു ജീവിതവുമായി ബന്ധപ്പെട്ട് പോകണം.

ലൂക്ക 8: 1-3-ൽ സ്ത്രീ ശിഷ്യകളെക്കുറിച്ച് പറയുന്നു.

പലപ്പോഴും പുരുഷന്മാരെക്കാൾ സ്ത്രീകളാണ് ഈ മൂന്ന് ജീവിത

www.malankaralibrary.com

വുമായി ബന്ധപ്പെട്ട് പോകുന്നതെന്ന് തോന്നുന്നു.

നമുക്ക് കുടുംബത്തെ ഒന്ന് വിലയിരുത്താം. എന്റെ കുടുംബത്തിൽ ഭാര്യയും ഭർത്താവും ആരാണ് കുടുംബപ്രാർത്ഥനയ്ക്ക്, ആരാധനയ്ക്ക്, സ്തുതിഗീതങ്ങൾക്ക് കൃജ്ഞതാപ്രകടനത്തിന് മുൻകൈ എടുക്കുന്നത്?

## 4. വചനസ്വീകരണം

വചനം = ദൈവഹിതം. എന്നാൽ ആ ദൈവഹിതം നിറവേറ്റുന്നവരെക്കുറിച്ച് യേശു എന്താണ് പറയുന്നത്?

മർക്കോ. 3:35–ൽ 'ദൈവത്തിന്റെ ഹിതം നിർവഹിക്കുന്നവനാരോ അവനാണ് എന്റെ സഹോദരനും സഹോദരിയും അമ്മയും എന്നു പറയുന്നു. പ. അമ്മ മാത്രമാണ് പൂർണ്ണമായും ദൈവഹിതത്തിന് വഴങ്ങി ജീവിച്ചതെന്ന് പറയാം.

ലൂക്കാ 8:21 –ദൈവവചനം ശ്രവിക്കുവിൻ. എന്നിട്ട് അതനുസരിച്ച് പ്രവർത്തിക്കുവിൻ. ദൈവഹിതമാണ് വചനമെന്ന് പറയാം.

പ്രാർത്ഥന സ്നേഹത്തിന്റെ പ്രകടനമാണ്. സ്നേഹിക്കുന്ന ആളിന്റെ ഹിതം ചെയ്യുന്നത് സ്നേഹത്തിന്റെ ഒരു വലിയ പ്രകടനമാണ്.

**ശ്രവണാത്മക പ്രാർത്ഥന** = വചനം ശ്രവിച്ചുകൊണ്ട് ദൈവഹിതവുമായി താദാത്മ്യപ്പെടുന്ന ഒരു ജീവിതം. അപ്പോൾ മാറ്റം നമ്മളിൽ വരുന്നു. ആത്യന്തികമായി ദൈവഹിതം നിറവേറാൻ പ്രാർത്ഥിക്കണം.

**ദൈവഹിതം നിറവേറണം**

അന്ത്യനിമിഷങ്ങളിൽ യേശുവിന്റെയും പ്രാർത്ഥന അപ്രകാരമായിരുന്നല്ലോ?

ലൂക്കാ 22:42– 'പിതാവേ അങ്ങേയ്ക്ക് ഇഷ്ടമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്ന് അകറ്റണമേ! എങ്കിലും എന്റെ ഹിതമല്ല അവിടുത്തെ ഹിതം നിറവേറട്ടെ.'

## 5. വിലാപം - Lamentation സ്തുതി

വിലാപമെന്ന് പറയുമ്പോൾ അത് വ്യക്തികളുടെ വിലാപവും സമൂഹത്തിന്റെ വിലാപവും കാണാം. അത് പാപമോചനത്തിനുവേണ്ടിയുള്ള വിലാപമാകാം. അല്ലെങ്കിൽ പ്രായശ്ചിത്തം ചെയ്തുകൊണ്ടുള്ള വിലാപമാകാം. ഇത് പലപ്പോഴും സ്തുതിയിലേക്ക് കടക്കുന്നു. അഥവാ സ്തുതിയായി മാറുന്നു.

| | |
|---|---|
| 1 ശാമു. 1:18 – 2:1 | (വ്യക്തി വിലാപം) ഹന്നായുടെ വിലാപവും പിന്നീടുള്ള സ്തുതിയും |

www.malankaralibrary.com

| | |
|---|---|
| പുറ. 14:10–14 | സമൂഹം വിലപിക്കുന്നു. ഫറവോയുടെ സൈന്യത്തെ കണ്ട് ഭയന്ന് വിലപിക്കുന്നു. |
| പുറ. 15:1–2 | ഈ വിലാപം സ്തുതിയിലേക്ക് കടക്കുന്നു. കടൽ കടന്ന ഇസ്രായേൽക്കാർ കർത്താവിനെ സ്തുതിക്കുന്നു. |
| സങ്കീ. 13:1–6 | ഈ വിലാപം സ്തുതിയിലേക്ക് കടക്കുന്നു. |
| സങ്കീ. 22:1–3 | ഇസ്രായേലിന്റെ സ്തുതിയുടെ സിംഹാസനത്തിൽ ഉപവിഷ്ടനായിരിക്കുന്നവനേ അവിടുന്നു പരിശുദ്ധനാണ്. |

വിലാപം സ്തുതിയായി മാറുന്നത് വിശ്വാസത്തിലൂടെയാണ്. വിശ്വാസത്തിലൂടെ കടന്ന് വരുമ്പോഴാണ് അത് സ്തുതികളിലേക്ക് കടന്നുവരിക.

പാപമോചനാർത്ഥിയുടെ വിലാപം. അത് വിലാപത്തിന്റെ മറ്റൊരു വശമാണ് ചുങ്കക്കാരന്റെ പ്രാർത്ഥന.

ചുങ്കക്കാരന്റെ പ്രാർത്ഥന 51–ാം സങ്കീർത്തനം

<u>പ്രായശ്ചിത്തം ചെയ്തുകൊണ്ട് വിലപിക്കുന്നു</u>.

| | |
|---|---|
| എസ്രാ. 9:1–3 | വസ്ത്രം കീറി |
| നെഹമി. 1:5–11 | ഉപവസിച്ച് |
| തോബിത്ത് 3:1–6 | ചാരംപൂശി ധൂപാർപ്പണം നടത്തി |
| ഏശയ്യ. 6:4–5 | സ്വയം കണ്ടെത്തൽ |

## 6. യാചനാ പ്രാർത്ഥന

പഴയനിയമത്തിലും പുതിയനിയമത്തിലും ഇതു കാണാം. ആരാധനയുടെ മറ്റൊരു വശം. എല്ലാറ്റിനും ദൈവത്തെ ആശ്രയിക്കുന്നു. ദൈവത്തിന്റെ ഉള്ളായ്മയും മനുഷ്യന്റെ ഇല്ലായ്മയും. യാചനാപ്രാർത്ഥനയുടെ പ്രാധാന്യം കുറയ്ക്കരുത്.

| | |
|---|---|
| മത്താ. 7:7–11 | – പ്രാർത്ഥനയുടെ ശക്തി |
| തോബി. 3:11–15 | യാചനാ പ്രാർത്ഥനയുടെ പ്രാധാന്യം നാം |
| തോബിയാ.8:7–9 | മനസ്സിലാക്കുകയും ആത്യന്തികമായി |
| ബാറൂക്ക് 2:1 | നാം ചോദിക്കേണ്ടത് |
| ഹബക്കൂക്ക് 3:1 | നിത്യരക്ഷയും ജീവനുമാണ്. |
| സങ്കീ. 27:8 | – ആത്മീയവരങ്ങളും ദാനങ്ങളും നാം ചോദിക്കണം |

www.malankaralibrary.com

## 7. മധ്യസ്ഥപ്രാർത്ഥന

മറ്റുള്ളവരുടെയും ആത്മീയമായ നന്മയ്ക്ക് വേണ്ടിയുള്ള പ്രാർത്ഥന യാണ് വേണ്ടത്. ജീവിതാനുഭവങ്ങൾ പങ്കുവച്ചുകൊണ്ടുള്ള പ്രാർത്ഥന. പ്രാർത്ഥന സ്നേഹത്തിന്റെ പങ്കുവയ്ക്കലാണ്. ദൈവവുമായി പങ്കുവ യ്ക്കുമ്പോൾ ജീവിതാനുഭവവും നാം പങ്കുവയ്ക്കണം. ചുരുക്കത്തിൽ ജീവിതപങ്കാളിയായി ദൈവത്തെ സ്വീകരിക്കുക.

സ്നേഹിതനാണ്. സഹോദരനാണ്. ജീവിതപങ്കാളിയാണ്.
(യോഹ. 15:14-15)

ഇനീം ദാസരല്ല. സ്നേഹിതന്മാരാണ്. ഇതിൽ കവിഞ്ഞൊരു സന്തോ ഷം നമുക്ക് ഉണ്ടാകുവാനുണ്ടോ? പങ്കുവയ്ക്കാത്തതായി നമ്മിൽ ഒന്നും ഉണ്ടാകരുത്. സ്നേഹിക്കുന്നവരുമായി നാം പൂർണ്ണമായി പങ്കുവയ്ക്കു ന്നു. അപ്പോൾ ദൈവവുമായി പങ്കുവയ്ക്കാത്തതായി നമ്മിൽ ഒന്നും ഉണ്ടാകാതിരിക്കണം. അപ്പോൾ കർത്താവ് ജീവിതപങ്കാളിയാകും.

പ്രാർത്ഥനാനുഭവം സമഗ്രമായിരിക്കണം. സഭയോട് ചേർന്ന് പ്രാർ ത്ഥിക്കുമ്പോൾ നമ്മുടെ പ്രാർത്ഥന സമഗ്രമായിരിക്കണം. അല്ലാതെ ഒറ്റപ്പെട്ട പ്രാർത്ഥന ജീവിതമാണെങ്കിൽ തെറ്റ് പറ്റും. അനാരോഗ്യമാകും. എന്നാൽ സഭയോട് ചേർന്ന് പ്രാർത്ഥിച്ചാൽ അത് ആരോഗ്യകരമായിരി ക്കും- സമഗ്രമായിരിക്കും. പ്രാർത്ഥന അനുഭവമാകും.

**ചുരുക്കം**

പ്രാർത്ഥന അനുഭവമാകണമെങ്കിൽ സമഗ്രമനുഷ്യൻ വേണം പ്രാർ ത്ഥിക്കാൻ. അതായത് ഒരുവന്റെ ശരീരവും മനസും ഹൃദയവും ആത്മാ വും ഒരുപോലെ പ്രാർത്ഥനയിൽ പങ്കുകൊള്ളണം. ശരീരം മാത്രമായാൽ അത് യാന്ത്രികമാകും. അപ്പോൾ ഒരു അനുഭവവും ഉണ്ടാകില്ല.

**ധ്യാനിക്കാൻ**

1. എന്റെ പ്രാർത്ഥനാജീവിതത്തിൽ ബൈബിളിനുള്ള സ്ഥാനം എന്ത്?

2. വിവിധ പ്രാർത്ഥനാരൂപങ്ങൾ എന്റെ പ്രാർത്ഥനയിൽ വരുന്നു ണ്ടോ?

www.malankaralibrary.com

# IX
# യേശുവിന്റെ പ്രാർത്ഥനാനുഭവം

പുതിയനിയമത്തിലെ പ്രാർത്ഥനയുടെ ഏറ്റവും വലിയ മാതൃക യേശുവാണ്. യേശു മനുഷ്യനെന്ന നിലയിൽ എല്ലാക്കാര്യത്തിലും പ്രലോഭനങ്ങൾക്ക് വിധേയനായിരുന്നു. ഒരു മനുഷ്യനുണ്ടാകാവുന്ന പ്രലോഭനങ്ങൾ എല്ലാം ഉണ്ടായിരുന്നു.

ഹെബ്രാ.4:15 –പ്രലോഭനങ്ങളിൽ, പൂർണ്ണമനുഷ്യനായ യേശു നമ്മെ പ്പോലെതന്നെ പരീക്ഷിക്കപ്പെട്ടു. എന്താണ് ഈ പ്രലോഭനം എന്നു പറഞ്ഞാൽ? പാപം ചെയ്യാനുള്ള പ്രേരണയാണ് പ്രലോഭനം.

യേശുവിന്റെ പ്രാർത്ഥനാജീവിതമാണ് അഥവാ പ്രാർത്ഥനാജീവി തംകൊണ്ടാണ് അൽപംപോലും പിന്മാറാതെ അതിജീവിച്ചത്. പ്രാർ ത്ഥനയിലൂടെയും ഉപവാസത്തിലൂടെയും പ്രലോഭനങ്ങളെ നേരിട്ടു. അരൂപിയാൽ നയിക്കപ്പെടുന്ന ജീവിതത്തിന്റെ ഭാഗമാണ് പ്രലോഭനം.

യോഹ.6:15 – മനുഷ്യനെന്ന നിലയിൽ സഹനം യേശുവിനും ബുദ്ധി മുട്ടായിരുന്നു. അവിടെയെല്ലാം യേശു പ്രാർത്ഥനയിൽ ശരണപ്പെട്ടു.

ഇനീം പ്രാർത്ഥനയുടെ ലക്ഷ്യം എന്താണെന്ന് ചോദിച്ചാൽ എന്തു പറയും? പല ഉത്തരങ്ങൾ പറയും?

ദൈവഹിതത്തോട് താദാത്മ്യപ്പെട്ട് ജീവിക്കുകയെന്നതാണ് പ്രാർ ത്ഥനയുടെ ലക്ഷ്യം. നമ്മെ ഏറ്റവും കൂടുതൽ അറിയുന്നവനും സ്നേ ഹിക്കുന്നവനും നന്മ ആഗ്രഹിക്കുന്നവനും ദൈവമാണ്. ഓരോ നിമിഷ ത്തിലും ദൈവഹിതം അനുസരിച്ച് ജീവിക്കുമ്പോൾ പാപം ഉണ്ടാവില്ല. പക്ഷെ ദൈവഹിതം എങ്ങനെ അറിയും? ദൈവഹിതം അറിയുവാൻ പ്രാർത്ഥിക്കണം. പ്രവാചകന്മാരെല്ലാം ദൈവഹിതം എന്തെന്ന് വെളി പ്പെട്ടു കിട്ടുവാനായി പ്രാർത്ഥിച്ചു.

## a. യേശുവിന്റെ പ്രാർത്ഥനാജീവിതം

യേശു വളരെനേരം പ്രാർത്ഥിച്ചിരുന്ന വ്യക്തിയാണ്. നമുക്ക് അത്ര യും നേരം പ്രാർത്ഥിക്കാൻ പറ്റില്ലെന്ന് പറയും. പക്ഷെ നമ്മുടെ സമയ ത്തിന്റെ ദശാംശം നാം കൊടുക്കേണ്ടതല്ലേ. അപ്പോൾ 24 മണിക്കൂറിന്റെ ദശാംശം നാം കൊടുക്കണം. അതായത് രണ്ടു മണിക്കൂർ 24 മിനിട്ട്.

www.malankaralibrary.com

യേശുവിന്റെ പ്രാർത്ഥനാജീവിതമാണ് നന്മ മാത്രം ചെയ്തുകൊണ്ട് കടന്നുപോകുവാൻ സഹായിച്ചത്.

യേശു പല യാമങ്ങളിലും പ്രാർത്ഥിച്ചിരുന്നത് നാം കാണുകയുണ്ടായി. മർക്കോ. 1:35-ൽ അതിരാവിലെ പ്രാർത്ഥിച്ചിട്ട് പ്രവർത്തനങ്ങളിലേക്ക് കടന്നതായി കാണുന്നു.

മത്താ. 14:23-ൽ നാം ഇപ്രകാരം കാണുന്നു.

പ്രവർത്തനങ്ങൾ കഴിഞ്ഞ്- ജോലിത്തിരക്ക് ഒഴിഞ്ഞപ്പോൾ യേശു ഏകാന്തതയിൽ പ്രാർത്ഥിക്കാനായി മലമുകളിലേക്ക് പോയി. രാത്രി ആയപ്പോഴും പ്രാർത്ഥനയിൽ ആയിരുന്നു.

**മല**

ഇസ്രായേൽക്കാരും കാനാൻകാരും മലമുകളിലാണ് ആരാധന നടത്തിയത്.

എന്തിനാണ് യേശു പ്രാർത്ഥിക്കാനായിട്ട് മലമുകളിലേക്ക് പോകുന്നത്?

മലമുകളിൽ ഏകാന്തതയുണ്ട്. അവിടെ ഏകാഗ്രത ലഭിക്കും. വിജനമാണ്. മറ്റൊന്ന് ഉന്നതങ്ങളിൽ- ഉയരത്തിൽ- ആയിരിക്കുന്ന ദൈവവുമായി ബന്ധപ്പെടുന്നതിന്റെ പ്രതീകമാണ്.

ലൂക്കാ 6:12-ൽ നാം ഇപ്രകാരം കാണുന്നു.

സുപ്രധാന കാര്യങ്ങൾ ചെയ്യുന്നതിന് മുൻപ് ദീർഘനേരം പ്രാർത്ഥിച്ചിരുന്നു. രാത്രിമുഴുവൻ പ്രാർത്ഥിച്ചു.

അതുപോലെ ജോലിക്കിടക്ക് മാറിപ്പോയി പ്രാർത്ഥിച്ചിരുന്ന പതിവും യേശുവിനുണ്ടായിരുന്നു.

നാം സ്വന്തമായി പ്ലാൻ ചെയ്യാതെ ദൈവവുമായി കാര്യങ്ങൾ പ്ലാൻ ചെയ്യുകയാണ് വേണ്ടത്. ദൈവഹിതം വെളിപ്പെട്ടു കിട്ടാനായി പ്രാർത്ഥിക്കണം.

നമ്മുടെ ഹിതം ദൈവത്തെ അറിയിക്കുവാനുള്ള വ്യഗ്രതയാണ് മനുഷ്യന്. എന്നാൽ ദൈവഹിതം എന്തെന്ന് മനസിലാക്കുകയാണ് വേണ്ടത്. അതിന് ശ്രദ്ധയോടെ ഇരിക്കണം.

## b. യേശുവിന്റെ പ്രാർത്ഥനാനുഭവം

പ്രഭാതത്തിലും, ദിവസത്തിന്റെ പലഭാഗങ്ങളിലും, പകലും രാത്രിയിലും ഒക്കെ യേശു പ്രാർത്ഥിക്കുന്നു. പിതാവിന്റെ ഹിതവും നമ്മുടെ ഹിതവും തമ്മിൽ ചേരാതെ വരും. അതു കുരിശാണ്. സഹനമാണ്. നമ്മുടെ ഇഷ്ടം നടക്കാതെ വരുന്നതാണ് സഹനം.

www.malankaralibrary.com

''ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവൻ തന്നെ തന്നെ പരിത്യജിച്ച് അനുദിനം തന്റെ കുരിശുമെടുത്തു കൊണ്ട് എന്നെ അനുഗമിക്കട്ടെ'' (ലൂക്കാ 9:23) കുരിശ് എടുത്തുകൊണ്ട് എന്റെ പിന്നാലെ അനുദിനം വരട്ടെയെന്ന് യേശു പറഞ്ഞു. സ്വന്തം ഹിതം ത്യജിച്ച് (അതാണ് കുരിശ്) ദൈവഹിതം നിറവേറാനായി പരിശ്രമിക്കണം.

(സാത്താൻ നേരിട്ട് വന്ന് പറഞ്ഞാൽ നാം പാപം ചെയ്യില്ല. നാം സ്നേഹിക്കുന്നവരിൽക്കൂടി പറഞ്ഞാൽ നാം അത് ചെയ്യും. കയ്പുള്ള മരുന്ന് നേരിട്ട് കുടിക്കില്ല. പഞ്ചസാര കോട്ടിംഗ് ഉണ്ടെങ്കിൽ കഴിക്കാം. ഇതുപോലെ സാത്താൻ പരിശ്രമിക്കും) അവൻ സൂത്രത്തിൽ നമ്മെ വീഴിക്കും.

ലൂക്കായുടെ സുവിശേഷമാണ് യേശുവിന്റെ പ്രാർത്ഥനയുടെ രംഗങ്ങൾ വളരെ ശ്രദ്ധയോടുകൂടി രേഖപ്പെടുത്തിയിരിക്കുന്നത്.

ലൂക്കാ പൗലോസിന്റെ സഹപ്രവർത്തകനായിരുന്നു. രണ്ട് വർഷം പൗലോസ് ജയിലിലായിരുന്നപ്പോൾ ലൂക്കാ ഫ്രീ ആയിട്ട് പലസ്തീനയിലൂടെ നടന്ന് പലരേയും ഇന്റർവ്യൂ നടത്തിയിട്ടുണ്ടെന്ന് കരുതപ്പെടുന്നു. അങ്ങനെ കൂടുതൽ കാര്യങ്ങൾ ലൂക്കാ രേഖപ്പെടുത്തിയിരിക്കുന്നു.

ലൂക്ക 3:21-22 ൽ യേശുവിന്റെ പ്രാർത്ഥന രേഖപ്പെടുത്തിയിരിക്കുന്നു.

'ദൈവപുത്രാനുഭവം' പിതാവിന്റെ പ്രസാദം ഉൾക്കൊള്ളുന്ന അനുഭവം. പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ സ്വർഗ്ഗം തുറക്കപ്പെട്ടു. പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ കാണപ്പെട്ടു. നീ എന്റെ പ്രിയപുത്രനെന്ന് പിതാവ് പറയുന്നു. വലിയ പ്രാർത്ഥനാനുഭവം

നാമും പ്രാർത്ഥിക്കുമ്പോൾ യേശുവിന്റെ ഈ അനുഭവം ഉൾക്കൊണ്ട് പ്രാർത്ഥിക്കണം. പ്രസാദം ഉൾക്കൊണ്ടുകൊണ്ട് നിലക്കാത്ത പ്രസാദം- നിലയ്ക്കാത്ത സ്നേഹം അനുഭവിച്ചു കൊണ്ട് (steadfast love) എസെദ് (ഗ്രീക്ക്). രണ്ടും ഒരേ അർത്ഥമാണ്.

സ്വർഗ്ഗം തുറക്കപ്പെടുന്ന - ദൈവത്തിന്റെ സാന്നിദ്ധ്യത്തിലേക്ക് പ്രവേശിച്ചുകൊണ്ട് - ദൈവാനുഭവം ഉൾക്കൊണ്ടുകൊണ്ട് നാം പ്രാർത്ഥിക്കണം. ദൈവസാന്നിദ്ധ്യാവബോധം ഉണ്ടാകണം. സ്വർഗവാസികളോട് ചേർന്നാണ് നാം പ്രാർത്ഥിക്കുന്നതെന്ന് തോന്നണം.

ആബാ (Abba) പിതാവേ എന്ന് വിളിക്കാൻ സഹായിക്കുന്നത് പരിശുദ്ധാത്മാവാണ്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനവും നമ്മുടെ പ്രാർത്ഥനയിൽ ആവശ്യമാണ്. പ്രാവും, തീനാവും പ്രതീകങ്ങളാണ്. യേശു വന്നത് ദൈവവും മനുഷ്യനുമായി അനുരഞ്ജിപ്പിക്കാനാണ്. അതിന്റെ പ്രതീകം പ്രാവാണ്. തീനാവ് - തീ - വിശുദ്ധീകരിക്കുന്നു. നാവ് പ്രഘോഷണത്തിനും. അങ്ങനെ ശ്ലീഹന്മാർക്ക് തീനാവ് പ്രതീകാത്മകമാണ്. പ്രാർത്ഥനയിൽ ഇല്ലാതെ പോകുന്നത് ദൈവസാന്നിദ്ധ്യാവ

www.malankaralibrary.com

ബോധമാണ്. അത് അപകടകരമാണ്. വിരസത, മടുപ്പ് മുതലായവ ഉണ്ടാകുന്നത് ദൈവസാന്നിദ്ധ്യാവബോധമില്ലാത്തതുകൊണ്ടാണ്.

വിശ്വാസത്തിൽക്കൂടി ദൈവസാന്നിദ്ധ്യാവബോധം ഉണ്ടാക്കിയെടുക്കാൻ നമുക്ക് സാധിക്കണം.

''Prayer is awareness''. പ്രാർത്ഥന ഒരു ബോധ്യം ഉണ്ടാക്കണം. അവബോധം വേണം. അതുകൊണ്ട് ആരംഭത്തിൽ നാം ശ്രദ്ധിക്കണം. ദൈവസാന്നിദ്ധ്യാവബോധം ഉണ്ടാക്കിയെടുത്തിട്ടേ തുടങ്ങാവൂ.

''നല്ല തുടക്കം പകുതി ചെയ്തതിന് തുല്യം'' (Well begun half done). ഉണർവ് = സാന്നിദ്ധ്യത്തിലേക്ക് ഉണരണം. ഉറങ്ങാതിരുന്നതുകൊണ്ട്  ഉണർവ് ഉണ്ടാകണമെന്നില്ല. ഉണർവ് = ദൈവസാന്നിദ്ധ്യത്തിലേക്കുള്ള ഉണർവ്.

ദൈവത്തിങ്കലേക്ക് ഉയരാനുള്ള അടയാളങ്ങളായി നമുക്ക് സൃഷ്ടവസ്തുക്കളെ എടുക്കാം. എന്നാൽ ഈ അടയാളങ്ങളിൽ തങ്ങിനിൽക്കുകയാണെങ്കിൽ നമുക്ക് ദൈവത്തിങ്കലേക്ക് ഉയരാൻ പറ്റില്ല.

**പ്രാർത്ഥിക്കുന്ന രണ്ടാം സമയം**

ലൂക്കാ 5:16 -ആളുകൾ ഓടിക്കൂടിയപ്പോൾ - അത് അപകടമായതുകൊണ്ട് - അതിന്റെ പേരിൽ പലതും ചെയ്ത് അവരുടെ അംഗീകാരം നേടാൻ ഇടയുള്ളതുകൊണ്ട് യേശു അവിടെ നിന്നും മാറി വിജനപ്രദേശങ്ങളിൽ പോയി പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

ലൂക്കാ 6:6-11 -ശാബദിൽ രോഗശാന്തി കൊടുത്തപ്പോൾ ടെൻഷൻ ഉണ്ടായി. കോപവും ദുഃഖവും.

ലൂക്ക 6:12 -വീണ്ടും പ്രാർത്ഥന- രാത്രി മുഴുവൻ പ്രാർത്ഥിച്ചു. അസ്വസ്ഥതകൾ ഉണ്ടാകുമ്പോൾ കൂടുതൽ പ്രാർത്ഥിക്കണമെന്ന് യേശു നമുക്ക് മാതൃക കാണിച്ചുതന്നു. ആ പ്രാർത്ഥന രാത്രി മുഴുവൻ നീണ്ടുനിന്ന പ്രാർത്ഥന - കഴിഞ്ഞാണ് ശിഷ്യന്മാരിൽ നിന്നും 12 അപ്പസ്തോലന്മാരെ തിരഞ്ഞെടുക്കുന്നത്. ഇതിനെക്കുറിച്ച് കഴിഞ്ഞദിവസങ്ങളിലും നാം ചിന്തിച്ചിട്ടുള്ളതാണല്ലോ.

അടുത്ത പ്രാർത്ഥന നാം കാണുന്നത് ലൂക്കാ 9:18-20.

**യേശു തനിയെ**

തനിയെ എന്ന ഗ്രീക്ക് പദത്തിന് ''ഏകാന്തമായ സ്ഥലത്ത്'' എന്നുകൂടി അർത്ഥം ഉണ്ട്. ഏകാന്തമായ സ്ഥലത്ത് യേശു ശിഷ്യന്മാരോടുകൂടി പ്രാർത്ഥിച്ചുവെന്ന് കരുതാം.

(കുടുംബത്തിൽ - ഭാര്യയും ഭർത്താവും തനിയെ അവരുടെ മുറിയിൽ പ്രാർത്ഥിക്കുന്ന രീതി വളർത്തി എടുക്കണം. പ്രത്യേകിച്ച് എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ കർത്താവിനോട് നല്ല തീരുമാനം

www.malankaralibrary.com

എടുക്കാൻ സഹായം ചോദിക്കണം).

''ഞാനാരെന്നാണ് ജനങ്ങൾ പറയുന്നത്''? Who am I? പ്രാർത്ഥനയ്ക്കുശേഷമാണ് മറ്റ് പീഡാനുഭവമൊക്കെപ്പറയുന്നത്. ഇതിൽ നിന്നും നാം ഒരു കാര്യം മനസിലാക്കണം.

**സ്വയം കണ്ടെത്തലിന്റെ വേദിയാണ് പ്രാർത്ഥന**

ഈ സ്വയം കണ്ടെത്തൽ പല പ്രാവശ്യം നടത്തിയെങ്കിലും ഗത്സമേനിയിൽ വച്ച് അതു സ്വീകരിക്കാൻ യേശുവിന് വിഷമം എങ്കിലും പിതാവിന്റെ ഇഷ്ടത്തിന് വിധേയനാകുന്നു.

കണ്ടെത്തലും സ്വീകരണവും (Discovery and acceptance) ആണ് ആവശ്യം. കണ്ടെത്തിയാൽ മാത്രം പോരാ. സ്വീകരിക്കുക കൂടി വേണം.

മനുഷ്യപുത്രൻ സഹിക്കണം മരിക്കണം എന്നെല്ലാം പറഞ്ഞിട്ട് ശിഷ്യന്മാരുടെ ഐഡന്റിറ്റി കൂടി പറയുന്നു. ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ സ്വന്തം കുരിശും എടുത്ത് എന്നെ അനുഗമിക്കട്ടെ (ലൂക്കാ 9:23).

ഇവിടെയും പ്രാർത്ഥനയിൽക്കൂടി കണ്ടെത്തിയത് സ്വീകരിക്കുകയാണ് പ്രധാനമായിട്ടുള്ളത്. അവസാനം വരെയും യേശുവിനും സ്വീകരിക്കാൻ മാനുഷികമായ ബുദ്ധിമുട്ട് ഉണ്ടായിരുന്നു.

ലൂക്കാ 22:39–42 ൽ നാം വായിക്കുന്നു.

കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽനിന്നും അകന്ന് പോകട്ടെ. എന്റെ ഇഷ്ടമല്ല. അങ്ങയുടെ ഇഷ്ടം. ഈ സമയത്ത് യേശുവിനെ ശക്തിപ്പെടുത്തുവാൻ സ്വർഗ്ഗത്തിൽ നിന്ന് ഒരു ദൂതൻ പ്രത്യക്ഷപ്പെട്ടു. നാമും പ്രയാസത്തിൽ പ്രാർത്ഥിക്കുമ്പോൾ സ്വീകരിക്കുവാനുള്ള ശക്തി നമുക്കും ലഭിക്കും. പ്രശ്നങ്ങളെ അഭിമുഖീകരിക്കാനുള്ള ശക്തി ലഭിക്കും.

ഇവിടെ നാം മനസിലാക്കേണ്ടത് *അന്വേഷണം, കണ്ടെത്തൽ, സ്വീകരണം, ശക്തിപ്രാപിക്കൽ* (എന്നു പറഞ്ഞാൽ പ്രാർത്ഥനയിൽക്കൂടിയുള്ള ശക്തിപ്രാപിക്കലാണ്.) ഇവ പ്രാർത്ഥനയിൽ ലഭിക്കണം.

(23–ാം വയസിൽ ഒരു വശം തളർന്ന ജർമ്മൻകാരി ലൂർദ്ദിൽ 3 വർഷം അസുഖം മാറാനായി പ്രാർത്ഥിച്ചു. മാറിയില്ല. പിന്നീട് തിരുഹിതമെങ്കിൽ മാറാൻ മാറുന്നില്ലെങ്കിൽ ശക്തിക്കായി പ്രാർത്ഥിച്ചു. അത്ഭുതം കണ്ടു. മനസിന് സുഖം കൊടുത്തു. സന്തോഷത്തോടെ സ്വീകരിക്കാൻ അവർക്കും കഴിഞ്ഞു)

മറ്റൊരു പ്രാർത്ഥന – ലൂക്കാ 9:28–32–ൽ

രൂപാന്തരീകരണ സമയത്ത് യേശു പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ

www.malankaralibrary.com

രൂപാന്തരപ്പെട്ടു. ഏലിയായും മോശയും പ്രത്യക്ഷപ്പെട്ടു. അവരും സം സാരിച്ചുകൊണ്ടിരുന്നത് യേശുവിന്റെ സഹനത്തെക്കുറിച്ചാണ്. ഈ സഹനം മഹത്വത്തിന്റെ മുന്നോടിയാണ്. മഹത്വത്തിന്റെ ഒരു മുന്നാ സ്വാദനമാണ് താബോർ എക്സ്പിരിയൻസ്. സഹനവും മഹത്വവും ഒരേ നാണയത്തിന്റെ രണ്ട് വശങ്ങളാണ്. മരണവും ഉത്ഥാനവും ഒരേ നാണയത്തിന്റെ രണ്ട് വശങ്ങളാണ്.

സ്നേഹജീവിതത്തിന്റെ-ത്യാഗജീവിതത്തിന്റെ- ബലിജീവിതത്തിന്റെ പൂർത്തീകരണമാണ് മരണം. മറ്റുള്ളവർക്കുവേണ്ടി കുറേശെ കൊടുത്തു കൊടുത്തു അവസാനം പൂർണ്ണമായി കൊടുത്ത്- മറ്റുള്ളവർക്കുവേണ്ടി തന്റെ ജീവിതം ഒരു മെഴുകുതിരി പോലെ എരിഞ്ഞുതീരുന്നതാണ് ബലിയുടെ - സഹനത്തിന്റെ - ത്യാഗത്തിന്റെ അവസാനമായ മരണം. ലോകം മുഴുവൻ നേടിയാലും തന്റെ ജീവനെ- ആത്മാവിനെ- നഷ്ട പ്പെടുത്തിയാൽ എന്ത് പ്രയോജനം? ലൂക്കാ 9:25

**ക്രിസ്തീയജീവിതം സഹനത്തിന്റെ ജീവിതമാണ്**

മരണം ഒരു കടന്നുപോക്ക് (pass over) ആണ്. പുതിയ ജീവിതത്തി ലേക്ക് കടന്നുവരുന്ന വഴി മാത്രം.

കുരുടൻ പറഞ്ഞു കാണണം. കാണാൻ അവന് ശക്തികൊടുത്തു. നമുക്കും അവനെപ്പോലെ ഈ സഹനത്തിന്റെ അർത്ഥം മനസിലാക്കാൻ - കാണാൻ- കഴിയണം.

മറ്റൊരു പ്രാർത്ഥന

ലൂക്കാ 10:21-22-ൽ സ്തുതിപ്പിന്റെ പ്രാർത്ഥന. വെളിപ്പെടുത്തലിന്റെ നന്ദിപറച്ചിൽ. പിതൃപുത്രബന്ധം വെളിപ്പെടുത്തുകയും ബുദ്ധിമാന്മാ രിൽ നിന്നും മറച്ചുവച്ച് ശിശുക്കൾക്ക് വെളിപ്പെടുത്തി. ശിഷ്യന്മാർക്ക് പിതാവ് വെളിപ്പെടുത്തി. പുത്രന്മാരായി Abba പിതാവേ experience. അതായിരുന്നു പുത്രന്റെയും ആഗ്രഹം. ആ ബന്ധം ഉണർത്തി വേണം. നാമും പ്രാർത്ഥിക്കുവാൻ. അവിടെ പിതൃപുത്രബന്ധം ശക്തിപ്പെടും.

അടുത്ത പ്രാർത്ഥന -ലൂക്കാ 11:ൽ

യേശു പ്രാർത്ഥിക്കുന്നത് കണ്ടപ്പോൾ അവരേയും പ്രാർത്ഥിക്കാൻ പഠിപ്പിക്കണമെന്ന് ശിഷ്യന്മാർ പറഞ്ഞു. പ്രാർത്ഥനാജീവിതത്തിന്റെ മാ തൃക യേശു കൊടുത്തപ്പോഴാണ് ശിഷ്യർ ആവശ്യപ്പെട്ടത്.

അടുത്തത് - ലൂക്കാ 22:31-32-ൽ

ശെമയോനുവേണ്ടി യേശു പ്രാർത്ഥിച്ചു. നീ നിന്റെ സഹോദരന്മാരെ ശക്തിപ്പെടുത്തണം. വിശ്വാസം ത്യജിക്കാതിരിക്കുവാൻ. കാരണം സാ ത്താൻ നിങ്ങളെ ഗോതമ്പുപോലെ പാറ്റാൻ ഉദ്യമിച്ചിരിക്കുന്നു.

www.malankaralibrary.com

അടുത്തത്, ലൂക്കാ 23:34-ൽ കുരിശിൽ കിടന്നുകൊണ്ടുള്ള പ്രാർത്ഥന

ശത്രുക്കൾക്കുവേണ്ടിയുള്ള പ്രാർത്ഥന. യേശു പറഞ്ഞതൊക്കെ സ്വന്തം ജീവിതത്തിൽ പ്രാവർത്തികമാക്കുന്നുണ്ട്. മത്താ. 5:43-44ൽ പറഞ്ഞിരിക്കുന്ന അതേ കാര്യമാണ് കുരിശിൽ കിടന്നുകൊണ്ട് പിടഞ്ഞ് പിടഞ്ഞ് മരിക്കാൻ പോകുന്ന സമയത്തുപോലും നിറവേറ്റപ്പെടുന്നത്. നമുക്കും ശത്രുക്കളെ സ്നേഹിക്കുന്നതിനുള്ള കഴിവ് ലഭിക്കുന്നതിനുവേണ്ടി, യേശു മാതൃക കാട്ടിത്തന്നു. അങ്ങനെ ചെയ്യുമ്പോൾ നമുക്ക് വലിയ അനുഭവം ലഭിക്കും.

അവസാനം - ലൂക്കാ 23:46-ൽ പിതാവിന്റെ കരങ്ങളിൽ തന്റെ ആത്മാവിനെ സമർപ്പിക്കുന്നു.

മാതാവ് ചെറുപ്പത്തിൽ യേശുവിനെ പഠിപ്പിച്ച പ്രാർത്ഥനയാണ് ഉറങ്ങുന്നതിന് മുൻപ് പ്രാർത്ഥിക്കാൻ. സങ്കീ. 31:5 **'അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു.'**

അവസാന ഉറക്കത്തിനു യേശു അതു തന്നെ ആവർത്തിക്കുന്നു. ''അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു''. സമർപ്പണ മനോഭാവം വളർത്തിയെടുക്കാൻ പഠിപ്പിക്കണം. ''Prayer of abandonment'' ജഡത്തിൽ നിന്നും ആത്മാവ് വേർപിയുന്ന സമയം. (അന്ത്യയാത്രയുടെ പ്രാർത്ഥന).

**c. വി. പൗലോസിന്റെ പ്രാർത്ഥനാനുഭവം**

''വി. പൗലോസ് പ്രാർത്ഥനയിൽ ഒരു വിപ്ലവകാരിയായിരുന്നു.''

'A Revolutionary in prayer' യഹൂദ പ്രാർത്ഥനാനുഭവമായിരുന്നു ശാവൂളിനുണ്ടായിരുന്നത്. പൗലോസിന് അത് ക്രൈസ്തവാനുഭവമായിത്തീർന്നു.

പഴയനിയമത്തിലെ പ്രാർത്ഥനയുടെ മനുഷ്യൻ ജറമിയാസ് പ്രവാചകനും പുതിയനിയമത്തിൽ പൗലോസുമാണ് പ്രാർത്ഥനയുടെ മനുഷ്യരായി കാണുന്നത്. പ്രാർത്ഥനയോട് വളരെ പ്രാമുഖ്യമുള്ള ഒരാളായിരുന്നു അപ്പസ്തോലനായ പൗലോസ്.

പ്രാർത്ഥനയെക്കുറിച്ചുള്ള പൗലോസിന്റെ കാഴ്ചപ്പാടിൽ പ്രാർത്ഥനയെക്കുറിച്ച് പറയുന്നത് പിതാവിന്റെ സന്നിധിയിലേക്ക് ധൈര്യപൂർവ്വം, സ്നേഹപൂർവ്വം പ്രവേശിക്കുകയാണ്. പിതൃപുത്രബന്ധത്തിൽ നിന്നുമാണ് സ്വാതന്ത്ര്യം ലഭിക്കുക.

എഫേ. 2:18-19-ൽ പറയുന്നത്

'പിതാവിന്റെ സന്നിധിയിൽ പ്രവേശിക്കാൻ സാധിക്കുന്നു. ഇനിമേൽ നിങ്ങൾ അന്യരോ പരദേശികളോ അല്ല: വിശുദ്ധരുടെ സഹപൗരരും

www.malankaralibrary.com

ദൈവഭവനത്തിലെ അംഗങ്ങളുമാണ്.'

റോമ. 8:15 'ആബാ-പിതാവേ അനുഭവം' ഗലാ.4:6-7 ലും അതേ ബന്ധമാണ് കാണുക.

'നിങ്ങൾ മക്കളായതുകൊണ്ട് ആബാ - പിതാവേ എന്നു വിളിക്കുന്ന തന്റെ പുത്രന്റെ ആത്മാവിനെ ദൈവം നമ്മുടെ ഹൃദയത്തിലേക്ക് അയച്ചിരിക്കുന്നു. ആകയാൽ നീ ഇനിമേൽ ദാസനല്ല. പിന്നെയോ പുത്രനാണ്. പുത്രനെങ്കിൽ ദൈവഹിതമനുസരിച്ച് അവകാശിയുമാണ്.'

റോമാ. 8:26 'നമ്മുടെ ബലഹീനതയിൽ ആത്മാവ് നമ്മെ സഹായിക്കുന്നു. വേണ്ടവിധം പ്രാർത്ഥിക്കേണ്ടതെങ്ങനെയെന്ന് നമുക്കറിഞ്ഞുകൂടാ, എന്നാൽ അവാച്യമായ നെടുവീർപ്പുകളാൽ ആത്മാവ് തന്നെ നമുക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കുന്നു.'

എന്തു പ്രാർത്ഥിക്കണം? എങ്ങനെ പ്രാർത്ഥിക്കണം എന്ന് അറിഞ്ഞുകൂടാ. സംസാരിക്കാൻ അറിഞ്ഞുകൂടാത്ത കുഞ്ഞ് ഒന്നും ചോദിക്കുന്നില്ല. പക്ഷെ അമ്മ കുഞ്ഞ് ബന്ധത്തിൽ അതിന് അനുഭവം ഉണ്ടാകുന്നു.

ഈ ബലഹീനതയിൽ ആത്മാവ് തന്നെ നമുക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കുന്നു.

റോമ 8:14 'ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവരെല്ലാം ദൈവത്തിന്റെ പുത്രന്മാരാണ്.' അരൂപിയാൽ നയിക്കപ്പെടുന്നവർ = ദൈവമക്കൾ.

ചുരുക്കത്തിൽ ആബാ പിതാവേയെന്നു വിളിക്കാനുള്ള അവകാശവും സ്വാതന്ത്ര്യവും ദൈവം സൗജന്യമായി നമുക്ക് നൽകിയിട്ടുണ്ട്. അതിനാൽ ധൈര്യമായി അവിടുത്തെ നമ്മുടെ ഉള്ളിലേക്ക് സ്വീകരിച്ചുകൊണ്ട് പിതൃപുത്രബന്ധത്തിൽ സമഗ്രമനുഷ്യനായി പ്രാർത്ഥിക്കുമ്പോൾ നമുക്ക് ദൈവാനുഭവം ഉണ്ടാകും.

**ധ്യാനിക്കാൻ:**

1. യേശുവിന്റെ പ്രാർത്ഥനാനുഭവം നമ്മുടെ പ്രാർത്ഥനാജീവിതത്തിന് എങ്ങനെയെല്ലാം പ്രചോദനം നൽകുന്നു.

www.malankaralibrary.com

# X
# പ്രാർത്ഥന ഒരു ദൈവികദാനം

## 1. ദൈവത്തിന്റെ ശക്തി സ്വാംശീകരിക്കുന്നു

2 കോറി. 12:1-10 (പൗലോസിനുണ്ടായ അനുഭവം)

**ദർശനങ്ങളും വെളിപാടുകളും**

''പതിനാലു വർഷം മുമ്പ് മൂന്നാം സ്വർഗ്ഗം വരെ ഉയർത്തപ്പെട്ട ഒരു മനുഷ്യനെ ക്രിസ്തുവിൽ എനിക്കറിയാം. ശരീരത്തോടുകൂടെയോ ശരീരം കൂടാതെയോ എന്ന് എനിക്കറിവില്ല. അത് ദൈവത്തിനേ അറിയൂ'' (2 കോറി.12:2).

ദൈവകൃപ സ്വാംശീകരിച്ച് മാനുഷിക ബലഹീനതകളെ അതിജീവിച്ച് ബലഹീനതകളിൽ ദൈവത്തിൽ ആശ്രയിച്ച് മുൻപോട്ട് പോകാൻ പൗലോസിന്റെ പ്രാർത്ഥനാജീവിതത്തിന് കഴിഞ്ഞു. ബലഹീനത ഒരു കൃപയാണ് അതിൽ നാം നിരാശപ്പെടേണ്ടതില്ല.

എപ്പോഴും പ്രാർത്ഥിക്കണം. 1 തെസ. 5:17 (ഇടവിടാതെ പ്രാർത്ഥിക്കുന്നു). ''ഇടവിടാതെ പ്രാർത്ഥിക്കുവിൻ. എല്ലാ കാര്യങ്ങളിലും നന്ദി പ്രകാശിപ്പിക്കുവിൻ. ഇതാണ് യേശുക്രിസ്തുവിൽ നിങ്ങളെ സംബന്ധിച്ചുള്ള ദൈവഹിതം'' (5:17-18).

## 2. എല്ലാം ദൈവഹിതത്തിൽ

ദൈവൈക്യത്തിൽ പ്രാർത്ഥിക്കുക - ജോലിക്കിടയിലും - സ്നേഹൈക്യത്തിൽ ജീവിക്കുക. അഫ്രഹാത്തസ് എന്ന പിതാവ് പറയുന്നു: ഒരു ക്രിസ്ത്യാനി 24 മണിക്കൂറും പ്രാർത്ഥനയിലാണ്. എന്നു പറഞ്ഞാൽ അവന്റെ ഊണും ഉറക്കവും എല്ലാം ദൈവത്തിനു മുമ്പിൽ പ്രാർത്ഥനയാകണം.

## 3. സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിലും ദൈവം അവനിലും വസിക്കുന്നു (1 യോഹ. 4:16).

എല്ലാ കാര്യത്തിലും നന്ദി പ്രകാശിപ്പിക്കണം. ബന്ധമാണ് നന്ദിപ്രകാശനത്തിന്റെ അടിസ്ഥാനം.

www.malankaralibrary.com

## 4. കൃതജ്ഞത നിറഞ്ഞ ഹൃദയത്തോടെ ദൈവത്തിന് സങ്കീർത്തനങ്ങളും ഗാനങ്ങളും ആത്മീയഗീതങ്ങളും പാടുവിൻ

''പരസ്പരം പഠിപ്പിക്കുകയും ഉപദേശിക്കുകയും ചെയ്യുമ്പോഴും കൃതജ്ഞത നിറഞ്ഞ ഹൃദയത്തോടെ ദൈവത്തിന് സങ്കീർത്തനങ്ങളും ഗാനങ്ങളും ആത്മീയഗീതങ്ങളും പാടുമ്പോഴും ക്രിസ്തുവിന്റെ വചനം നിങ്ങളിൽ സമൃദ്ധമായി വസിക്കട്ടെ!'' (കൊളേ.3:16).

## 5. മദ്ധ്യസ്ഥപ്രാർത്ഥന

റോമ. 1:9 – ഇടവിടാതെ പ്രാർത്ഥനയിൽ സ്മരിക്കുന്നു. അതിന് ദൈവം തന്നെ സാക്ഷി. ''ഞാൻ നിങ്ങളെ ഇടവിടാതെ പ്രാർത്ഥനയിൽ സ്മരിക്കുന്നു. എന്നതിന്, അവിടുത്തെ പുത്രനെക്കുറിച്ചുള്ള സുവിശേഷം വഴി ഞാൻ ആത്മനാ ശുശ്രൂഷിക്കുന്ന ദൈവമാണ് എനിക്ക് സാക്ഷി'' (റോമ. 1:9).

യോഹ. 17–ൽ 26 വാക്യങ്ങളിൽ ആദ്യത്തെ 8 വാക്യങ്ങൾ മാത്രം തനിക്കുവേണ്ടി ബാക്കി 18 വാക്യങ്ങൾ മറ്റുള്ളവർക്കുവേണ്ടിയാണ് യേശു പ്രാർത്ഥിക്കുന്നത്.

**ലഭിച്ച വിളിയുടെ പൂർത്തീകരണം**

''അവിടുന്ന് എന്നെ ഏൽപിച്ച ജോലി പൂർത്തീകരിച്ചുകൊണ്ട് ഭൂമിയിൽ അവിടുത്തെ ഞാൻ മഹത്വപ്പെടുത്തി'' (യോഹ. 17:4). ഏൽപിച്ച ജോലി പൂർത്തീകരിച്ചുകൊണ്ട് പിതാവിനെ മഹത്വപ്പെടുത്തി.

**വീണ്ടും മദ്ധ്യസ്ഥപ്രാർത്ഥന (രാപകൽ)**

1 തെസ. 3:10 –ൽ ''നിങ്ങളെ മുഖാഭിമുഖം കാണുന്നതിനും നിങ്ങളുടെ വിശ്വാസത്തിന്റെ കുറവ് നികത്തുന്നതിനും വേണ്ടി ഞങ്ങൾ, രാപകൽ തീഷ്ണതയോടെ പ്രാർത്ഥിക്കുന്നു.'' രാപകൽ തീക്ഷ്ണതയോടെ പ്രാർത്ഥിക്കുന്നു. പൗലോസ് ആദ്ധ്യാത്മിക നന്മയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

കൊളോ.1:3–8 – ആദ്ധ്യാത്മിക നന്മയ്ക്കുവേണ്ടി പ്രാർത്ഥിക്കുമ്പോൾ ഭൗതികനന്മയ്ക്കുവേണ്ടി പ്രാർത്ഥിച്ച് കാണുന്നില്ല.

**മാനദണ്ഡം**

സ്നേഹത്തിലുള്ള വളർച്ച { ദൈവസ്നേഹത്തിലും<br>പരസ്നേഹത്തിലും

പരസ്നേഹമില്ലാതെ ദൈവസ്നേഹമില്ല
ദൈവത്തെ സ്നേഹിക്കുന്നെങ്കിൽ എന്തെല്ലാം ഉണ്ടാകണം?

**a. ദൈവത്തിലുള്ള വിശ്വാസവും ആശ്രയത്വവും**

വിശ്വാസം – Believe in God
ആശ്രയത്വം – Trust in God

www.malankaralibrary.com

b. **പരിപാലനയിലുള്ള വിശ്വാസം – ഉറപ്പ്**

c. **ദൈവതിരുമുമ്പിലുള്ള ആത്മാർത്ഥത – തുറവി**

(സ്നേഹമുള്ളിടത്ത് ഭാര്യാഭർത്താക്കന്മാർ ഒന്നും മറച്ചുവക്കില്ല. തുറവി)

d. **ശ്രവണ മനോഭാവം** – ദൈവത്തെ കേൾക്കുന്ന– ശ്രവിക്കുന്ന – ദൈവമനോഭാവം അറിയാനുള്ള ശ്രമം. (നമ്മൾ സാധാരണ നമ്മുടെ ഹിതം ധരിപ്പിക്കലാണ്).

e. **അനുസരണം** – ഹിതം നിർവ്വഹിക്കുക. ദൈവഹിതാനുസരണമായി ജീവിക്കുക.

യോഹ. 15:10 ''എന്റെ കൽപനകൾ പാലിച്ചാൽ എന്റെ സ്നേഹത്തിൽ നിലനിൽക്കും''. കൽപന പാലിച്ച് സ്നേഹത്തിൽ നിലനിൽക്കുക.

f. **നിരന്തരമായ മാറ്റം** – ദൈവീകമായ ഒരു പരിവർത്തനം നമ്മിൽ ഉണ്ടാകണം.

Divinization - ദൈവീകമായ ഭാവങ്ങൾ – ദൈവീകത

അതു നമ്മിൽ പ്രാവർത്തികമാകണമെങ്കിൽ പ്രാർത്ഥന ഒരു അനുഭവമായി മാറണം. അതിനുവേണ്ടി ആഗ്രഹിക്കുകയും പരിശ്രമിക്കുകയും വേണം.

## സഹോദരസ്നേഹം

1. മറ്റുള്ളവരെക്കുറിച്ചുള്ള സ്നേഹപൂർവ്വമായ ഒരു അവബോധം (അവരുടെ സാന്നിദ്ധ്യത്തെക്കുറിച്ചുള്ള അവബോധം) സ്നേഹത്തോടു കൂടിയ ബന്ധം)
2. സ്നേഹത്തിന് അനുയോജ്യമായ നല്ല മനോഭാവങ്ങൾ. നന്മ ചെയ്യുവാനുള്ള സന്മനസ്. ആദരവ്, ദയ മുതലായവ കലർന്നുള്ള പ്രവർത്തികൾ.
3. ക്ഷമിക്കാനുള്ള – അനുരഞ്ജനത്തിനുള്ള കഴിവ്
4. ദാരിദ്ര്യത്തിന്റെ ചൈതന്യം – പങ്കുവയ്ക്കാനുള്ള മനോഭാവം
5. അധ്വാനശീലം. ചെയ്യുന്ന ജോലി നന്നായി ചെയ്യുക. (every work is a service) എല്ലാം സഹോദരർക്കുവേണ്ടി ചെയ്യുന്ന ശുശ്രൂഷയാണ്.
6. മദ്ധ്യസ്ഥപ്രാർത്ഥനയ്ക്കുള്ള ആഭിമുഖ്യം.

പ്രാർത്ഥനയെന്നുള്ളത് ഒരു അനുഭവമായി മാത്രം ഒതുക്കി നിർത്തരുത്. അത് അപകടമാകാം. പ്രാർത്ഥന ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും ഒരു ജീവിതമാണ്. പരസ്നേഹം പ്രവൃത്തിയിൽ കൂടി പൂർണമാകണം.

www.malankaralibrary.com

**പ്രാർത്ഥന ഒരു ദൈവീകദാനമാണ്. Prayer is a gift of God**

പ്രാർത്ഥനയുടെ വരത്തിനായി പ്രാർത്ഥിക്കണം. കാരണം അത് ദൈവീകദാനമാണ്.

**പ്രായോഗിക നിർദ്ദേശങ്ങൾ**

3 തലങ്ങളിൽ പ്രാർത്ഥിക്കണം

1. വ്യക്തിപ്രാർത്ഥന (വ്യക്തിഗതപ്രാർത്ഥന)
2. കുടുംബപ്രാർത്ഥന (സമൂഹപ്രാർത്ഥന)
3. ആരാധനക്രമ പ്രാർത്ഥന

**ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

a. വ്യക്തിഗതപ്രാർത്ഥനയ്ക്കായി എല്ലാ ദിവസവും കുറെ സമയം നീക്കി വയ്ക്കണം. 'Keep the order and the order will keep you'. ഒരു ക്രമം ആവശ്യമാണ്. കുർബാനയ്ക്ക് ഒരു ക്രമം. പ്രാർത്ഥനയ്ക്ക് ഒരു ക്രമം.

1. ദൈവസാന്നിദ്ധ്യബോധം (ഏകാഗ്രതയിലേക്ക് വരിക) – (ദൈവത്തിങ്കലേക്ക്) സംഭാഷണം 2 വ്യക്തികൾ തമ്മിലാണ്. ദൈവവുമായുള്ള സംഭാഷണത്തിൽ ദൈവത്തിന്റെ സാന്നിദ്ധ്യം അനുഭവിച്ചറിയണം.
2. ദൈവത്തിന് സ്തുതി, കൃതജ്ഞത, ആരാധന ഇവയ്ക്കായി സമയം മാറ്റിവയ്ക്കണം. നന്മയെ ഏറ്റ് പറയുക. ലഭിച്ച നന്മയെ ഓർക്കുക.
3. പാപബോധം ഉണർത്തി മാപ്പ്<br>അനുതാപം – പശ്ചാത്താപം–പരിഹാരം ഇവ ഉണ്ടാകണം
4. സഹോദരങ്ങളോട് അനുരഞ്ജനപ്പെടുക.
5. ദൈവവചനം ശ്രവിക്കുക
6. ജീവിതാനുഭവങ്ങൾ ദൈവവുമായി പങ്കുവയ്ക്കുക (ജീവിതപങ്കാളിയുമായി). അനുഭവത്തിലൂടെ ദൈവം എങ്ങനെ നമ്മോട് സംസാരിക്കുന്നുവെന്ന് മനസിലാക്കുക.
7. യാചനാപ്രാർത്ഥന
8. മദ്ധ്യസ്ഥപ്രാർത്ഥന

} ഇവ പ്രധാനപ്പെട്ട ഘടകമാണ്. യാചനയിൽ മാത്രം ഒതുക്കരുത്

9. ദൈവത്തിന് നന്ദി പറഞ്ഞ് അവസാനിപ്പിക്കുക

## ധ്യാനിക്കാൻ

മനസിലാക്കിയ – പഠിച്ച കാര്യങ്ങളിലൂടെ നിങ്ങളുടെ പ്രാർത്ഥനാജീവിതത്തെ സംബന്ധിച്ച് തീരുമാനങ്ങൾ എടുക്കുക.

www.malankaralibrary.com

# XI

# വചനാധിഷ്ഠിത പ്രബോധനങ്ങൾ

**മത്താ.6:5-15 –** യഹൂദരുടെയിടയിലുണ്ടായിരുന്ന കപടഭക്തിയിൽ നിന്ന് അകന്ന് നിൽക്കാൻ യേശു നമ്മെ ഉദ്ബോധിപ്പിച്ചു. അവർ കൃത്യ സമയത്ത് എവിടെയായിരുന്നാലും പ്രാർത്ഥിക്കുമായിരുന്നു. ജറുസലേ മിനെ നോക്കിയാണ് പ്രാർത്ഥിച്ചിരുന്നത്.

വീടിന്റെ കിളിവാതിൽ ജറുസലേമിലേക്ക് തുറക്കുന്നവയായിരുന്നു. സാറാ പ്രാർത്ഥിച്ചപ്പോൾ (തോബിത്ത്) മുകളിൽ കിളിവാതിൽക്കൽ പോയിയാണ് പ്രാർത്ഥിച്ചത്.

യേശു നമ്മേ പഠിപ്പിക്കുന്നു ആത്മാർത്ഥതയോടെ പ്രാർത്ഥിക്ക ണം. അതുകൊണ്ടാണ് മുറിയിൽ കടന്ന് കതകടച്ച് പ്രാർത്ഥിക്കാൻ പറഞ്ഞത്. മൂലഭാഷയിൽ (ഗ്രീക്ക്) താമയോൻ (Tameion) എന്നാണ്. എന്നുപറഞ്ഞാൽ (Inner room) അകത്തെ മുറിയെന്നാണ്. എന്നിട്ട് നിന്റെ കതകടക്കാനാണ് പറഞ്ഞിരിക്കുന്നത്. അത് അർത്ഥമാക്കുന്നത് 'ഏകാഗ്രത' എന്നാണ്. ഏക അഗ്രം – ദൈവം

സ്നേഹസാന്നിദ്ധ്യം – യോഹ. 14:23 –ജീവിതത്തിൽ ഏകാഗ്രത ഉണ്ടെങ്കിലേ പ്രാർത്ഥനയിൽ ഏകാഗ്രത കിട്ടുകയുള്ളൂ. അതിന് എല്ലാം ദൈവത്തിൽ അർപ്പിച്ചുകൊണ്ട്– പൂർണ്ണമായി സമർപ്പിച്ചുകൊണ്ട് വേണം പ്രാർത്ഥിക്കാൻ അപ്പോൾ ഏകാഗ്രത ലഭിക്കും. കലുഷിതമായിരിക്കുന്ന നമ്മുടെ മനസ് നമ്മുടെ പ്രശ്നങ്ങളിൽ ആയിരിക്കും. പ്രശ്നങ്ങൾ കടൽ പോലെ ഇളകിമറിഞ്ഞുകൊണ്ടിരുന്നാൽ പ്രാർത്ഥനയിൽ ഏകാഗ്രത ലഭിക്കില്ല. അതിനാൽ എല്ലാം ദൈവത്തിൽ സമർപ്പിക്കുക.

ഞാൻ ദൈവത്തെ സ്നേഹിച്ചാൽ ദൈവം എന്നിൽ വസിക്കും. നാം കണ്ടതാണ് യോഹ.14:23. ഞാൻ ദൈവത്തിലും ദൈവം എന്നിലു മായാൽ ദൈവാനുഭവത്തിൽ പ്രാർത്ഥിക്കാൻ പറ്റും.

**ക്രമാതീതമായ ആഗ്രഹങ്ങളെ നിയന്ത്രിക്കുക**

ജഡികാഭിലാഷങ്ങളെ ത്യജിക്കണം. ജീവിതവ്യഗ്രതകൾ ദൈവത്തിന് സമർപ്പിക്കണം. ജീവിതവ്യഗ്രതകൾ ദൈവത്തിന് സമർപ്പിക്കുക. വിജാ

www.malankaralibrary.com

തിയർക്കുള്ള അപകടം അതിഭാഷണമാണ്. അതിനാൽ നാം പ്രാർത്ഥനയിൽ അതിഭാഷണം ത്യജിക്കണം.

മത്താ. 7:7–11 – **ചോദിക്കുവിൻ; അന്വേഷിക്കുവിൻ; മുട്ടുവിൻ.**

ദൈവത്തിനറിഞ്ഞു കൂടാഞ്ഞിട്ടല്ല ചോദിക്കുന്നത്. ദൈവമനുഷ്യബന്ധത്തിൽ വളരുന്നതിന് ഇത് സഹായിക്കുന്നു. ദൈവത്തെ കണ്ടെത്തുവാനും ഇത് സഹായിക്കുന്നു. പ്രാർത്ഥനയുടെ അത്യന്തികമായ ലക്ഷ്യം കണ്ടുമുട്ടലാണ്. മുട്ടുവിൻ തുറക്കും. ഈ ബന്ധത്തിലേയ്ക്കുള്ള തുറവിയാണ് മുട്ടുമ്പോൾ തുറക്കുന്നത്.

**നാം പ്രാർത്ഥിക്കുമ്പോൾ മടുപ്പ് തോന്നരുത്**

ശല്യം തീർക്കാനായി വിധവക്ക് നീതി നടത്തിക്കൊടുത്ത ന്യായാധിപൻ. ലൂക്കാ 18:1–8 ഭഗ്നാശരാകാതെ എപ്പോഴും പ്രാർത്ഥിക്കണമെന്ന് കാണിക്കാനുള്ള ഒരു ഉപമയാണ് ഇത്.

സ്ഥിരതയോടെ പ്രാർത്ഥിക്കണം. ദൈവത്തിന്റെ സമയവും നമ്മുടെ സമയവുമായി ചേർന്ന് പോകില്ല. എന്നാൽ ദൈവത്തിന്റെ സമയത്തും, നമ്മുടെ നന്മയായതും ദൈവം സാധിച്ചുതരും. നമ്മേക്കാൾ കൂടുതൽ ദൈവം നമ്മെ സ്നേഹിക്കുന്നുണ്ട്.

ദൈവത്തിന്റെ ആത്മാവിനെ തന്നെ ദൈവം നമുക്ക് നൽകും. യേശുവിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽ നിന്നും ജീവജലത്തിന്റെ അരുവി ഒഴുകും.

യോഹ. 7:37–39– ദാഹം ഉണ്ടെങ്കിലേ ആത്മാവിനെ ലഭിക്കൂ.

മത്താ. 9:35:38 – ''വിളവധികം വേലക്കാർ ചുരുക്കം'' വിളവിന്റെ നാഥനോട് പ്രാർത്ഥിക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുന്നു.

മത്താ. 26:41 – ഉണർന്നിരുന്ന് പ്രാർത്ഥിക്കുക. ശാരീരികമായ ഉറക്കത്തിന്റെ കാര്യമല്ല. virtue വിനെക്കുറിച്ച് –നന്മയെക്കുറിച്ച്. കർത്താവിന്റെ സാന്നിദ്ധ്യത്തിലേക്കുള്ള ഉണർവ്വാണ് ആവശ്യം.

ഗത്സമനിയിൽ കർത്താവ് പ്രാർത്ഥിച്ച് പ്രലോഭനങ്ങളെ അതിജീവിച്ചു. ശിഷ്യന്മാർക്ക് അത് ഉപദേശിച്ചുകൊടുത്തു. പ്രലോഭനങ്ങളിൽ ഉൾപ്പെടാതിരിക്കുവാൻ ഉണർന്നിരുന്ന് പ്രാർത്ഥിക്കുക.

ലൂക്ക 4:3–4 –പിശാചിനാൽ പരീക്ഷിക്കപ്പെടുന്നു.

മർക്കോ.9:29 – പിശാചിനെ ബഹിഷ്ക്കരിക്കാൻ എന്തു ചെയ്യണമെന്ന് പഠിപ്പിക്കുന്നു.

മർക്കോ. 11:24–26– പ്രാർത്ഥന കേൾക്കപ്പെടുവാൻ എന്തു ചെയ്യണമെന്ന് പഠിപ്പിക്കുന്നു. പ്രാർത്ഥിക്കുകയും യാചിക്കുകയും ചെയ്യുന്നതെന്തും ലഭിക്കും. പക്ഷെ നാം എന്തുചെയ്യണമെന്ന് പറയുന്നു. ഇക്കാര്യങ്ങളാണ്

www.malankaralibrary.com

ചെയ്യാനുള്ളത്.

a. വിശ്വസിക്കുക

b. ക്ഷമിക്കുക

വിശ്വാസം ദൈവത്തിന്റെ ദാനമായതുകൊണ്ട് വിശ്വാസം വർദ്ധിപ്പിക്കുവാനായിട്ട് നാം പ്രാർത്ഥിക്കണം. നാം അൽപവിശ്വാസികളാണ്. യേശു തന്നെ ശിഷ്യന്മാരെ വിളിച്ചിരുന്നത് 'അൽപവിശ്വാസികളേ' എന്നാണ്.

നമ്മുടെ കണക്കുകൂട്ടലുകളും ദൈവത്തിന്റെ പ്രവർത്തനവും ഒന്നിച്ച് പോകണമെന്നില്ല. ദൈവത്തിന്റെ സ്നേഹം നമുക്ക് മനസിലാക്കാൻ പ്രയാസമാണ്. ദൈവത്തിന് മാറ്റം വരില്ല. അതിനാൽ ദൈവസ്നേഹത്തിനും മാറ്റം വരില്ല.

God is love ഒരിക്കലും അതിന് മാറ്റമില്ല. മാനുഷികമായ ചിന്തയാണ്. ദൈവം കോപിച്ചു, ദുഃഖിച്ചു, പരിതപിച്ചു. Anthropological presentation of God

പുറ.6:6
ലൂക്കാ 18:1-8, 9-11 - parables of contrast

ഇവിടെ 1-8 വരെ മടുപ്പ് തോന്നാതെ പ്രാർത്ഥിക്കാനും
9-11 വരെ സ്വയം നീതീകരിക്കാതെ പ്രാർത്ഥിക്കാനും

യേശു പഠിപ്പിക്കുകയാണ്. 1-8 - മടുപ്പ് തോന്നാതെ പ്രാർത്ഥിക്കണം. കർത്താവ് സന്തോഷത്തോടെ, നമ്മുടെ ആവശ്യങ്ങൾ മനസിലാക്കി 7-ാം വാക്യത്തിലെ വേഗം നീതി നടത്തിത്തരും. കാലവിളംബം വരുത്താതെ നമ്മുടെ ആവശ്യങ്ങൾ നടത്തിത്തരും. parables of contrast ആണ് ഇവിടെ കാണുന്നത്. 9-11ൽ ഫരിസേയന്റെ പ്രാർത്ഥനയിൽ പ്രാരംഭം വലിയ തെറ്റില്ല. പക്ഷെ അവന്റെ അടുത്തു നിൽക്കുന്ന ചുങ്കക്കാരനെ താഴ്ത്തി സംസാരിക്കുന്നു. അഹങ്കാരം അവിടെ വന്നു.

എളിമയുടെ സഹോദരസ്നേഹവും നാം അവിടെ കാണുന്നില്ല. ഏറ്റവും അത്യാവശ്യമായ രണ്ടു ഘടകങ്ങളാണ് എളിമയും സഹോദരസ്നേഹവും. അങ്ങനെയെങ്കിൽ എങ്ങനെ പ്രാർത്ഥിക്കണമെന്ന് യേശു പഠിപ്പിക്കുന്നു.

ചുങ്കക്കാരന്റെ മനോഭാവത്തിൽ- പാപബോധത്തോടെ- നാം പ്രാർത്ഥിക്കണം. ദൈവതിരുമുൻപാകെ നാം പാപികളാണെന്നുള്ള യാഥാർത്ഥ്യബോധം ഉണ്ടാകണം. എളിമയോടെ നാം ദൈവതിരുമുമ്പിൽ നിൽക്കണം. 1 പത്രോ.5:6ലും ഇതുതന്നെ നാം കാണുന്നു.

യോഹ. 14:13-14; 15:7, 16, 16:23-24. യേശുവിന്റെ നാമത്തിൽ പ്രാർ

www.malankaralibrary.com

ത്ഥിക്കുകയെന്നു പറഞ്ഞാൽ യേശുവിലുള്ള ഐക്യത്തിൽ എന്നാണ്. യേശുവിൽ വസിക്കുന്ന സമയത്ത്- അരൂപിയിലുള്ള ഐക്യമാണ് ഇ വിടെ സൂചിപ്പിക്കുന്നത്.

യേശുവിന്റെ അരൂപി സഭയിലാണ്. അതിനാൽ നാം സഭയോട് ചേർ ന്ന് പ്രാർത്ഥിക്കണം.

സഭ പ്രാർത്ഥിക്കുമ്പോൾ യേശു പ്രാർത്ഥിക്കുന്നു. സഭാത്മക ജീവി തത്തിന്റെ ഏറ്റവും വലിയ പ്രകാശനം വി. കുർബാനയാണ്. അതിനാൽ ഏറ്റവും വലിയ പ്രാർത്ഥന വി.കുർബാനയാണ്.

ഗലാ. 3:27-28 യേശുവിൽ ഒന്ന്.

മാമ്മോദീസാ സ്വീകരിച്ച നിങ്ങൾ എല്ലാവരും യേശുവിൽ ഒന്നാണ്. ഈ ഒന്ന് എന്ന് പറയുന്നത് എല്ലാവരും യേശുവിൽ ലയിച്ച് ചേർന്ന് യേശുവായി കാണുന്നു. ദൈവം നോക്കുമ്പോൾ എല്ലാം കൂടിച്ചേർന്ന് യേശുവായി കാണുന്നു. അതുകൊണ്ടാണ് ഞാൻ മാറിനിന്ന് നിങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കേണ്ടതില്ല. പിതാവു തന്നെ നിങ്ങളെ സ്നേഹിക്കുന്നു. പിതാവ് പുത്രനിൽ ഒന്നായ നിങ്ങളെ കാണുന്നു (യോഹ. 16:26-27).

**ധ്യാനിക്കാൻ:**

1) കപടഭക്തി എന്നിൽ ഉണ്ടോ?
2) പ്രാർത്ഥിക്കുമ്പോൾ മടുപ്പ് അനുഭവപ്പെടുന്നുണ്ടോ?

www.malankaralibrary.com

# XII

# എന്റെ ജീവിതത്തിലെ അവിസ്മരണീയമായ പ്രാർത്ഥനാനുഭവം

1981 മേയ് മാസം 14-ാം തീയതി 10 മണിക്ക് ശേഷം വത്തിക്കാനിലെ സെന്റ് പീറ്റേഴ്സ് ബസലിക്കായിൽ ഞാൻ സന്ദർശനം നടത്തുമ്പോൾ പള്ളിയിൽ സ്ഥാപിച്ചിരിക്കുന്ന പിയാത്തോയ്ക്കു മുൻപിൽ ഞാൻ നിന്നു. PIETA (michlangelo's Pieta) 1499-ൽ മൈക്കലാഞ്ചലോയെന്ന 23 കാരൻ ആദ്യം രൂപപ്പെടുത്തിയതാണ് പിയാത്ത. ഒരു വലിയ മാർബിൾ കഷണത്തിൽനിന്നും ഒരു വർഷത്തിനുമേൽ പണിത് രൂപപ്പെടുത്തിയതാണ് ഈ പിയാത്ത.

കുരിശിൽനിന്നും ഇറക്കിയ യേശുവിന്റെ ചേതയനയറ്റ ശരീരം പരി. അമ്മയുടെ മടിയിൽ കിടക്കുന്ന, എന്നാൽ ജീവൻ തുടിക്കുന്ന ഒരു രൂപമാണ് പിയാത്ത. ഞാൻ മിനിറ്റുകളോളം അവിടെ തന്നെ നിന്നു. ജീവൻ തുടിക്കുന്ന ആ അമ്മയുടെ മടിയിൽ കിടക്കുന്ന യേശുവിന്റെ ചേതനയറ്റ ശരീരം എന്നെ ഒത്തിരി ആകർഷിച്ചു. ആ സംഭവങ്ങൾ എല്ലാം അപ്പോൾ നടക്കുന്നതുപോലെ എനിക്ക് അനുഭവപ്പെട്ടു. അമ്മയുടെ തകരുന്ന ഹൃദയം. യേശുവിന്റെ ശരീരം മടിയിൽ കിടക്കുമ്പോൾ ആ ഹൃദയം എന്തു മാത്രം വേദനിച്ചുകാണും. ഇതെല്ലാം ചിന്തിച്ചുകൊണ്ട് അതും നോക്കിനിന്നപ്പോൾ എന്തൊക്കെയോ വലിയ അനുഭവമാണ് എനിക്കുണ്ടായത്. ഏതാനും മിനിറ്റുകൊണ്ട് ഒരു വലിയ ധ്യാനത്തിൽ പങ്കെടുത്ത അനുഭവം എനിക്കുണ്ടായി. എന്റെ കണ്ണ് നിറഞ്ഞുകവിഞ്ഞ അനുഭവമായിരുന്നു. അത് എനിക്ക് വലിയ പ്രാർത്ഥനാനുഭവമായിരുന്നു.

പിന്നെ എന്നെ ആകർഷിച്ചത് സിസ്റ്റേൻ ചാപ്പലിന്റെ സീലിംഗിൽ മൈക്കിൾ ആഞ്ചലോ വരച്ച ചിത്രങ്ങളായിരുന്നു. ആ മനോഹര ചിത്രങ്ങൾ കാണുമ്പോഴും ഓരോന്നും ആ സംഭവങ്ങൾ മനസിൽ പതിപ്പിക്കുമായിരുന്നു. 1508 ൽ വരച്ചതാണ് ആ ചിത്രങ്ങൾ.

എല്ലാവർക്കും പ്രാർത്ഥന ഒരു അനുഭവമായി തീരട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

www.malankaralibrary.com

# സമാപനസന്ദേശം

""The family that prays together stays together''

ദൈവാനുഭവവും പ്രാർത്ഥനാനുഭവവും ലഭിക്കാത്ത കുഞ്ഞുങ്ങൾ വഴിതെറ്റുന്നു. ക്രിസ്തീയ കുടുംബങ്ങൾ ബലിയർപ്പണ വേദിയാകണം. പക്ഷെ ബലിജീവിതമില്ലാത്ത ബലിയർപ്പണം നിരർത്ഥകമാണ്. ബലി അർപ്പണവും ബലിജീവിതവും ഒന്നിച്ച് പോകണം. രണ്ടും കൂടിച്ചേർന്നാലേ പൂർണതയുണ്ടാകൂ. വിളി ലഭിച്ചപ്പോൾ ഏതവസ്ഥയിലായിരുന്നോ? അതുതന്നെ തുടരണം. കല്പന അഭംഗുരം പൂർത്തിയാക്കുകയും വേണം. ദൈവവുമായുള്ള ഉടമ്പടിയാണ് അത് ''പരിഛേദിതനോ അപരിഛേദിതനോ എന്ന് നോക്കേണ്ടാ. ദൈവകല്പനകൾ പാലിക്കുകയെന്നതാണ് പ്രധാനം'' (1 കോറി. 7:19). യേശു നമുക്ക് തന്നിരിക്കുന്ന ഒരു കല്പന സ്നേഹത്തിന്റെ കല്പനയാണ്. ''ഞാൻ പുതിയൊരു കല്പന നിങ്ങൾക്ക് നൽകുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ'' (യോഹ.13:34).

## തകരുന്ന കുടുംബങ്ങൾ

ഇന്ന് കാണുന്ന കുടുംബത്തകർച്ചക്ക് കാരണം പരസ്പര വിശ്വാസം നഷ്ടപ്പെടുന്നതും പരസ്പരമുള്ള സ്നേഹത്തിൽ വിള്ളൽ അനുഭവപ്പെടുന്നതുമാണ്. കുഞ്ഞുങ്ങൾക്ക് നല്ല മോഡലാകാൻ മാതപിതാക്കൾക്ക് കഴിയാതെ വരുന്നതുമാണ്. പ്രാർത്ഥനാജീവിതത്തിൽ വരുന്ന പാളിച്ചയാണ് മാതാപിതാക്കളിൽ സ്നേഹക്കൂട്ടായ്മ നഷ്ടമാകുന്നത്. അതു കുഞ്ഞുങ്ങളെ സ്വാധീനിക്കുന്നു. കുഞ്ഞുങ്ങൾക്ക് നല്ല പരിശീലനം ലഭിക്കാതെ പോകുന്നു. പരസ്പര വിശ്വാസത്തിലും കൂട്ടായ്മയിലും പങ്കുവയ്ക്കലിലും, സ്നേഹത്തിലും വളർന്നുവരുവാൻ അവർക്ക് സാധിക്കാതെവരുന്നത് മാതാപിതാക്കൾ നല്ല മാതൃകയാകാത്തതാണ്. ഒരിറ്റ് സ്നേഹത്തിന് ദാരിദ്ര്യം വന്നാൽ തകർച്ചയാകും ഫലം. കുഞ്ഞുങ്ങളിൽ വളർന്നു വരേണ്ട സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും വേരുകൾ അറ്റുപോകുന്നതുവഴി അന്യമതത്തിലും വിശ്വാസത്തിലുമുള്ളവരുമായി സ്നേഹബന്ധത്തിലാകുകയും അത് വിവാഹബന്ധ

www.malankaralibrary.com

ത്തിലേക്ക് നയിക്കുകയും കാലക്രമേണ അതു തകരുകയും ലൈംഗി കാരാജകത്വത്തിലേക്ക് മൂക്കുകുത്തുകയും അതിന്റെ തിക്തഫലങ്ങൾ അനുഭവിക്കേണ്ടിയും വരുന്നു. എന്താണ് ഇതിന്റെയെല്ലാം കാരണമെന്ന് ചിന്തിച്ചാൽ മനസിലാകുന്നത് പ്രാർത്ഥനാജീവിതത്തിൽ വരുന്ന പാളി ച്ചകളും തകർച്ചയുമായിരിക്കും. ''ഒന്നിച്ച് പ്രാർത്ഥിക്കുന്ന കുടുംബം ഒന്നിച്ച് നിലനിൽക്കും'' ''The family that prays together stays together''.

## ആദിമ ക്രൈസ്തവകുടുംബങ്ങൾ

ആദിമക്രൈസ്തവസമൂഹത്തെയും, കുടുംബങ്ങളെയും ദൈവ ചൈതന്യത്തിലും, ദൈവാനുഭവത്തിലും താങ്ങിനിർത്തിയിരുന്നത് അവരുടെ പ്രാർത്ഥനാകൂട്ടായ്മയും, പ്രാർത്ഥനയിൽ അടിയുറച്ച വി ശ്വാസവും, പരസ്പരസ്നേഹവും, പങ്കുവയ്ക്കലും ഒക്കെയായിരുന്നു. ഇന്ന് കുടുംബങ്ങളിൽ പ്രാർത്ഥന കുറഞ്ഞു. പരസ്പരവിശ്വാസവും പങ്കുവയ്ക്കലും കുറഞ്ഞു. തൽഫലമായി വിശ്വാസവും പ്രാർത്ഥനാ നുഭവവും ഇല്ലാതായി അഥവാ കുറഞ്ഞുപോയി. അതിനാൽ പഴയ ജീ വിതശൈലിയിലേക്ക് നാം തിരികെ വരേണ്ടിയിരിക്കുന്നു.

### ഇന്ന് പരിശുദ്ധാത്മാവിന്റെ പ്രവർത്തനം കുടുംബങ്ങളിൽ കുറഞ്ഞു.

ഇന്ന് പരിശുദ്ധാത്മാവ് കുടുംബങ്ങളിൽ പ്രവർത്തിക്കാൻ നാം അനുവദിക്കുന്നില്ല. സ്നേഹം ഇല്ലാത്തിടത്ത് പരിശുദ്ധാത്മാവിന് പ്രവർത്തിക്കാൻ സാധിക്കില്ല. കാരണം പരിശുദ്ധാത്മാവ് സ്നേഹമാ ണ്. പിതാവിന്റെയും പുത്രന്റെയും സ്നേഹത്തിൽ നിന്നാണല്ലോ പരി ശുദ്ധാത്മാവ് പുറപ്പെടുന്നത്.

## എല്ലാം ദൈവത്തിനു സമർപ്പിക്കുക

## We should carry everything to God in prayer

നമ്മളേയും നമുക്കുള്ളതും എല്ലാം പ്രാർത്ഥനയിൽ ദൈവത്തിന് സമർപ്പിക്കാം. നാം പ്രാർത്ഥിക്കുമ്പോൾ ദൈവം നമ്മോടുകൂടെയുണ്ടെ ന്നും അവിടുത്തെ സന്നിധിയിലാണ് നാം പ്രാർത്ഥിക്കുന്നതെന്നും അതിനാൽ വളരെ അച്ചടക്കത്തോടെയും, ഭക്തിയോടെയും, ആദരവോ ടെയും കൂടെ വേണം പ്രാർത്ഥനയിൽ പങ്കെടുക്കാനെന്ന് കുഞ്ഞുങ്ങ ളെ ചെറുപ്പം മുതലേ പറഞ്ഞ് പഠിപ്പിച്ചാൽ മൂത്ത കുട്ടികൾ ഇളയവർ ക്ക് മാതൃകയായിരിക്കും. മൂത്തകുട്ടികൾ മാതാപിതാക്കളിൽ നിന്നും ഇതു പഠിക്കണം. പ്രാർത്ഥനയിൽ നമ്മുടെ ആവശ്യങ്ങളും ദുഃഖങ്ങളും ദൈവത്തിന് സമർപ്പിക്കാം. നമുക്ക് ലഭിച്ച അനുഗ്രഹങ്ങൾക്കും കൃപ കൾക്കും നന്ദിപറയാം. അതുപോലെ മറ്റുള്ളവരുടെ ആവശ്യത്തിനായി മധ്യസ്ഥപ്രാർത്ഥന നടത്താം. കണ്ണീരോടെയുള്ള പ്രാർത്ഥന ദൈവസ ന്നിധിയിൽ പ്രീതികരമാണ്. നമ്മുടെ കണ്ണീർ അവിടുന്ന് കുപ്പികളിൽ ശേഖരിക്കുന്നുണ്ട്.

www.malankaralibrary.com

## എന്റെ മാതാപിതാക്കളുടെയും വല്യപ്പന്മാരുടെയും പ്രാർത്ഥന

വല്യപ്പച്ചൻ പ്രാർത്ഥനയ്ക്ക് ആരംഭം ഇട്ടാൽ സംസാരിച്ചുകൊണ്ടിരിക്കുന്നവർ പെട്ടെന്ന് നിർത്തും. പൂർണനിശബ്ദത. സ്ത്രീകൾ എന്തെങ്കിലും ഒരു തുണി തപ്പിയെടുത്ത് തലയിലിട്ട് അടുത്ത മുറിയിൽ ഒന്നിച്ചുകൂടും. അതുപോലെ പുരുഷന്മാരും. തിണ്ണയിൽ ആകും അവർ ഒന്നിച്ച് ഇരിക്കുക. എല്ലാവരും കൂടിയുള്ള പ്രാർത്ഥന (യാമപ്രാർത്ഥന) വളരെ ഭക്തിയോടെയും ചിട്ടയോടെയും ചെയ്യും. ആരംഭത്തിൽ പാട്ട് പാടിയില്ലെങ്കിൽ അവസാനം പാടും. ബൈബിൾ വയനയും കാണും. അതുകഴിഞ്ഞ് സ്വയംപ്രേരിത പ്രാർത്ഥനയിൽ ദൈവത്തിന് നന്ദി പറയുകയും ലഭിച്ച അനുഗ്രഹങ്ങൾ ഓർക്കുകയും ചെയ്യും. ആരംഭം മുതൽ അവസാനം വരെ കണ്ണീരോടെയുള്ള പ്രാർത്ഥന. അത് ഇന്നും എന്നെ ഒത്തിരി സ്വാധീനിക്കുന്നു. എന്റെ അമ്മ പ്രാർത്ഥിക്കുമ്പോൾ അംഗഭംഗം ഇല്ലാതെ കുഞ്ഞുങ്ങളെ തന്നതിനെ ഓർത്ത് നന്ദിപറയുന്നത് ഞാൻ ഇപ്പോഴും ഓർക്കുന്നു.

ഞാൻ പോകാത്ത രാജ്യങ്ങൾ ഇല്ലെന്ന് തന്നെ പറയാം. എന്നാൽ കണ്ണീരോടെ പ്രാർത്ഥിക്കുന്നത് കമ്യൂണിസ്റ്റ് റഷ്യയിൽ മാത്രമേ ഞാൻ കണ്ടിട്ടുള്ളൂ. അവർ അനുഭവിച്ച മതപീഡനമാകാം കാരണം.

## നമ്മുടെ ഹൃദയം ദൈവത്തോട് ഒട്ടിനിൽക്കണം

‘‘ദൈവത്തിൽ ഹൃദയമുറപ്പിച്ചവനെ അവിടുന്ന് സമാധാനത്തിന്റെ തികവിൽ സംരക്ഷിക്കുന്നു’’ (ഏശയ്യാ. 26:3). പ്രാർത്ഥനയിലൂടെയാണ് നാം നമ്മുടെ ഹൃദയത്തെ ദൈവത്തിൽ ഉറപ്പിക്കുക. ചുരുക്കത്തിൽ പ്രാർത്ഥനയിലൂടെ നാം ദൈവവുമായി ബന്ധപ്പെടുമ്പോഴാണ് നമ്മുടെ ജീവിതം യഥാർത്ഥത്തിൽ ഊർജ്ജസ്വലവും ചൈതന്യപൂർണ്ണവുമായി തീരുന്നത്. നമ്മിൽ അന്തർലീനമായിരിക്കുന്ന നന്മയുടെ ശക്തി ഫലം പുറപ്പെടുവിക്കുന്നതും അപ്പോൾ മാത്രമാണ്.

മനുഷ്യജീവിതത്തിൽ പ്രാർത്ഥനയുടെ ശക്തി മനസിലാക്കിയവന് പ്രാർത്ഥിക്കാതിരിക്കാൻ കഴിയില്ല. പ്രാർത്ഥനയിൽ അനുഭവം ലഭിക്കുന്നതിന് അനുസരിച്ച് നാം ഇടവിടാതെ പ്രാർത്ഥിക്കും. ദൈവത്തിന്റെ അനുഗ്രഹങ്ങൾ നദിപോലെ നമ്മിലേക്ക് ഒഴുകിയെത്തുക തന്നെ ചെയ്യും. കരുണയുടെ വാതിൽ നമുക്കായി ദൈവം എപ്പോഴും തുറന്നിട്ടിരിക്കുന്നു. പ്രാർത്ഥനയിലൂടെ നമുക്ക് ആ വാതിലിലൂടെ ദൈവസന്നിധിയിലേക്ക് കയറിച്ചെല്ലാം. നമുക്കായി കാത്തിരിക്കുന്ന മണവാളന്റെ അടുത്തേക്ക് കയറിച്ചെന്ന് മണവറയിൽ മണവാളനോടു ചേരാം.

ദൈവത്തിനു മഹത്വം, ആമ്മീൻ!

ജോസഫ് ചക്കാലമുറിയിൽ

www.malankaralibrary.com

പിതാവേ, അങ്ങേയ്ക്ക് ഇഷ്ടമെങ്കിൽ ഈ പാനപാത്രം
എന്നിൽ നിന്ന് അകറ്റണമേ. എങ്കിലും എന്റെ ഹിതമല്ല,
അവിടുത്തെ ഹിതം നിറവേറട്ടെ. (ലൂക്ക. 22:42)



## പ്രാർത്ഥനാ മലരുകൾ!

നമ്മുടെ പ്രാർത്ഥന ദൈവസന്നിധിയിൽ അർപ്പിക്കുന്ന പുഷ്പങ്ങളായി സങ്കൽപിച്ചാൽ നമ്മുടെ പ്രാർത്ഥനയിൽ നമ്മുടെ ജീവനും, ആത്മാവും, ഹൃദയവും, മനസും സമന്വയിപ്പിച്ചിട്ടുണ്ടെങ്കിൽ ആ അർപ്പണ മലരുകൾ താഴേക്ക് പതിക്കാതെ ദൈവത്തിന്റെ തൃപ്പാദത്തിൽതന്നെ ചെന്നുചേരും. ആ ഓരോ പുഷ്പത്തിലും നമ്മുടെ രൂപം ദൈവത്തിന് കാണാൻ പറ്റും. അങ്ങനെ ദൈവം നമ്മെ ഓർക്കാനും, നമ്മുടെ പ്രാർത്ഥന ദൈവം ശ്രവിക്കുന്നതിനും ഇടയാകും.

www.malankaralibrary.com

"അവൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ സ്വർഗ്ഗം തുറക്കപ്പെട്ടു. പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ അവന്റെമേൽ ഇറങ്ങിവന്നു. സ്വർഗ്ഗത്തിൽ നിന്ന് ഒരു സ്വരവും ഉണ്ടായി: നീ എന്റെ പ്രിയപുത്രൻ, നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" (ലൂക്ക. 3:21-22)





# പ്രാർത്ഥനാമലർ

## പ്രാർത്ഥനയ്ക്കൊരു വഴികാട്ടി

**ജോസഫ് ചക്കാലമുറിയിൽ** MA (RSc.)

പ്രാർത്ഥിക്കുന്ന കുടുംബം ദൈവത്തിൽ ആശ്രയിക്കുന്ന കുടുംബം. "കർത്താവിൽ ആശ്രയിക്കുന്ന കുടുംബം ആറ്റുതീരത്ത് നട്ട മരംപോലെയാണ്" (ജെറ. 17:7-8)

പ്രാർത്ഥനയുടെ നിയമം ജീവിതത്തിന്റെ നിയമം! എന്ന തത്വമായിരിക്കണം കുടുംബജീവിതത്തിലും അവലംബിക്കാൻ. വിശ്വാസത്തിൽ ജീവിക്കുവാൻ പ്രാർത്ഥനയുടെ ശക്തി ആവശ്യമാണ്.

പ്രാർത്ഥനയുടെ നിയമം ആണ് വിശ്വാസത്തിന്റെ നിയമം.

ചുരുക്കത്തിൽ, പ്രാർത്ഥന വിശ്വാസത്തെയും വിശ്വാസം പ്രാർത്ഥനയേയും ശക്തിപ്പെടുത്തണം. ഇവ പരസ്പര പൂരകങ്ങളാണ്.

കുടുംബജീവിതം ഒരു ബലിജീവിതമാണ്. ബലിയിൽ പ്രാർത്ഥനയ്ക്ക് വലിയ സ്ഥാനമാണുള്ളത്. യാമപ്രാർത്ഥന സഭയുടെ പ്രാർത്ഥനയാണ്. സഭയുടെ പ്രാർത്ഥനയും ദൈവാരാധനയുമാണ് കുടുംബജീവിതം നയിക്കാനുള്ള പരിശീലനക്കളരിയായി മാറേണ്ടത്.

ഇന്നത്തെ വലിയ പ്രശ്നം

1) പാപബോധം ഇല്ലായ്മ
2) വിശ്വാസത്തിൽ സംഭവിക്കുന്ന പാളിച്ചകൾ
3) പ്രാർത്ഥനാജീവിതത്തിലെ തകർച്ച

ഇവയ്ക്ക് പരിഹാരം കാണാൻ ഒരു പരിധിവരെ ഈ പുസ്തകം സഹായിക്കട്ടെ! പ്രാർത്ഥന ഒരു അനുഭവമായിത്തീരട്ടെ!